മഹാകവി

# പള്ളത്തിന്റെ കൃതികൾ



## 1–ാം വാല്യം

V. V. PRESS,
QUILON

Rs. 3

## ശ്രീദേവീഭാഗവതം.

പരാശക്തിയുടെ ദിവ്യലീലകളെ ഗദ്യപദ്യസമ്മിശ്രമായി രചിച്ചിട്ടുള്ള ഒരു പുരാണ ഗ്രന്ഥം.

വേദാന്തികൾക്കു ഉപനിഷത്സാരങ്ങൾ ഗ്രഹിക്കുന്നതിന്നും, ഭക്തന്മാൎക്കു ശിവ വിഷ്ണു ദേവീ ഗണേശാദി ദേവതകളുടെ സ്തോത്രങ്ങൾ പഠിക്കുന്നതിന്നും കഥാരസികന്മാൎക്കു ആനന്ദമന്ത്രങ്ങൾ ഉച്ചരിച്ചു അഭീഷ്ടസിദ്ധി വരുത്തണമെന്നുണ്ടെങ്കിൽ അതിന്നും അത്യുത്തമമായ ഏകായതനമാണു ഈ ഭാഗവതം. ഇതിന്നും പുറമേ, ഭൂതഗ്രഹാദിപീഡ, വിദ്യുത് പാതം മുതലായ അത്യാഹിതങ്ങളെ പരിഹരിക്കുന്നതിനുള്ള മന്ത്രതന്ത്രാദി വിധികൾ, ദീക്ഷാവിധികൾ എന്നു വേണ്ട പലേ കൎമ്മരഹസ്യങ്ങളും ധൎമ്മരഹസ്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

ഒന്നാം ഭാഗം വില രൂ. 4 ണ. 4

രണ്ടാം ഭാഗം വില രൂ. 4 ണ. 4

രണ്ടുപുസ്തകവും ഒന്നായി വാങ്ങുന്നവൎക്കു 8 രൂപാ.

## ബൃഹൽസ്തോത്രരത്നാകരം.

സാരാൎത്ഥദപ്പണവ്യാഖ്യാനസഹിതം.

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തിരഞ്ഞെടുത്തു മലയാളവ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു്. വില രൂ. 2 ണ. 4

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

ഭാഷാപ്രേമികളുടെ എല്ലാവിധ സംശയ
ങ്ങൾക്കും ഉത്തരം നൽകുന്ന

V. V. ഇംഗ്ലീഷ്—മലയാളം

ഡിക്ഷ്ണറി.

അദ്ധ്യാപകന്മാക്കും വിദ്യാൎത്ഥികൾക്കും മററു സാ
ഹിത്യ ഭക്തക്കും സ്ഥാപനങ്ങൾക്കും മററും പററിയ
ഒരുത്തമഗ്രന്ഥം. വില രൂപാ 7 അണ 8.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

വിദ്യാഭിവൎദ്ധിനി മാസിക.

(S T. റെഡ്ഡ്യാർ ആൻഡ് സൺസ് വക)

എല്ലാ ഇംഗ്ലീഷുമാസവും 10-ാംനു- പുറപ്പെടുന്നു.

എല്ലാ ലക്കത്തിലും വിജ്ഞാനപ്രദങ്ങളായ ഗദ്യ
പദ്യലേഖനങ്ങൾക്കു പുറമേ ശാസ്ത്രപംക്തി, വിനോ
ദഭാവന, ഹാസ്യഭാവന, ജോതിഷപംക്തി, ബാല
പംക്തി, വിജ്ഞാനക്കുറിപ്പുകൾ, ഗാന്ധിസൂക്തങ്ങൾ
മുതലായവ ഉൾക്കൊള്ളുന്നുണ്ട്. ഒററപ്രതി 8 ണ.

വാൎഷികവരിസംഖ്യ 5 രൂ. മാനേജർ.

ജീവരക്ഷാമണി വൈദ്യശാല.

ഞങ്ങളുടെ മേൽനോട്ടത്തിലും ഉത്തരവാദത്തിലും
നടത്തിവരുന്ന "ജീവരക്ഷാമണി വൈദ്യശാല"യിൽ
ഫലപ്രദങ്ങളായ അനവധി ദിവ്യൌഷധങ്ങൾ എ
പ്പോഴും തയാറുണ്ട്. വിശദവിവരം അടങ്ങിയ ക്യാ
റ്റ്ലാഗിനെഴുതുക:—

മാനേജർ, ജീവരക്ഷാമണി വൈദ്യശാല,

മെയിൻറോഡ്, കൊല്ലം.

## ജ്യോതിഷപുസ്തകങ്ങൾ.

| | രൂ. | ണ. |
|---|---|---|
| പ്രശ്നമാർഗ്ഗം ൧-ം ൨-ം ഭാഗം | 4 | 12 |
| ഫലദീപിക | 2 | 4 |
| ഭാവകുതൂഹലം | 1 | 8 |
| ദൈവജ്ഞവല്ലഭ | 0 | 12 |
| സ്ത്രീജാതകം | 0 | 9 |
| പഞ്ചപക്ഷിശാസ്ത്രം | 1 | 2 |
| സീതാജ്യോതിഷം | 0 | 6 |
| ബൃഹജ്ജാതകപദ്ധതി | 2 | 4 |
| പ്രശ്നഭൂഷണം | 0 | 6 |
| ജാതകാലങ്കാരം | 0 | 12 |
| സാരാവലി | 4 | 0 |
| ദശാഫലമുക്താവലി | 2 | 4 |
| ജാതകചന്ദ്രിക | 0 | 9 |
| ജ്യോതിഷസാരസംഗ്രഹം | 0 | 9 |
| ടി രണ്ടാംഭാഗം | 0 | 9 |
| ജാതകപാരിജാതകം | 2 | 4 |
| മാധവീയം | 1 | 8 |
| നക്ഷത്രപ്രകാശിക | 0 | 9 |

## തച്ചുശാസ്ത്രപുസ്തകങ്ങൾ.

| | | |
|---|---|---|
| ശില്പകൌമുദി | 0 | 12 |
| വാസ്തുവിദ്യ | 0 | 12 |
| തന്ത്രസമുച്ചയം | 0 | 12 |
| ശില്പിരത്നം | 1 | 2 |
| മനുഷ്യാലയമഹാചന്ദ്രിക | 2 | 4 |
| ശില്പവിജ്ഞാനസംഗ്രഹം | 0 | 12 |

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

മഹാകവി

# പള്ളത്തിന്റെ കൃതികൾ

## 1–ാം വാല്യം

T 61
P. 18
DHARMARAM COLLEGE LIBRARY, BANGALORE.
3939
70377

പ്രകാശകന്മാർ,
എസ്. റ്റി. റെഡ്യാർ & സൺസ്,
വി. വി. പ്രെസ്സ്—കൊല്ലം.

ഒന്നാംപതിപ്പ കാപ്പി—500.

1124.

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR
CANCELLED.

## ഇതിൽ അടങ്ങിയിട്ടുള്ള വിഷയങ്ങൾ.

സ്വാഗതം

സ്വാതന്ത്ര്യഭിക്ഷ

സത്യപ്രഭ

ഹൃദയമർമ്മരം

മധുരസ്വപ്നം

പുഷ്പവർഷം

# പൊള്ളും സഹാറയിൽ പൂഞ്ചോല.

---

(മാകന്ദമഞ്ജരി)

കാർമ്മുകിൽമാലകൾ കമ്മഭ്രൂവ്യോമത്തെ-
ദ്ദുർമ്മുഖം കാട്ടിദ്ദുഷിപ്പിക്കുന്നു!

ചെങ്കതിരെങ്ങും ചൊരിഞ്ഞ പുലർകാല-
ത്തങ്കത്തരണിയിൽനിന്നു നീളെ

പാതാളകാളിമ പാരിൽപ്പരന്നിതു;
വേതാളപാളികൾ കേളിയാടി!

ചീറിയലറുമാറാഞ്ഞിക്കടൽത്തിര-
ത്തേറിയോരൂഷ്മളനിശ്ശ്വാസങ്ങൾ

അറിട്ടുന്നില്ല; മരുത്തു മലയാദ്രി-
യേറിയാറാടിയടിക്കിലും ഹാ!

പിന്തിരിയാതെ പ്രയാണം ചെയ്തീടുകി-
ലന്തിപ്പൂന്തിങ്കളമൃതൊഴുക്കും.

നൈരാശ്യമേലായ്ക! നേരായ സൗരഭ്യ-
സാരാംശം പാരാകെ വീശിക്കൊള്ളും.

ബന്ധനം ഭേദിക്കും; മൊട്ടു വികസിക്കും
ബന്ധുരസൂനമായ് സോദരരേ!

പൊള്ളും സഹാറയിൽ പൂഞ്ചോല കണ്ടിടാം!
മുള്ളുകൾക്കുള്ളിൽ മലർക്കുലയും.

മോഹനകാന്തിപ്രവാഹമൊന്നുണ്ടിതാ
സ്നേഹപ്രദീപ്തമായ് ചാരേ കാൺമൂ!

ദൈവികമാകുമജ്ജ്യോതിഷ്കിരണങ്ങൾ
ജീവിതവീഥി വിളക്കിക്കൊള്ളും.

വിണ്ടലം വാർമഴവില്ലൊളി വീശിടും;
കണ്ടകം കണ്ടകന്നീടൊല്ലേതും.

നീളെച്ചിരിക്കുവിൻ! നീരന്ധ്രനീരദം
നാളെപ്പൊഴിക്കും പനിനീർവർഷം

സ്വാതന്ത്ര്യശംഖത്തിൻ ഘോരതാവിമോഹന-
സ്ഫീതസ്വാനാപൂർണ്ണം ധർമ്മക്ഷേത്രം.

കൊട്ടിയടച്ചുള്ള കോവിൽക്കവാടങ്ങൾ
മുട്ടിത്തുറക്കുവിൻ മുക്തിക്കായി.

സ്വേദകണമണിമാല്യോപഹാരത്താൽ
സാദരമീശസപര്യ ചെയ്വിൻ!

ലോലവിഹംഗങ്ങൾ പാടിപ്പറക്കുമി-
ക്കാലത്തു കണ്ണുമടച്ചു നിങ്ങൾ

സ്വാതന്ത്ര്യസ്വപ്നങ്ങൾ കണ്ടുകൊണ്ടാഹത-
ചേതനരേന്റ ശയിച്ചാൽപ്പോരാ;

പൊള്ളും സഹാറയിൽ പൂഞ്ചോല കണ്ടിടാം;
മുള്ളുകൾക്കുള്ളിൽ മലർക്കുലയും.

---

# ഒരഭയാർത്ഥിനി.

---

കർമ്മാവനീ ശുഭ്രനഭഃസ്ഥലത്തിൽ-
ക്കാണായിതസ്പഷ്ടമൊരഭ്രഖണ്ഡം;
കരാളമാം കാളിമയാർന്നു കാണെ-
ക്കാണെപ്പരന്നാളി പടർന്നു പാരേ! 1

കാററിൽക്കരിങ്കാറിളകിക്കവിഞ്ഞു
കാളാംബരം ചീറിമറിഞ്ഞുപോയി-
ട്ടിരമ്പലോടൊത്തിടിവാളിളക്കം
ദിക്ചക്രവാളങ്ങൾ ബലാൽ കുലുക്കി! 2

ചെന്നീരൊഴുക്കാലൊരു ഭീഷണാഭ
ചിന്നിച്ചിലേടം നിലയററുപോയി!
ദുർവ്വാരവാതാഹതവാരിവാഹം
പാഴാക്കിയിപ്പാലൊഴുകിട്ടുമൂഴി! 3

അക്കാല,മൂർന്നാട്ടിലൊരേട,ത്തോല-
മേഞ്ഞുള്ളൊരില്ലത്തൊരു പുല്ലുപായിൽ,
ആനീലനീരക്കൺമുന നാലുപാടും
പായിച്ചൊരന്തർജ്ജനമുണ്ടിരിപ്പൂ! 4

സാരള്യസുസ്ഫാടികസമ്പുടങ്ങ-
ളാരമ്യനേത്രങ്ങ,ളകൃത്രിമാഭം,
നിത്യം, ഗൃഹസ്ഥാശ്രമഭൂവിൽ നീളെ
നീലോല്പലപ്പൂക്കൾ വിരിപ്പതുണ്ടാം. 5

അടുത്തുകേൾക്കായിതൊരാരവാരം;
തുടുംകവിൾക്കൂമ്പൊളി മങ്ങിമാഞ്ഞു;
തുടിച്ചു ചിത്തം; മിഴിനീർക്കണങ്ങൾ
പൊഴിഞ്ഞി,തന്തർജ്ജനമമ്പരന്നു! 6

വിയർപ്പിനാലുപ്പുവിളഞ്ഞ നെററി,
ചുഴററുമാച്ചുട്ട ചുകന്ന നേത്രം,
ചെഞ്ചോരയോലുന്ന കഠാരി കൈയി-
ലിമ്മട്ടു കണ്ടാൽ കലിപൂണ്ട കോലം! 7

കടുത്ത കണ്ണേറുകൾ, കാഠിന്യമമ്പു-
കടഞ്ഞെടുത്തുള്ള കഠോരതടങ്ങൾ—
ഇതൊന്നുമേ കണ്ടാളല്ല ലോക-
വിശോഭനാംശൈശവലീലാലോല. 8

മഹീമനസ്സാത്മൻ, സുമഹമ്മദീയ-
കേദാരഭൂവിൽക്കെട്ടനീരൊഴുക്കോ,
ചാരിത്രതേജസ്സുചുരന്ന ദിക്കിൽ-
ച്ചവിട്ടൊലാ! നിൻ ചളിപൂണ്ട കാലാൽ. 9

ദീനാന്ധദീപൻ, നബി തൻെറ ദിവ്യ-
നിശ്വാസവായ്പിൽക്കറ ചേർത്ത ധൂർത്ത!
കൃതാപരാധോൽക്കരമാം കൃപാണ-
പാണിക്കു ലാക്കോ, പനിനീർപ്രസൂനം? 10

കുരുത്ത നാൾതൊട്ടൊരു കീടബാധ
കൂടാതെ പോഷിച്ച ലതാമതല്ലി,

തൈത്തെന്നലിന്നും തളിരൊന്നിളക്കാൻ
തോന്നാത്ത നിന്നെത്തൊടുമോ, ഉലക്കാൻ? 11

സ്വപ്രാണനാഥസ്വസമാഗമത്തെ-
ക്കാണാഞ്ഞു പേർത്തും പരതി പാർത്തു നീളെ
സംസ്രസ്തസംവ്യാന, യധീര, മശ്രു-
ധാരാകുലം, ബാല പകച്ചു പാഞ്ഞു. 12

സൗരഭ്യസംശുദ്ധിയുഷസ്സമീര-
ദേവന്നുമേകും തുളസിത്തഴപ്പേ,
തോട്ടത്തിലൂടെത്തൊഴുകൈയൊടോട്ടം
തൽകേത—യാത്രാളെ,യനുഗ്രഹിക്കൂ! 13

പ്രേമപ്രഫുല്ലാർദ്ര വിലോചനത്താൽ
കുളുർക്കെ നോക്കാനുഴറുന്ന കാന്തൻ,
കപോതിതൻകൂടു വെടിഞ്ഞു കണ്ടേക,
വ്യപേതധൈര്യം വ്യസനാർത്തനാകും. 14

വ്യാധന്റെ ക്രൂരമ്പുകൾ കൂടിയേല്ക്കും
ഭേദിച്ചിടാച്ചട്ട ധരിച്ചിരിക്കെ,
അലമ്മധീരസ്സ്വനമാരമെങ്ങും;
തപിച്ചിടായ്കേൻ കരുണാകരേന്ദ്ര! 15

പായുന്ന മിന്നൽപ്പിണർ കണ്ടു, വിഭ്ര-
മാന്ധ്യത്തിലാണ്ടോരനുയാനതാനൻ
ഒരന്ധകൂപത്തിൽ മറിഞ്ഞുവീഴ്കെ-,
'അല്ലാഹു' ശബ്ദത്തിലമ്ലൂഡിചേർത്തു. 16

പാതപ്രണാദം ശ്രുതിയിൽപ്പതിക്കെ-
ത്തിരിഞ്ഞു തെല്ലൊന്നു-;ടനോടി വീണ്ടും;
സാരംഗദാരാപേക്ഷണയാൾ ക്രമായം
സമാർഗ്ഗമായീ സരളാന്തരംഗം! 17

ബിസാംഗിയെത്തന്നുടെ ബീവിയാക്കാൻ
ബീഭത്സരൂപൻ നിരൂപിച്ചിരിക്കെ,
തദ്ഭാവനാസംസർഗ്ഗമിതാ തകർന്നു
താഴെപ്പതിച്ചൂ!—ഖിധിജ്ഞൻ കൃതാർത്ഥൻ. 18

*   *   *   *   *

കുളത്തിളംകുമ്പളവള്ളി മേലെ-
ക്കായ്ച്ചും കുറഞ്ഞൊന്നു കുനിഞ്ഞു ചാഞ്ഞും,
പാടത്തൊരേടം, നതജീവിതശ്രീ
കാമിച്ചിടും പൂങ്കുടിലൊന്നു കണ്ടാൾ. 19

ആ മുക്കവപ്പാഴ്ക്കുടിലിൽക്കിടപ്പാൻ
വൈമുഖ്യമോ?-ജാതികൃതപ്രമാദം!
കൈവർത്തകന്യോദരകന്ദരത്തിൽ
ജാതൻ ജഗദ്ദേശികമാർഗ്ഗദർശി! 20

'ആചാര, മാചാര്യരുരച്ചതെ—;ന്നു-
മാപാദചൂഡാദരണീയമേവം,
കരുത്തെഴുന്നാക്കരുവിങ്കൽ വാഴ്ത്താ-
രാദർശമേ! നിൻ നിഴൽ നീണ്ടുനിൽപ്പൂ!! 21

ചരാചരാകീർണ്ണപഥപ്രയാണ-
പരേ, പുരന്ധ്രീതിലകായമാനേ,
അനിന്ദ്യയങ്ങുന്നു;ണ്ണി വെൺകതിർച്ചാ-
ത്തെല്ലൂരട്ടെ നീണാളിരുളാണ്ട വാനം! 22

ആകല്പമാടം, മടവാർത്തിടമ്പു
കടക്കവേ ഞെട്ടിയ മട്ടു, മൂകം;
ചാണയ്ക്കിടാത്തോരു മണിപ്രകാണ്ഡ-
മകത്തണിച്ചാശങ്കമോടണഞ്ഞു. 23

“എങ്ങാണു നിൻ മുക്കുവൻ!” എന്നു ലോലാ-
പാംഗങ്ങൾ പായിച്ചഥ നാലുപാടും,
ആകസ്മികാഭ്യാഗത ചെയ്ത ചോദ്യം
മത്സ്യത്തുടിപ്പേകി മനക്കയത്തിൽ. 24

ഖിന്നിത വിസ്താരിവിലോചനത്താ-
ലംഗം നിരീക്ഷിച്ചഥ നിർന്നിമേഷം,
‘ആററിൽക്കരേപ്പോയടിയന്റെ മുക്കോ’—
എന്നോതിനാൾ, ഗദ്ഗദസന്നകണ്ഠി! 25

‘ഹാ! മാപ്പിളക്കുട്ടനൊരുത്തനെത്തി-
യില്ലത്തു; പേടിച്ചിവൾ പാഞ്ഞിടുമ്പോൾ,
കൂടെക്കുതിച്ചോടി; മറിഞ്ഞുവീണാൻ
കിണററിൽ ആരുണ്ടു കരയ്ക്കു കേററാൻ?’ 26

മഹർഷിമാർ ഭൂവിതിൽ മാററലക്ഷ്മം
പ്രാണപ്രദാനം പ്രഥിതവ്രതം താൻ!

ആ നിഷ്ഠുരൻ, ദൈവഹതൻ നശിപ്പൂ!
നാം കൈകൾ നീട്ടാം, നവനീതചിത്തേ! 27

'ഇല്ലത്തു വല്ലത്തിലെഴുന്ന നെല്ലു-
കോരിക്കൊടുംകൈയൊടു കൊള്ള ചെയ്യാ?'
എന്നല്ല നല്ലോർക്കു മനസ്സിൽ!—നാഥേ-
നന്നാമഭ്യാശംസകൾ മാത്രമത്രേ! 28

നിഷ്പന്ദമന്ത്രം, നിശിതം നിശീഥം
നശിച്ചു താരാലയ വെണ്ണിലാവും;
പൂങ്കോഴി കൂകി! പുലർവായു വീശി;
ശ്രവിച്ചിതാരാലൊരു ശംഖനാദം. 29

കണ്ണീരൊഴിപ്പാട്ടുകൾ, പാടലാഭ-
മണ്ടും മണിപ്പൂങ്കവിളിൽത്തെളിഞ്ഞു!
കൃതജ്ഞതാവ്യഞ്ജനമോടു നേരേ
നോക്കീടു ദേവാലയമാൻ ദേവി. 30

മറയോൻ വളർത്തിയ

# പറയപ്പൈതൽ.

---

(കേക.)

ദിവസേശപാദകരസ്പർശത്താൽ പ്രസന്നയായ്
പ്രവഹിക്കുന്നൂ സമഭാവിനി കല്ലോലിനി.

ചുട്ടുപാഴ്മണലായ തൂവെള്ളവിരിപ്പിന്മേ-
ലട്ടത്തായൊരു ചെറുശിശുവോ ശയിക്കുന്നു?

മേൽജ്ജാതി കാലിലിട്ടു ചവിട്ടും സോദരൻറ
മേദ്ദുരനെട്ടുവീർപ്പാന്തിതിവും പൊള്ളിയേല്ക്കാം,

അമ്മട്ടു തപിക്കുന്ന സൈകതസ്ഥലിയിലെ-
ന്നമ്മയില്ലാതിപ്പിള്ള വാവിട്ടു കരയുന്നു!

നിസർഗ്ഗശ്രീയുടെ പച്ചപ്പൂങ്കുടക്കീഴിൽ
പ്രസവിത്രിയാളാരോ കിടത്തിപ്പോയതാമോ?

ഞെട്ടററു കൊഴിഞ്ഞൊരു കൊച്ചുകോരകമെന്ന
മട്ടുള്ള ശയിക്കുന്നു; മർമ്മഭേദകക്കാഴ്ച!

പൈതലെ വിട്ടു തായപോലെ, യിക്കോലീയ-
ചേതസ്സംഭ്രഷ്ടമായ ശിഷ്ടസൗഭ്രാത്രംപോലെ

മാമരച്ചോട്ടു വിട്ടു മാറിപ്പോയ് കുളുർച്ഛായ;
പ്രേമധാമമേ, പെററ തായേ, നിൻ തണലെങ്ങോ?

നിർജ്ജനവനം മൗനശാന്തമായാലേ ശാന്തി-
നിർഭരം ഭരിക്കുന്ന യോഗിമാനസംപോലെ

തേജസ്സു തിങ്ങിത്തുങ്ങും മേനിയിൽച്ചാമ്പൽ പൂശി-
സ്സ്വേദതോയത്തിൽ മുങ്ങി'ക്കടവസ്ഥ'യുരമന്തി

അനപത്യതാതാപം തീരുവാൻ നാനാതീർത്ഥാ-
ടനമാചരിപ്പൊരു വിപ്രനാവഴി വന്നു.

ദീനദീനമായ്ക്കേഴുമോമനക്കുഞ്ഞിനെ-
ക്കാനനലക്ഷ്മി മാത്രം കാത്തിരിപ്പതു കണ്ടു.

വിശാന്തതനൂം തിരുമടിയിൽക്കേററിവെച്ചോ-
ന്നാശ്വസിപ്പിക്കുമാറുള്ളൊരോമൽക്കൈപ്പത്തലല്ലീ!

പാരമൈശ്യജ്യോതിസ്സിൻ പ്രവാഹത്തിലെപ്പാരനാടകമേ,
സഞ്ജീവിതത്തിലെ മാധുര്യമഞ്ജൂഷികേ!

ജാതികാകോളക്കറയുള്ളിൽനിന്നുടൻ പൊങ്ങി-
ബ്ഭൂതിതൻ ധാവള്യത്തിൽപ്പുകഴ്‌നിഴൽ പതിപ്പിച്ചു.

'ശിശുവന്ത്യജനാണോ പഞ്ചമനാണോ'യെന്നു-
ള്ളശുദ്ധ്യാശങ്കയാലേ സ്പർശിച്ചില്ല,ടുക്കിലും!

'ആണ്ടവപ്രീതിനേടാനാചരിക്കണം പോലും
തീണ്ടൽ-;ലിതേക്കരളസ്ഥമേക്കന്തൊരു തീരാവ്യാധി!

പൂണനൂലിട്ടാൽപ്പരിപൂതനാം ഭൂമീദേവൻ;
താണുപോയല്ലെങ്കിലിത്താരിളംപൈതലെന്നും!

* * *

അന്തഃശത്തിൽ വിപ്രനന്നേരം കുടികൊള്ളു-
മന്ധവിശ്വാസംപോലെയല്ലിന്റെറയല പൊക്കി.

അപ്പൊതലാകാശത്തിൽ നിന്നെങ്ങാൻ പൊട്ടി-
വീണൊ-
രല്പജ്യോതിസ്സങ്ങേണമനാഥം ശയിക്കുന്നു!

'അനപത്യനാമെന്റെയനഘാചാരങ്ങളാ-
ലനല്പം പ്രസാദിച്ചു ഭഗവാൻ ഭക്തപ്രിയൻ,

എന്നുടെ മുന്നിലിട്ട സന്നിധിയാണിതെന്നു-
വന്നിടാം; നിയതിതൻ രീതികൾ ദുർഗ്രഹങ്ങൾ!'

ഈ വിധം ചിന്താധാരയന്തിയൊരന്തണൻ ചെ-
ന്നാവിലം വിലപിക്കും ശിശുവിൻ പൂമേനിയിൽ

തളിച്ചു തൻ ഭണ്ഡത്തിലുള്ളൊരു ഭാഗീരഥീ-
കളിലംഭസ്സു; പിന്നെക്കുട്ടിയെച്ചെന്നെടുത്തു.

ഒഴുകിപ്പോകും നദി കല്മഷങ്ങളെപ്പോടെ
കഴുകിക്കളയുന്നു; പാവനി മന്ദാകിനി!

അന്തരംഗത്തിൻ കറ മണ്ണാറും വിണ്ണാറുമേ
ഹന്ത, പോക്കുകയില്ല; ദിവ്യദീപ്തിതാൻ വേണം

ശമിപ്പിച്ചിതു വിപ്രൻ ചൈതലിൻ പൈദാഹങ്ങ-
ളമിതാനന്ദം നിജഗേഹത്തിലെത്തിച്ചേർന്നു

നവവൈധവ്യഖിന്ന പറയപ്പെണ്ണു ചാരേ
നടയിൽക്കുളിക്കവേ, ഗ്രാഹമർദ്ദിതയായി!

മറയാൻ വളർത്തിയ പറയപ്പെതലേറെ
മഹിമാവുള്ളും മഹീദേവനായ് പുകഴം പൊങ്ങി!

“ജാതിയില്ലേകവർണ്ണമൊഴുകും രുധിരത്തിൽ-;
ജ്ജാതിയില്ലല്ലോ പുളിപ്പോലുന്ന കണ്ണീരിലും”

സർവ്വലോകവും സർവ്വകാലവും ശ്രവിക്കുമാ-
റിവ്വിധം സനാതനസന്ദേശമോതീ ദേവൻ.

എന്നിട്ടും സ്വാർത്ഥത്തിൻെറ മൂർത്തിയാം ജാതി മൂറും
മുന്നിട്ടു നില്ക്കുന്നല്ലോ മൂർദ്ധന്യവും താങ്ങി!

എത്ര ദേവന്മാർ—ദിവ്യദേശികന്മാ—ർവ്വന്നും
ചിത്രമീയുലകത്തിലിനിയും പിറക്കേണം!

അത്രയ്ക്കു പാഴായല്ലോ കിടപ്പൂ ശുദ്ധോദന-
പുത്രൻെറ നിശ്വാസത്താൽ പുണ്യമാർജ്ജിച്ച ഭൂമി!

---

# വസന്തകോകിലം.

---

പൂമധു തോല്ക്കും നിൻ പാട്ടുകൾ കേട്ടു ഞാ-
നോമലുദ്യാനപ്പൂങ്കോകിലമേ!

സഞ്ചരിച്ചീടുന്ന സംഗീതമാണോ നീ!
പഞ്ചമം പാടുന്ന പൈങ്കിളിയോ?

പച്ചപ്പുൽപ്പട്ടുനിലത്തു കിടന്നു നി-
ന്നച്ചമാമൊച്ചയിൽ മോദം കൊൾവു!

സാരസ്യമേറും നിൻ സംഗീതാലാപങ്ങൾ
ദൂരത്തും ചാരത്തുമൊപ്പം കേൾപ്പൂ.

ബാലദിവാകരകാന്തിയേയും, പുഷ്പ-
ജാലങ്ങളേയും പുകഴ്ത്തിച്ചെമ്മേ

സാനുക്കളോടു നീ ചൊൽകിലും, ചിന്തയ്ക്കു
സാനന്ദം നൽകുന്നു സൽക്കഥമേ.

നിസ്തുലരാഗമോ, ദൃശ്യമല്ലാതുള്ള
വസ്തുവോ നീയൊരു മായതാനോ?

ഗീതവിശാരദ! നീയൊരു പക്ഷിയായ്
ചേതസ്സിലേതുമേ തോന്നീലല്ലോ.

മാമക വിദ്യാർത്ഥിജീവിതകാലത്തു-
മീമനോമോഹനഗാനം കേൾക്കെ,

മാമരക്കൊമ്പിലും മാനോളും മറവും ഞാൻ
പ്രേമത്താൽ നോക്കിനിന്നീടുമല്ലോ.

വാസന്തിപ്പൂക്കൾ തൻ വാസനാസാരണി
വാസം ചെയ്തീടും വസന്തനാളിൽ

രാഗം പൊഴിക്കുന്ന പൂങ്കുയിലേ! പൂർണ്ണ-
സ്വാഗതം സർവ്വദാ സ്വാഗതം തേ!

---

വേഴ്സ്വത്തു്.

# വീരമാതാവ്.

ഒരു വീരപദന്നു ഹൃത്തടം
തനിയേ നൽകിയ തമ്പിപോലവേ,
പുളകോദ്ഗമപൂരധീരയാം-
യൊഴുകുന്നു ചെറു 'വൈക'യാറിതാ! 1

നിണമാണൊരു നീണ്ടവാളുല-
ച്ചുളവായൂർജ്ജിത ഝംഝനസ്വനം
അലതൻ മൃദുതാളമേളമോ-
ടിടചേർന്നുയരുന്നു മാറൊലി. 2

*    *    *    *    *

തപനൻ മൃദുകാന്തികങ്ങളും
തടവിത്തെല്ലുകളെസ്സുശോഭനം
ഒരു ധാമമിതാ! പരന്തപ-
ക്ഷിയലും ധാമമുയർന്നപോലവേ. 3

കടിതന്നഴകാലെ മാത്രമ,-
ല്ലതിഗംഭീരതയാലുമവ്വിധം
ഒരു സിംഹിയൊടൊത്ത നാരിയാൾ
നിലകൊൾവൂ! നിലയങ്കണാന്തികേ. 4

മടവാർ മുഖമണ്ഡലം പ്രഭാ-
പടലം തെല്ലിട ചാർത്തുമെങ്കിലും,

ഉടനൊന്നു കറുത്തിരുണ്ടുപോം;
മുകിലിൻ നിഴലയിലിന്ദുപോലവേ. 5

വിരഹാർത്ത, വരാഗമോത്കയുറം-
കുളിരും ചൂടുമിടഞ്ഞു നിൽക്കയോ?
ഗളനാളിയിലുല്ലസിപ്പതി-
ല്ലണിമാംഗല്യം—ഇതെന്തു ചിന്തയോ? 6

ഒരു മദ്ധ്യവയസ്ക—ദമ്പതി-
പ്രണയപ്പൂംതെളിതേൻ നുകർന്നവർ-
വിധിതൻ ഹതിയാൽ വിതന്തുവിൻ-
സ്ഥിതിപേർന്നാൾ സതി വീരപത്നിയാൾ. 7

മകനൻ മനശ്ശൂരനെ, ദൃഢ-
പ്രണയംതാൻ പ്രസവിച്ച സൂനുവിൽ
അവൾ കണ്ടുടൽ നീറവുമശ്രുവാ-
യ്പ്പൊരുമട്ടാറ്റിയൊതുക്കി വാക്കയാം. 8

“മകനേ! മമ വീരവല്ലഭ-
ന്നകളങ്കപ്പുകൾതിങ്കളായി നീ,
അടരിൽജ്ജയലക്ഷ്മിതൻ സ്വയം-
വരണത്താൽ കൃതകൃത്യനാവുക.” 9

ഇതി വീരകൃപാണി പാണിയിൽ
പ്രചലിക്കുംപടി ധീരയേകൊട്ടും;
അതിവത്സലതാലതാസുമം
വിടരും മല്ലിമുമമ്മ ചൊൽകളാൽ, 10

സഹജം മുഖദീപ്രകാന്തിയിൽ
സ്നപിതം സുസ്മിതമേകമുത്തരം
ജനനിക്കു മനം കുളിർക്കുമാ-
റങ്ങളിലപ്പോഴ് വിനയാന്വിതൻ സുതൻ. 11
(യുഗ്മകം)

പലചിന്തകളെന്നുമമ്മതൻ-
മതിപോലെത്തിരതല്ലിടും തടം,
ഉടനാർന്ന യുയുത്സുവാം യുവാ-
വല്ലഭക്ഷാത്രമഹസ്സു പോലവേ. 12

രജനീപതി വിണ്ടലം പകലേ-
കറിമുക്കി രജതത്തിലെങ്കിലും,
തനയാനനചന്ദ്രദർശനം
ലഭിയാഞ്ഞായവൾ കാത്തിരിക്കയാം. 13

പ്രകൃതിസ്തുതിപാഠകൻ മരു-
ത്തൊരുനേരം മന്ദമുഷസ്സിൽ വീശവേ
ശ്രുതിസംപുടഭേദിനാദമൊ-
ന്നവൾ കേട്ടാളതിലൂടെ വിസ്മയം. 14

ഉടനുത്സുകലോചനങ്ങളാ-
വഴിയോടിച്ചു വരാംഗി നിൽക്കവേ,
ജയലക്ഷ്മി വെടിഞ്ഞു ഹന്ത! പി-
ന്തിരിയെപ്പുറംസുമയാൽ കളങ്കിതൻ. 15

ഭടദേവത തന്റെ കോമളാ-
പ്പുരംപോലുഴറും പരാജിതൻ,

പടയാളികൾ, തൻ വിരിഞ്ഞ കൺ-
വഴിയിൽപ്പെട്ട വിചാരധാരതാൻ. 16
(യുഗ്മകം)

"മനുജ, മതി നിന്റെ ശങ്കയെൻ-
മകനീബ്ഭീരുകുലത്തിലില്ലതാൻ;
ഒരു കേസരിതൻ കിശോരനും
കളമാൻകുട്ടിയുമെന്തൊരന്തരം!" 17

അലയറ്റൊഴുമാഴിപോലെ, നി-
ശ്ചല നിന്നാൾ സുതമൃത്യു കേൾക്കവേ;
ഒരു ബാഷ്പകണം പൊഴിച്ചതി-
ല്ലൊരു വീർപ്പും ബത വിട്ടതില്ലവൾ. 18

മനമെന്ന തമോമയമാമാഴം
പലശക്തികളമിരിപ്പിടം ദൃഢം;
സുഖദുഃഖവികാരമൊക്കെയി-
ക്കരുവിൻ തോതിന വാർത്തെടുപ്പു നാം. 19

രണരംഗതലത്തിലേയ്ക്കുടൻ
നടകൊണ്ടാളിതി ചിന്തയേന്തുവോൾ:—
"മുറിവേറ്റു കിടക്കയാം മകൻ
ക്ഷിതിമാതാവിനെഴും മടിക്കകം. 20

തനയന്നു പിണഞ്ഞതാം വ്രണം
തനുവിൻ പൂർവ്വവശത്തിലെങ്കിലോ,
വിരുതോടെതിരിട്ടു നിന്നവൻ
പൊരുതിത്താൻ നിപതിച്ചതാകണം. 21

മുതുകിൽ ക്ഷതമെങ്കിൽ,—അവ്വിധം
വരുവാനില്ലവകാശലേശവും—
ത്രപയാറു തിരിഞ്ഞു പാഞ്ഞിട്ടും-
പൊഴുതേററുള്ളതുമായിരിക്കണം. 22

മമ പുത്രനപത്രപം പലാ-
യിതനായെങ്കിലതിന്ന, സംശയം
മൃതവീരവരൻെറ ബീജസം-
ഭവനായ് തീൎന്നു ഹേളുവാസ്പദം. 23

അടരിൽത്തുടതുള്ളിയെങ്കിലോ-
ശരി—യെൻസ്തന്യനിമിത്തമാകണം
അതിനാലതി നിന്ദ്യമെൻ പയോ-
ധരയുഗ്മത്തെയരിഞ്ഞുതള്ളുവൻ." 24

പല ചിന്തകൾ പന്തലിച്ചു, പോ-
ക്കുള്ളമാൎന്നാളനരാചഭാസുരം;
പ്രഭകെട്ടൊരു ദീപയഷ്ടിമ-
ട്ടവൾ കണ്ടാൾ മൃതസൂനുവിൻതനു. 25

ധൃതിമുദ്രിതമാം മുഖത്തൊടും
പ്രസു നോക്കീ; ചരിതാൎത്ഥ തന്നെ നീ;
ചരമാദ്രിയിലംശുമത്പ്രഭം
വിരിമാൎത്തട്ടിൽ നിണംപെടും വ്രണം! 26

വദനം തെളിവാൎന്നു; തത്ക്ഷണം
മുകിൽമൂടീ; ജലധാരതൂകിനാൾ;

നെടുവീർപ്പുകളിട്ടു; വീണ്ടനാം
മകനെത്തൻ മടിയിൽ കിടത്തിനാൾ. 27

"വിരുതാർന്നു വളർന്നു വന്നു, വൻ-
തരുണാവസ്ഥയിലെത്തിയിത്തരു
തരുമേ തണലെന്നുറച്ചുപോ-
യൊരുവെട്ടാലതു വീഴ്ത്തിയോ വിധി? 28

ഉണരുന്നൊരുറക്കമല്ല!—നിൻ-
ഗ്ഗുണമോരോന്നുമനുസ്മരിക്കവേ,
വ്രണമമ്മയെ ദഹിച്ചീടാം—വിരോ-
പണലേപം പുരട്ടട്ടെ നിൻപുകൾ! 29

ഭവിതവ്യ,മതിന്റെ പാച്ചിലിൽ-
പ്പവിഴീശം, പനിനീർ ചൊരിഞ്ഞിടാം
വിവിധാപദവാപ്തിഭീരുവിൻ-
സവിധേ കാണ്മൂ കരാളകാളിമ. 30

പനിനീരലരിൻ പരാർദ്ധ്യമാം
ജനി നല്ല ജഗദുത്സവം ക്ഷണം,
അനിശം സ്മരണാഭിരാമമാം;
ഇനി, ഞാൻ ധന്യ, സുധന്യനെൻ ധവൻ. 31

തുണയറ്റു പരേതജീവിതം
കണവൻ, നിൻജനകൻ, കഴിക്കയാം,
പ്രണയാതിശയം നശിക്കയി;-
ല്ലണവേൻ കർമ്മമൊടുങ്ങിയങ്ങിവൾ. 32

ഇനിയെന്തിനു സന്തപിപ്പു ഞാൻ?
അനിവാര്യത്തിലനിഷ്ടചിന്തയാ?
മതി!—ശാശ്വതശാന്തിയേന്തുകെൻ-
സുത! ചിരത്തിദിനം പ്രജ്ഞിക്ക നീ!" 33

*  *  *

മൃതരമണി വിശ്രുത 'മൈവക'ത്തൻ
കരയിൽ സംസ്കാരം കഴിച്ചുതെ;
തിരമാലകളായ കൈകളാൽ
തഴുകിക്കൊണ്ടൊഴുകീ തരംഗിണി. 34

—:*:—

# താരുണ്യദശയോട്.

(മഞ്ജരി)

വെള്ളിത്തളികയിൽ പാലാഴിസ്സത്തുതൻ
തുള്ളി നിറച്ചു നിശാപുരന്ധ്രി

കാമുകചേതസ്സു സേചനം ചെയ്യുന്നും
കാർമ്മുകിലിൽ വെള്ളതെയ്യുന്നതും;

ആ മുഗ്ദ്ധവല്ലിയെ ക്കോൾമയിർക്കൊള്ളിച്ചു
പൂമുഖമുത്ഫുല്ലമാക്കുന്നതും,

പൂന്തെളിതേനുണ്ട മൂളുമളികുല-
മെന്തോ ചെവികളിൽ മന്ത്രിപ്പതും;

കാതോളം നീണ്ടുള്ള കണ്മുനയിൽ കട്ട-
കാകോളവും തീർത്തുവെച്ചുള്ളതും;

എല്ലാമിരുൾമറ മാററിക്കാണിച്ചു നീ
മെല്ലെയുത്ഫുല്ലമാം താരുണ്യമേ.

അല്ലാനമായൊരനുരാഗസൂനത്തി-
നന്യൂനാമോദവുമാസ്വാദിച്ചു;

പ്രേമശാഖോപലമാമിളംപൈതലി-
ന്നോമനപ്പൂമുഖമുമ്മവെച്ചു;

തട്ടിഞ്ഞുറപ്പിച്ചു താരുണ്യമേ! വിത-
തണ്ടും നീ സാഹിത്യക്കോവിൽ ദ്വാരം;

കാളിദാസൻ, താഗോർതൊട്ടുള്ളോർകെട്ടിന
കേളീസൗധത്തിൻെറ കീഴ്നിലയിൽ

നിന്നുമേൽപോട്ടെയ്യൊന്നെത്തിനോക്കീട്ടവ-
നിന്നു തരം നൽകി താരുണ്യമേ!

പൈങ്കിളിക്കൊഞ്ചലും, കുഞ്ചൻെറ തുള്ളലും
പങ്കിട്ടെടുത്തിതെൻ പാതിചിത്തം,

ചെഞ്ചെമ്മ പിന്നെച്ചെറുശ്ശേരിനോക്കി ഞാൻ
'മഞ്ജരി'ലീനമായ് ചഞ്ചരീകം;

വള്ളത്തോളുള്ളൂരും വശ്യവാക്കാശാനു-
മുള്ളത്തിൽ തേന്മഴ തെല്ലുമാറി,

ചൂതാങ്കുരാസ്വാദം ചെയ്യേത്തണ്ടും മാധവ-
ദൂതർ പൊഴിക്കുന്ന മന്ത്രജ്ഞഗാനം

പൂവനമാകെപ്പുളകിതമാക്കവേ,
കേവലമെൻ ഗാഥ കേൾപ്പോനുണ്ടോ?

നീരന്ധ്രമേചകമേഘങ്ങളിൽനിന്നു
പാരം പളുങ്കിൻ മണികൾ ചോരും;

കാറാണ്ടവിണ്ടലം വാർമഴവില്ലിൻെറ
കാമ്യമാം കാന്തിയുമേന്തിക്കാണാം;

മന്ദഹാസേന്ദുഭാസ്സുജ്ജ്വലിക്കുന്നോര-
മന്തരാ കാണാം കളങ്കാങ്കുരം.

കൌമാരരോചനഗോചരമല്ലാത്തി-
സ്സാമാന്യതത്വങ്ങളിന്നു കണ്ടു!

രാഗാം യവനികയ്ക്കുള്ളിൽ മറഞ്ഞെത്ര
രാക്ഷസലീല നീ! മൃത്യു! ചെയ്‌വൂ

കാരക്കോളം പെയ്യു നീ! രാപ്പകലാവോളം
കാരക്കോലൂകാളിക്കും കാലമില്ലേ?

ഹിംസതൻ തുള്ളലും ചാടലും കാട്ടുന്ന
സംസാരമായാചലനയന്ത്രം.

മാധുര്യമഞ്ജൂഷ തന്നെയീ മന്നെന്നു
സാധു ഞാൻ ചിന്തിച്ചു ബാല്യനാളിൽ!

മാടിവിളിക്കും മരുല്ലോലിതങ്ങളാം
വാടാമലരണി വല്ലികളും,

പാടിപ്പറക്കും പറവക്കൂട്ടങ്ങളും
കൂടി ഞാൻ ബാല്യത്തിൽക്കൂത്തടിച്ചും.

ലോകരഹസ്യകലവറ കാണ്മാനി-
ന്നാശമാനം മനമാകാംക്ഷിപ്പൂ!

പ്രാതഃകാലം തോറുമോരോ പുതുമലർ
ജാതമായ്ക്കണ്ടു ഞാൻ പ്രീതനാകും.

ആയുഷ്മാല്യത്തിലെ മ്ലാനമലരോരോ-
ന്നായുതിരുന്നതും ശ്രദ്ധിപ്പീല!

വെള്ളിശ്ശലാകയ്ക്കു മേൽക്കോയ്മ കിട്ടുമ്പോൾ,
തള്ളിച്ചയെങ്ങനെ, താരുണ്യമേ!

മൃണ്മയവസ്തുവിൻ വെണ്മ നിലനില്ക്കും
കണ്മറിപോലും വിചിത്രം വിശാലം!

ഹന്ത! വിശാലമിശ്ശില്പശാലയ്ക്കുള്ളിൽ
പ്പൊന്തളികപ്പാത്രം, പൊൽപ്പൂക്കളും,

പ്രാരമ്യം പച്ചപ്പാവതാനി, നീളെ,
നീരന്ധ്രനീലമാം മേൽക്കട്ടിയും,

ശാന്തമൃദുലം, നിതാന്തഗംഭീര, മേ-
കാന്തഭയാനകമാലേഖ്യങ്ങൾ!

ചായമിട്ടും തനിച്ഛായയിലും കാട്ടും
മായാമയൻ ശില്പി വെൽവൂതാക!

ചുട്ടുപഴുത്തുള്ള പാഴ്മണലാണെന്നു
തൊട്ടുനോക്കുന്നേരം തോന്നും പോൽ നീ

ബാല്യകാലത്തിലെക്കല്യമേപോരും നി-
സ്തുല്യമിസ്സാഗരവാരിവേങ്ങാ.

പാഴൂഴിയിൽ പച്ചനെന്മണിക്കായിന്നു
കേഴുന്നു ഡോളായമാനം മനം;

ചുറ്റും ദശാചക്രമെന്നുമനുക്രമം
ചുറ്റുമ്പോൾ നാംകൂടെച്ചുറ്റിക്കൊൾംവ,

പാടുന്ന പൈങ്കിളിക്കൂട്ടവും, പായുന്ന
തോടും, പുഴകളും, പൂന്തോട്ടവും

പണ്ടു പഠിപ്പിച്ച സാധന പാഠമി-
ന്നുണ്ടുപോലുന്മേഷസിദ്ധൗഷധം!

---

# വിചാരവിപ്ലവം.

പൂങ്കാവിലെലതകളിന്നിയും മലർച്ചാ-
ലെത്രയ്ക്കു സൗന്ദര്യവിശിഷ്ടമാണോ?
അത്രയ്ക്കു നിൻ ജീവിതവും പരാർത്ഥ-
പവിത്രമായ് സുന്ദരമായ്‌വരട്ടെ! 1

സത്യസ്രവന്തിത്തെളിനീരൊഴുക്ക
തന്നുൾത്തടം തന്നിൽ നിറഞ്ഞു നിൽക്ക;
ആരാധ്യയാം പാഴിതുള്ളാൽ പകച്ചു-
കൺകൊണ്ടു നാമായതു കാണ്മതോറും. 2

നവീനലോകം നെടുശാസ്ത്രനേത്രം
കൊണ്ടെത്രയബ്ദങ്ങൾ ചുഴിഞ്ഞുനോക്കി,
ഇരുൾപ്പരപ്പിന്നടിയിൽക്കടന്നു
തടഞ്ഞു, തപ്പി, പ്പൊരുൾ തേടിനോക്കി. 3

അഗാധതയ്ക്കൊപ്പ, മനന്തതയ്ക്കു-
മഗമ്യമല്ലാത്ത മനുഷ്യബുദ്ധി
ശാസ്ത്രം കരമേകിന കൈകൾകൊണ്ടു
പൊത്തും വിചാരച്ചുരുളാണെന്നറിഞ്ഞു. 4

ഗലീലിയോ, വോൾട്ടെയർ, ഡാർവ്വിനെന്നി-
ശ്ശില്പീന്ദ്രർതൻ ശിഷ്യഗണങ്ങൾ നമ്മൾ;
നവ്യാശയത്തിന്നടിയിട്ടുറപ്പി-
ച്ചദ്ദിവ്യർ വിശ്രാന്തിയടഞ്ഞുപോയി! 5

കൈക്കോട്ടുകൊണ്ടൊന്നു കിളച്ചുനോക്കാ-
തൂക്കേറെ മാമൂൽ വിറപൂണ്ടു നിൽക്കെ,
സ്വാതന്ത്ര്യമാം ചിന്തകൾ ഹന്ത! വെട്ടി-
ക്കിളച്ചു കണ്ടാവൂ നിഗൂഢതത്ത്വം. 6

ഉണരുന്ന നീറവു നമ്മറച്ചു പൊയ്യോ–
“ക്കിൽ”പ്പദം ഭീരുതതൻ പ്രണാമം;
പൊട്ടിച്ചെറിയേണ്ടതു ഭയപ്പാടിപ്പം,
സത്യാഭിമുഖർക്കൊള്ളുകയാണു ലോകം. 7

സ്വാതന്ത്ര്യമാം ത്ര്യക്ഷരമന്ത്രമല്ലീ
സർവ്വാർത്ഥസിദ്ധിക്കുവഴിട്ടിടേണ്ടൂ?
അവിദ്യതൻ പാഴ്നിഴൽ മങ്ങിനീങ്ങി-
സ്സത്യപ്രസന്നാകൃതി കാണ്മതെന്നോ ഞാൻ? 8

കയ്പേറെയൂറും ദിനമെത്രയെത്ര
കഴിക്കിലും, മാഴ്കിമയങ്ങിടാതെ,
ഒട്ടുക്കമെന്നാം തെളിതേനൊലിക്ക-
മെന്നോർത്തു യത്നിപ്പൂ! മഹോദ്യമന്മാർ. 9

ഇരുട്ടുപാകീടിന പാതിരാവി-
ലുരുണ്ടുതപ്പിത്തടവേറ്റു തന്നെ
ചരിക്കിലേ, പൊൽപ്പുലരിപ്പിറപ്പിൽ-
ഷിട്ടൻ കാണുന്ന വെളിച്ചമേൽക്കൂ. 10

കനത്ത കാർകൊണ്ടലിരുണ്ടിടട്ടെ;
മിന്നൽക്കൊടും ദംഷ്ട്രകൾ കാട്ടിടട്ടെ!

മുപ്പാരുലയ്ക്കുമട്ടു മുഴക്കം, മൂക്കിൽ;
മുന്നോട്ടുപൊയ്ക്കൊൾക! മുറയ്ക്കു വീര! 11

വാർതിങ്കൾ വാനിൽത്തലകാട്ടിടുമ്പോൾ,
കാർ തിങ്ങിനിൽപ്പൂ! കബളീകരിപ്പാൻ;
സ്വാൎത്ഥത്തിനെപ്പോഴുമുടൽപ്പിറപ്പാ-
മസൂയയെങ്ങോ, തന്മഹത്ത്വമെങ്ങോ? 12

സ്വാൎത്ഥം ചുരത്തും വിഷമെങ്ങു? ധൎമ്മ-
ധൈര്യം പെറും ത്യാഗമധൂളിയെങ്ങോ?
തന്നന്തരംഗസ്ഥിതശാസിതാവിൻ-
ശബ്ദം ശ്രവിപ്പോരു തൃണം ശരീരം. 13

ദോഷം കശക്കിപ്പിഴിയുമ്പൊഴൂറി-
ത്തെളിഞ്ഞുനിൽക്കുന്ന ഗുണം ഗ്രഹിക്കൂ!
കരിക്കവേ ചപ്പില, കല്മഷപ്പാ-
ടേൽക്കാത്ത ചെന്തീയൊളി ചിന്തിടുന്നു. 14

പന്നോ പാൎത്തട്ടിയെത്തുവോളം
തുരന്നുനോക്കി, തുളയാക്കി നീളെ
ജലപ്പെരുച്ചാഴികളെത്രയെത്ര
പുളച്ചിടുന്നൂ പുകയത്തു പാൎപ്പോർ! 15

വാനത്തിലോ, വാരിധിതൻ തടത്തിലോ,
വനത്തിലോ, വന്മലമേൽപ്പരപ്പിലോ,
വാരിപ്പൊഴിപ്പൂ! പ്രകൃതീശി സൌഭഗം;
വരിഷ്ഠനെങ്ങും ഗുണവൎഷിയാകണം. 16

# ജഗദ്ഗുരു.

നാരായണജഗദ്ഗുരോ, ജാതിമതദ്വൈതവൈകൃത്തിൻ-
നാരാന്തവേളായ നവയുഗ യോഗീന്ദ്ര!

ജാതിയുടെ ജടിലത ചെങ്കോലെടുത്തപ്പോൾ മേഘ-
ജ്യോതിസ്സെന്നപോലെ ബുദ്ധനവതരിച്ചു (നാരാ)

ജാതിമതസ്പർദ്ധത്തീയിൽ സാഹോദര്യം വെന്തുനീറി
പ്രീതിയും പാഴായിക്കണ്ടു ഭാരതാരാമം (നാരാ)

ഇന്നേവരെയുണ്ടായിട്ടുള്ളധ്യാനപാലകന്മാരി-
ലൊന്നാമനാം ഗുരുചെയ്ത സന്ദേശരസം (നാരാ)

ജാതിമതൈക്യത്താലൊരു സൗഭ്രാത്രശ്രീപൂർണ്ണസംഘം
ജാതമാക്കി ജഗദ്ഗുരുവദ്വൈതവാദി (നാരാ)

രണ്ടായിരത്തഞ്ഞൂറാണ്ടുകഴിഞ്ഞിട്ടീസ്സന്ദേശമാം
ചെണ്ടാരവം മുഴങ്ങിയീധർമ്മൈകക്ഷേത്രത്തിൽ (നാരാ)

നാരായണധർമ്മമല്ലോ കേരളത്തിൽ മാത്രമല്ല;
പാരാകവേ പരിമളംപരത്തും ധർമ്മം (നാരാ)

ഏഴകൾക്കു, പാരതന്ത്ര്യച്ചേർക്കുഴിയിൽകഴുത്തോളം
താഴുവോർക്കു, തലപൊക്കാം തണ്ടാർകപോലെ (നാരാ)

ചാതുർവർണ്യസാർവഭൌമൻ നാരായത്താൽ താഴ്ത്തിയിട്ട
ജാതിക്കാരിതന്നുദരകന്ദരജാതൻ (നാരാ)

ബുദ്ധൻ, ക്രിസ്തു, നബിയെന്നീമധ്യമമഹർഷികൾ തൻ
മദ്ധ്യത്തിങ്കൽ പുതുമണം പുലർത്തിനിൽപ്പൂ (നാരാ)

നാനാജാതിമതങ്ങളുമൊരേനാരിൽക്കോർത്ത നറും
സൂനാമലമാലപോലെക്കാലം കാണട്ടെ. (നാരാ)

# കർമ്മവീരർ.

(കാകളി)

വാക്കിന്റെ കാലം കഴിഞ്ഞു, തളിർക്കിലും
പൂക്കിലും, കായ്ക്കാത്ത പാഴ്മരമാകൊലാ;

ഇന്നത്തെലോകമിപ്പൂച്ചെടിപ്പൂച്ചക-
ളൊന്നിലും നമ്പില്ല മായാമൃഗത്തിലും.

നാവിൻതലയ്ക്കലും, തൂവലിൻതുമ്പിലും
മേവും മയക്കമരുന്നിൽ ഭ്രമിക്കയോ?

കർമ്മവിശുദ്ധിയിൽ വിശ്വസിപ്പിക്ക നീ!
ധർമ്മമെയ്ച്ചട്ടയിൽ കാണണം പോർനിണം.

പുല്ലിൻതലകളെത്താഴ്ത്തും, തപനന്റെ
തല്ലൊന്നുകൊണ്ടാൽ തകർന്നുകാണാതെയാം;

ഇമ്മഞ്ഞുതുള്ളികളെന്താം? ഹിമാചല-
പ്പൊന്മുടിചൂട്ടും ഭരതക്ഷിതിക്കഹോ!

വാളെടുത്തൊന്നാഞ്ഞുലച്ചുകാണിക്കിലും,
കാളംവിളിക്കിലും, ഭേരിമുഴക്കിലും,

സത്യധർമ്മങ്ങളെക്കാക്കുവാൻ നിർഭയം
മാർത്തട്ടുകാട്ടുവോൻ മാത്രമെൻ വീരനാം.

വാക്കിൻെറ കാലംകഴിഞ്ഞുപോയ്, വാഗസ്ത്ര-
വായിൽപ്പുരട്ടിന പൂന്തേൻ ചവർത്തുപോയ്;

വേദേതിഹാസങ്ങൾ വിപ്രചണ്ഡാലാദി-
ഭേദം പുലർത്തും വിഷവിത്തുമായിതോ?

പൊന്മയപ്പൂപൊററതന്നെയാം പാഴ്മൊഴി;
കർമ്മവീരർക്കേഴും കാൽച്ചെപ്പാടി കാമ്യമേ!

ധർമ്മപ്പെരുമ്പട താക്കിപ്പുറപ്പെട്ടും
കർമ്മവീരന്മാരിൽ മന്നിൻ മഹോദയം.

ലിങ്കൻെറ ശംഖൊലിയെത്ര ശതാബ്ദങ്ങൾ
തങ്കശ്ശൃംഖലാനാദം ശമിപ്പിച്ചു?

നമ്മുടെ 'നായകൻ' നാട്ടിൻ നടുങ്ങലി-
ലെമ്മട്ടൊഴുക്കിയോ വാക്കർമ്മധീരത?

പാഴിടിക്കുണ്ടുകളെങ്ങീ സ്വാതന്ത്ര്യത-
യ്ക്കുഴിയിൽ കൊററക്കുടകളെങ്ങിശ്ശിവർ?

വാക്കിൻെറ കാലം കഴിഞ്ഞുപോയ്, വാഗസ്ത്ര-
വായിൽ പുരട്ടിന പൂന്തേൻ ചവർത്തുപോയ്.

# * ഒരു മായാത്ത ചിത്രം.

---

(കേക)

നേരിയൊരിരുളോടെ പുലരിപ്പൂമാറിങ്കൽ
മാരിക്കാർപുതപ്പിച്ചു; മറച്ചു മാനമല്പം

പൊൻഞായർദ്ദീപ്തിതൻ പോലും ദുഷ്കാലമുഷ്കാൽ മങ്ങി;
പൊങ്ങിയും താണും കാലചക്രമേ, ചലിപ്പൂ നീ!

മാരിയോ കോരിച്ചൊരിഞ്ഞീടുന്നു: ചീറും കാററു
മാമരമുലയ്ക്കുന്നു; വീട്ടിലൊന്നിവൻ പററി

ഒട്ടിയ കവിളോടും; നട്ട കണ്ണുകളോടും—
പട്ടിണിമൂർത്തിപോലെ മൂത്തിയൊന്നെത്തിനോക്കി.

നിസ്സ്വത തള്ളിത്താഴ്ത്തുന്നെങ്കിലും, താരുണ്യത്തിൻ-
നിസ്സമനിസർഗ്ഗാഭ നിഴലാടുമ്പോഴും മുഖം.

തുണ്ടുതുണ്ടായിത്തുന്നിക്കൂട്ടിയ കീറത്തുണി-
യുണ്ടു നല്ലാരിൻ നവയൗവനയവനിക!

ഭാനുമൽകരമേല്ക്കാൻ ഭാഗ്യമറെറാരു താരിൻ-
ഭാരമേന്തിടും വൃദ്ധവല്ലിയൊന്നല്ല നാട്ടിൽ!

---

* എടക്കുളത്തുവച്ച്.

പുറംതിണ്ണയിലൊരു പുല്പായ നൽകി വീണ്ടും
വിറപൂണ്ടൊരു കൈയാൽ വിസ്ഫുട മതം വൃദ്ധ.

തളിർവെററില രണ്ടു, താരിളംകൈയാൽ നുള്ളി-
ത്താളാക്ഷിയാളാതിഥേയി, തൻ തായയ്ക്കേകി—

സുലഭം താത്തീയകരസമെന്നുള്ളിൽത്തള്ളി-
യലച്ചു; നിസർഗ്ഗാർദ്രമല്ലോ മാദൃശചിത്തം.

ഏതൊരു ചതുർവിധവിഭവം ക്ഷുദ്രപതാ-
പ്രീതിയെ ക്ഷണമാത്രം ചെക്കുവാനതകുന്നു

നെഞ്ചാളിനീറും നിജപട്ടിണിപ്പാടതിൻെറ
ചെഞ്ചായപ്പകിട്ടിനാൽ ചെററിവർ മറയ്ക്കുന്നു,

അ 'മുറുക്കാ'ന്നെൻമുമ്പിൽവെച്ചു വെപ്രവ്യഗ്രം;
സൗമുഖ്യപൂർവ്വം ഞാനസ്സത്കാരം സ്വീകരിച്ചു.

അന്നുതാനാതിഥ്യത്തിന്നവ്യാജാകൃതി കണ്ടേ-;
നിന്നുമുണ്ടെൻെറ ചിത്തഭിത്തിയിലതേ ചിത്രം.

വാനിടമിരുണ്ടാലും, വാർമഴവില്ലു വീശും;
വേനലിൻചുടുവെയിൽ വെണ്ണിലാവായി മാറും.

തനയൻ തള്ളയ്ക്കു,മിത്തരുണിക്കുമേകാധാരം,
തന്നാലയംവിട്ടു ജോലിക്കായ് വിദേശസ്ഥൻ.

അനഘം വിയർപ്പുനീർമുത്തുകളപ്പിക്കിലും,
ധനദേവത തെല്ലും തെളിയാതയാൾ ദീനം!

നാൾക്കുനാൾ നൈരാശ്യത്തീനാളത്തിലെരിയും തൻ-
പാഴ്ക്കുടിൽ കിനാവുകണ്ടെന്തു പാർക്കയാം പാവം!

നബിതൻ സാഹോദര്യസന്ദേശമെങ്ങോ? ഖുറാൻ
നടമാവഗ്ഗഃസ്നേഹവല്ലിതൻ നാമ്പുമെങ്ങോ?

ബാപ്പതൻകാലത്തിവർ ബീബിമാർ, പട്ടാട, പൊൻ-
കാപ്പണിക്കരങ്ങളാൽ പേർത്തും ചാർത്തിയ കൂട്ടർ!

നാലുനാൾ കൃശോദരിതന്നിക്കം, തായയ്ക്കുമേ
മാലുററ ജഠരാഗ്നിയാററുവാനാകും വസ്തു,

ഏതൊന്നിൻ സഞ്ജീവനമഞ്ജുളശിഞ്ജിതത്താൽ
കാതൊന്നുകുളിർപ്പിപ്പാനന്ധതൻ തലതാഴ്ത്തും?

താർമാതിൻ തങ്കത്തൂക്കാൽ ചാർത്തുമപ്പീലമ്പിതല-
ത്തുമ്പിനിയൊന്നുവെച്ചേൻ വെററില ച്ചെല്ലത്തിൽഞാൻ

സാരള്യസുകുമാരാധീരനോട്ടത്താൽ തയ്യൽ;
നീരണിനയനത്താൽ തള്ളയും നന്ദിയോതി.

കാർമറയല്പം നീങ്ങി; കതിരോൻകാന്തി കണ്ടു;
ഞാൻ മന്ദമന്ദം കിഞ്ചിത് കൃതാർത്ഥൻ നടകൊണ്ടു.

* * * * * * *

പണമേ, പ്രണാമം തേ! നീയല്ലോ ജഗത് പ്രാണൻ
പ്രണയപ്രകർഷത്തിന്നത്രേ നീ തലതാഴ്ത്തു!

കുന്നിന്റെ കൂടത്തിങ്കലെത്തിയാൽ കൂപ്പീടാനും;
കുണ്ടിൽവീഴുകിലാർത്തുകൊട്ടാനുമാണോ കൈകൾ?

വേനലിൻവെയിലേററു കാൽനൊന്തു ക്ഷീണിക്കുന്ന
ദീനരാം പഥികരെത്തണലിൽപ്പിടിച്ചു്ക്കൂ!

ആനനം ചുട്ടുനെടുവീർപ്പിനാൽ വാട്ടി,ച്ചുട്ടും-
കാനലിൽച്ചുററുമ്പോൾ കുളുർനീർച്ചോല കാട്ടൂ!

തലയിൽബ്ഭാരംപേറി വീർപ്പുമുട്ടുന്നോർക്കൊന്നു
അംസം ചേർന്നു താങ്ങുകൈനീട്ടിത്തുഴകണേ!

അസ്ഥാനവ്യയവ്യഗ്രസ്നേഹമൊരിറ്റെങ്കിലു-
മന്തിപ്പാത്തിരിയൊന്നു കൊളുത്താൻ പകർന്നാലും!

ഔർവ്വാഗ്നിയെപ്പോലും കെടുത്തീടുവാൻ കെല്പുകാണും
ദ്രവാർദ്രക്കണ്ണീരിനാൽ നനഞ്ഞൊരുടുപ്പിലും,

തെല്ലു തീപ്പുക പൊങ്ങാൻ—തീപ്പൊരി പാറിക്കാണ്മാൻ
വല്ലതും ഉണ്ടുകൊള്ളി വിറകെങ്കിലും വെയ്ക്കൂ!

ശൂന്യഭാജനത്തിങ്കൽ ധാന്യങ്ങളർപ്പിച്ച,തിൽ
ധന്യത സമ്പാദിക്കൂ! ധനി! നീ സഹോദര!

## * മൌലിയിൽ ചാർത്തുവാൻ മാല.

---

അംശുമാൻ സംശയംകൂടാ-
തേതോദുർദ്ദിവസാന്തരേ
അന്ത്യയാത്രകഥിച്ചീട്ട-
മെന്നോടെന്നറിവുണ്ടുമേ 1

എൻനാളിരുളിലാണ്ടീട്ട-
മന്ദമിക്കന്നുകാലികൾ
പച്ചപ്പുൽച്ചുട്ടയിട്ടുള്ളോ-
രാററിൻകരയിൽ മേയുമേ. 2

ആലിൻചുവട്ടിലങ്ങിങ്ങും
ആട്ടമേയ്ക്കുന്നൊരർഭകർ
ഓടക്കുഴൽ വിളിച്ചുന്നു-
മാടിപ്പാടി നടക്കുമേ. 3

ബാഹാലതയിലേക്കെന്നെ-
യെന്തിനായി വസുന്ധര
വിളിച്ചു ഹന്ത ലാളിച്ചി-
തെന്ന തത്വചിദ്ബോധവും; 4

അദ്രേചിതൻ നിശാകാല-
സാന്ദ്രശാന്തതയെന്തിനോ
സ്മേരതാരങ്ങളെപ്പററി-
യെന്നോടോതിയതെന്നതും; 5

അഹസ്സിൻെറ മഹസ്സാമെൻ
വിചാരങ്ങൾ വിടുർത്തും;
എന്തിനെന്നന്തരിക്കും മു-
ഖൈന്നിൽ ബോധമുദിക്കണേ! 6

അങ്ങേത്തിരുമുഖം കാണ്മാൻ
കൊളുത്തട്ടെ വിളക്ക ഞാൻ;
മൌലിയിൽച്ചാർത്തുവാൻ മാല
കോർത്തുവയ്ക്കട്ടെ! ഞാൻ വിഭോ! 7

---

* ടാഗോർ

## * പനിനീർപൂവ്.

നഖമോട്ടു വിരിഞ്ഞ നിർമ്മലേ, നിൻ-
നിലയും, നന്മണവും മനോജ്ഞമല്ലോ.
പുലർവേളയിൽ നിന്റെ കൊച്ചുജന്മം
മലരേ, മർത്ത്യർ കൊതിച്ചുപോയിരിക്കാം.

വരിവണ്ടുകളാർത്തുവന്നു മുള്ളിൽ
ചെറുനീലച്ചിറകല്പമായ് മുറിഞ്ഞാൽ,
മലരേ, മുറിയട്ടെ, മേന്മനേടാൻ
പലകഷ്ടങ്ങൾ സഹിക്കതന്നെവേണം.

കുളിർ പുഞ്ചിരിയും ചൊരിഞ്ഞു പൂവേ,
തളിരിൻ ലാളനമേറ്റു നിൽക്കവേ, നീ,
അഴകൊത്തു പറിച്ചെടുക്കുവാൻ മേ
കഴിവില്ലാതെ കരം പതുങ്ങിടുന്നു.

---

* ബാലന്മാർക്ക് എഴുതിയത്

# സ്വാതന്ത്ര്യഭിക്ഷ.

(മാകന്ദമഞ്ജരി.)

കാട്ടാറിരമ്പലിൽ മുട്ടൊരു ശബ്ദം ഞാൻ
കേട്ടു വിളിപ്പാടകലെയായി.

മാനുഷത്വത്തിന്നൊ നിൎദ്ദയമൎദ്ദനം
മായ്ച്ചൊരു കോലമെൻ കണ്ണിൽപ്പെട്ടു.
മാടിവിളിച്ചു തദാലിംഗനോത്സുക-
മാകുമെൻ തുള്ളിക്കയൂന്ന ഹസ്തം.

കാട്ടിലലറും കടുവയെക്കണ്ടിട്ടു-
മോളംത്തുടരാത്ത നായാടി, നീ.
നാട്ടിൽ നരനെ—സ്വസോദരനെ—ബ്ഭയ-
പ്പെട്ടാണൊ പാവം! പകച്ചു പായ്വൂ!

പൊട്ടിച്ചെറിയുക! സോദര, നിന്നുള്ളി-
ലൊട്ടിയ ഭീതിയെസ്സത്യഭാസ്സിൽ
ഹിന്ദുവെജ്ജന്തുവേക്കാളും ഭയപ്പാടോ?
ബന്ധുവാകേണ്ടവൻ ബദ്ധവൈരി!

സ്നേഹിത, സോദര, പായൊല്ലേ, പായൊല്ലേ!
സ്നേഹമാണീയെന്റെ ഗേയം, ധ്യേയം.
"സ്വാൎത്ഥം വിഴുങ്ങിന പിണ്ണിന്റെ വെണ്മയ-
സ്സത്തിങ്ങുവീണ്ടും വെളിപ്പെടാനും;

സത്യത്തിൻ ശംഖൊലി വിസ്പഷ്ടം കേൾപ്പാനും;
പുത്തൻ സ്വാതന്ത്ര്യം പുലർത്തുവാനും;
ഈലോകസ്വാതന്ത്ര്യയോദ്ധാക്കളെക്കത്തി-
ത്തൂലികകൊണ്ടു തുലയ്ക്കുവാനും;
ശ്രദ്ധിക്കുമെന്നോർത്തോ പേടിച്ചുപോയി നീ-”
യിത്തരം ചിന്ത മനസ്സിൽച്ചീന്നി.

തോളിൽ ഞാൻ കൈയൊന്നു വെയ്ക്കവേ, ജാതിപ്പോർ-
വാളിതെന്നോർത്തു നടുങ്ങിപ്പോയോ?
അന്തികത്തെയ്ക്കൊന്നു വന്നാലുമെന്നിവ-
നന്തിയും, തമ്മിയും കൊണ്ടുപോന്നു!

കാലുകൾ കാണിയും നീങ്ങുമോ ഹാ! ജാതി
കാൽച്ചങ്ങല കെട്ടിയിട്ടിരിപ്പൂ!
“തല്ലുമേ തമ്പ്രാക്കൾ, കൊല്ലുമേ തമ്പ്രാക്കൾ
ഇല്ലാവഴിയെ”ന്നു താൻ വിലക്കി.
മെയ്യിലുണങ്ങാത്ത ജാതിപ്രഭുത്വത്തിൻ-
കൈയേററപ്പാടുകൾ കാട്ടിത്തന്നു!

“സ്വാതന്ത്ര്യഭിക്ഷയിരക്കുന്നിതാ കോടി
ഭീതഹൃദന്തങ്ങൾ പാതിപ്രാണർ!
ഇമ്മട്ടു ചെമ്പുകാശിട്ടു കൊടുക്കയോ
ജന്മാവകാശത്തെത്തീറുവാങ്ങി!

മണ്ണിൽ പിറന്നവർ, മണ്ണിലരിച്ചും; ഹാ!
കണ്ണിൽക്കണ്ടുള്ളവർ കാലാൽത്തേച്ചും!
മണ്ണിലടിയവേ കീടങ്ങൾ, മാദൃശ-
മർത്ത്യക്കിടാങ്ങൾ മർമ്മാഘാതം!

“ഏതൊരിരുൾക്കുത്തും തള്ളിത്തടം തല്ലി-
സ്വാതന്ത്ര്യവല്ലീ കിഴക്കൊലിപ്പൂ?
സ്വാതന്ത്ര്യവല്ലി,യിത്താർമൊട്ടിൻ ബന്ധനം
ഭേദിച്ചു തള്ളിപ്പുറപ്പെട്ടതോ?
സ്വാതന്ത്ര്യസന്ദേശം നീളെപ്പരത്തി, യീ
പ്രാതസ്സമീരണൻ, സഞ്ചരിപ്പൂ!
പാഴിരുൾപ്പാതയിൽ, ചെന്തീപ്പൊരിയൂതി-
പ്പാളിപ്പടർത്തുവാനാരിപ്പാരിൽ?

ഉച്ചക്കൊടുവെയിൽ തട്ടിയുണങ്ങിയും;
കൊച്ചുഞരമ്പു കരിഞ്ഞുകൊണ്ടും;
നിച്ചിലും നില്ക്കുമീ സ്നേഹച്ചെടിയിന്മേൽ
പച്ചിലയൊന്നു പൊടിച്ചു കാണ്മാൻ,
ഗംഗാനിളകളൊഴുകുമീയൂരിൽ നാം-
മെങ്ങും കാണ്മീലൊരു കൈകത്താങ്ങടുന്നോ?
വിശ്വമേറീട്ടമീയോഷധി വിണ്ണിൽനി-
ന്നാശു തഥാഗതൻ നട്ടുപോയി!

* * * * *

ജാതിചോദിക്കയോ, ജാതിചിന്തിക്കയോ
ജാതിപറകയോ ചെയ്യൊല്ലാരും.
സത്യത്തെക്കൈയിൽ തിളങ്ങും കണ്ണാടിയിൽ
മർത്ത്യനിഴലൊരേ മട്ടിൽ വീഴ്വൂ!

## തത്തയും ചെമ്പോത്തും

ചെമ്പോത്തു പിടിച്ചിതാ മുററത്തെക്കറിവേപ്പിൻ-
കൊമ്പത്തു കുരു കൊത്തിത്തിന്നിരിക്കുന്നു സ്വൈരം.

കൂട്ടിലിട്ടൊരു തത്ത മട്ടിളംകഴുത്തൊട്ടു
നീട്ടിയപ്പുറവയെപ്പാർത്തുകൊണ്ടിമ്മട്ടോതി:

“തോഴരേ, തൊഴുന്നു ഞാൻ സ്വാതന്ത്ര്യനന്ദനിലാ-
ത്തൂഴിയിലുണ്ണുംനിന്നെദ്ദീനനിപ്പരാധീനൻ
എന്നുടെ ജന്മനാടെന്മേനിപോലിളംപച്ച-
യെന്നുമേ വിരിച്ചിട്ട പൊൻവിളയുന്നഭൂമി-
യിക്കതിർ കൊത്തിക്കൊറിച്ചെൻ പൂർവ്വപിതാമഹർ
എക്കാലം സ്വാതന്ത്ര്യത്തിൻ സ്വാദുത പാടിപ്പോന്നു.

ബന്ധിച്ചു ജനത, തദ്ഭാഷയെ നിർഭരം നിർ-
ബന്ധിച്ചു പഠിപ്പിച്ചൂ—പാരതന്ത്ര്യത്തിൻപാഠം!
കഷ്ടിച്ചുള്ളോരുവയറഷ്ടിയേ കിട്ടുന്നുള്ളൂ;
കിട്ടുവതെന്തു ഹാ!ഹാ! ത്യാജ്യമാം ഭോജ്യംമാത്രം.

എന്നുടെ ജീവമുയിരായൊരു തായ്മൊഴിക്കു
വന്നൊരു പരാഭവം ദാസ്യാന്ധരുണ്ടോ കണ്ടു?
മേലാൾ തന്മൊഴി ചൊല്ലിയഭ്യസിച്ചാൽമാത്രംകിട്ടും
കാലത്തുമുതലന്തിയാവോളംകാത്തിട്ടെച്ചിൽ!
നാട്ടുകാരോടും തന്റെ വീട്ടുകാരോടും മറു-
നാട്ടുഭാഷയിൽ പേശും തള്ളതൻമറുപിള്ളേ!

ദാസ്യത്തിൻ പരസ്യപ്പാഴ്ക്കോലമേ! വികൃതാസ്യ-
ഹാസ്യത്തിൻ ചലച്ചിത്രപാത്രമേ—ചിരിക്കാം ഞാൻ.

സ്വാതന്ത്ര്യമന്ദാരവുംപോലവേ സഗൗരവം
സ്വാഭിമാനത്തോടോതീ ചകോരം പ്രത്യുത്തരം:
വഴിയിൽക്കണ്ടാലാട്ടുമോട്ടുമിങ്ങനെ വണ്ണ-
വഴക്കാലടിപിടികൂട്ടുന്ന കൂട്ടുകാരേ,
നിങ്ങൾക്കു തിന്മാനൊരു കല്പകക്കനിതന്നാ-
ലിങ്ങനെ തമ്മിത്തല്ലി മററുള്ളോർ വശത്താക്കും.
സർവ്വും സമാനമായ് ദർശിക്കും ശ്രുതബ്രഹ്മം
നിർവൈരനൊരാൾമാത്രം മതിയോ മമ തോഴ!

കൊത്തുകൂടാതെ നിങ്ങളൊത്തുകൂടുക,യെന്നാ-
ലുത്തുംഗസ്വാതന്ത്ര്യത്തിന്നുദയം കാണാറാകും."

## സ്നേഹസന്ദേശം *

(കേക)

ആരിവർ, ചീറും കാററിൽ, തോരാതെ ചൊരിയുന്ന
മാരിയിൽ, പ്രകൃതിതൻ പച്ചപ്പൂക്കുടക്കീഴിൽ?

നിങ്ങളോ പെറുമക്കൾ, മാതൃഭൂമിക്കുമക്കൾ!
നിങ്ങളോ ഹിന്ദുമാത്രശബ്ദനാമധഃകൃതർ!
കീറിയൊരിലച്ചീന്തിൽ കുപ്പയിൽ കൊട്ടാൻവെച്ച
ചോറിതുമുമ്പിൽ, പ്പോരിനുണ്ടു കാക്കയും നായും!
ഉച്ഛിഷ്ടം ഭുജിക്കയാമുദരാർത്തിയാൽ, നാമു-
മുച്ഛിഷ്ടാശികൾ, മാറിനിൽക്കേണ്ടവർ, മാതൃഭൂമേ!

അന്നേരം വാനിൽച്ചീന്തും കരിങ്കാർച്ചൊല്ലിപോ-
ത്തന്നെയിച്ചെറുക്കന്മാർക്കുള്ള ചേറണിമുണ്ടും! (ലെ-
പട്ടിണിപ്പിശാചിന്റെ പട്ടടച്ചൂടിൽപ്പൊട്ട-
ണ്ടൊട്ടിയവയററിലും, നട്ടൊരു മിഴിയിലും!
എങ്കളെലിയിച്ചൊരാറഴകളുടെ 'തന്ത'
തങ്കരം കൊണ്ടുതങ്കച്ചങ്ങതിരകളാക്കി,
ശങ്കര! കുബേരർതൻ 'കുമ്പവീർപ്പിക്കൾ' നിത്യ-
കിങ്കരൻ: പരിതൻപോൽ സുഭക്ഷതചാരികന്മി!
പാക്കനാർ പരിത്യജിച്ചുള്ളതാ 'ഫാളെക്കൊല്ലി'
തത്കുലോത്ഭവന്മാരെത്താനേക്കെവട ഞ്ഞിരോ?

---

(* വിക്‌ടോറിയാകോളേജ് ഹോസ്റ്റലിന്റെ മുമ്പിൽക്കണ്ട ഒരു കാഴ്ച)

നമ്മുടെതായാർ മുലപ്പാലൊപ്പമൂട്ടിത്തന്നൊ-
യിമ്മട്ടുതീററിപ്പോററിപ്പോരുമിസ്സഹോദരർ
അടുത്താൽ തീണ്ടൽപോലു! മെന്തൊരു തീരാവ്യാധി!
ചുടുനീർപൊഴിക്കുന്ന പെററമ്മപൊറുക്കുമോ?

പട്ടിണിനിഴൽപ്പാടിൽ പാവങ്ങൾ, പാരതന്ത്ര്യ-
മട്ടിണ്ടുചമയ്ക്കുന്ന നൈരാശ്യമയലോകം!
വിദ്യയില്ല,തിനുള്ള മോഹമില്ല,യെങ്കിലും
അദ്ധ്യസൌകര്യംപോരാ, സോദരസാഹ്യമില്ല!
വാല്മീകിവ്യാസന്മാരെ വരിച്ച വാഗീശ്വരി,
വാഴുമോ വാമ്പിട്ടു വെളിച്ചം വീശാതെ നീ?

ജാതി,നീ?യോഗക്ഷേമപ്പൂവിലെപ്പുഴുക്കളേതോ-
ജാതി,നീയിക്കേരളകേദാരക്കെടുവിത്തോ?

പോരുമേ! പോരും നിൻെറ പോർവാളിന്നിളക്കമി-
പ്പാരിതാ പരാധീനമാക്കിനീ ചെട്ടിത്തമ്പിൻ!
അരുടെ വിയപ്പുനീർ പ്രകൃതിക്കപ്പിച്ചതിൻ-
ചാരുവാം ഫലമതെന്നുണ്ണുമ്പോഴോർക്കുമോ?
നല്ലരിച്ചോറുവേണ്ട, ‘കല്ലരി’ ‘കരിക്കാടി’
തെല്ലേകി‘ത്തമ്പ്രാക്കൾക്കു’ കൃതകൃത്യത നേടാം.
പൊൻവെള്ളിനാണ്യനാദബ്രഹ്മമതിൽലയിക്കുമ്പോൾ,
പാവങ്ങൾക്കൊരു ‘ചെമ്പുകാശേ’കാൻ മറക്കൊല്ലേ!

ഗൌതമബുദ്ധൻ തൊട്ട ദിവ്യദേശികമുഖ്യ-
രേതൊരു സാഹോദര്യവല്ലിയെ വളർത്തിയോ,
പൂതമാമതിൻമൂലം മുറിപ്പാൻ പുറപ്പെട്ട
കൈതവാകൃതികളേ! മരിപ്പിൻ സ്മൃതികളേ!

എന്മനഃകുഹരത്തിലെങ്ങോ പാഴ്ച്ചളിപാറാ-
ളണ്മയിൽക്കിടപ്പുണ്ടു തെല്ലൊരു കെടാപ്പൊരി
എങ്കിൽ, ആയതു ജീവിസ്നേഹത്തെജ്ജ്വലിപ്പിക്ക-
മെങ്കിൽ, ഞാൻ ധന്യധന്യ, നെൻ ധനമതുതന്നെ.

ചാരുതമെൻകവിതേ! നിൻപാത്രുകതി ചാതുര്യത്തി-
ലാരുമേ മയങ്ങുമെന്നാശിച്ചോ, മാറീ കാലം!
അശരീരിയാംമൊല്ലും ചെവിക്കൊള്ളാത്തനാളി-
ലശക്തം തവ ശാന്തസംഗീതം കേൾക്കപ്പാരുണ്ടോ?
സ്നേഹസന്ദേശം—നിന്റെ നിസ്സ്വാർത്ഥജന്മോദ്ദേശം—
വ്യാഹതിയററു പാടേ പാഴത്തു! ഫലം നാളെ.

---

# കൈനിലയിലെക്കലഹം.

(മാകന്ദമഞ്ജരി)

പൊള്ളുംചെന്തീയിനെപ്പൊന്നെന്നു പോയ്പ്പുണ്ടു-
കൊള്ളുവാൻ പിഞ്ചുകിടാങ്ങളോ നാം?
തീയ്യൻ ചവിട്ടേററു താണുകിടക്കവേ,
കൈയൊന്നു നീട്ടിക്കഴിഞ്ഞിട്ടില്ല;

'ബ്രാഹ്മണ്യം' തൻ തല്ലുകൊണ്ടു പുലയനു
തന്മെയ്യിൽപ്പുണ്ണുമുണങ്ങീട്ടില്ല.
വർഗ്ഗീയസ്പർദ്ധയിങ്ങാകെ വിഴുങ്ങിയോ
സ്വർഗ്ഗീയസ്നേഹസുധാകരനെ?

സൗഭ്രാത്രമന്ത്ര,മുരുക്കഴിച്ചന്തികേ
സൗവർണ്ണസ്വാതന്ത്ര്യസ്വർല്ലക്ഷ്മിയെ
പ്രത്യക്ഷയാക്കീട്ടു നിർവൃതി നേടിടാം,
ജാതിപ്പിശാചി പുളച്ച പാരിൽ.

തങ്ങളിൽത്തല്ലിത്തല തകർത്തീടുമാ-
റിങ്ങശസ്ത്രപ്പോരിന്നാരവങ്ങൾ
സഹ്യാദ്രിസാനുവിൽച്ചീറവേ, പശ്ചിമ-
സാഗരവീചിയിലാഞ്ഞടിക്കേ,
കാതടച്ചീടുന്ന കോലാഹലത്തിലോ
സ്വാതന്ത്ര്യമന്ത്രസ്വരങ്ങൾ കേൾപ്പൂ?

അന്തഃച്ഛിദ്രാഗ്നി പുകഞ്ഞ പുകയല്ലോ
ഹന്ത! ഹിമാലയം വിട്ടുപൊങ്ങി
പാശ്ചാത്യലോകാനുകമ്പാ വിലോചനം
പാടേ മറച്ചതു നൂററാണ്ടോളം!

കോൾകൊണ്ടു ചീറിമറിയുന്ന കായലിൽ
പോകൊല്ല! ചാകൊല്ല! സാംയാത്രികർ
സ്വാതന്ത്ര്യനൗകയ്ക്കു സഞ്ചാരയോഗ്യമീ-
പ്പാഥസ്സോ?—ശാന്തിപ്പരപ്പേ പറവൂ!

ജാതിയിടിത്തീയിൽ ഹിന്ദുമതദ്രുമം
പാതിയും വെന്തിതാ പാഴായ്പ്പോയി.

അദ്ധ്യാത്മദീപം കൊളുത്തിയൊരൂഴി താൻ;
അദ്ധ്യാപിക,യന്യനാട്ടുകാർക്കും.
എങ്കിലുമിത്രയ്ക്കു നീണ്ടെഴും പാഴിരുൾ-
പ്പങ്കിലമായുള്ള പാരില്ലെങ്ങും!
വേദാന്തം വെണ്മഴുവാണോ സൗഭ്രാത്രത്തെ
ഛേദനിപ്പിച്ചാകെ വേരറുപ്പാൻ?

പാരതന്ത്ര്യത്തിലിപ്പാരിന്നിരുപ്പു, ഉ-
ദ്ധാരകമിയ്യുള്ളോർക്കെന്തു ചെയ്യാം?
ആത്മസ്വാതന്ത്ര്യത്തിൻ സ്വാദറിഞ്ഞുള്ളോരാ-
മാര്യർഷിമാരുടെ മാതാവേ, നീ
നീണാളിജ്ജാതിതൻ ജാഡ്യത്തിൽത്താൻ നീന്തി-
വാണാൽ സ്വതന്ത്രതാതീരം കാണാ!

നീളെ മനയ്ക്കൽ മറക്കുടയാലെയും, ദൂര-
ച്ചാളയിലാക്കിച്ചെറുമനേയും,
സോദരന്മാരെപ്പിരിച്ചു പലവഴി
ഭേദം പുലർത്തവേ, ജാതിജാഡ്യം
നാളെ ‘സ്വരാജ്യ’വും സ്വാതന്ത്ര്യലബ്ധിയും
നാടേ, നീ പാഴ്ക്കിനാവല്ലോ കാണ്മൂ!

കണ്ടകാവിലമാം മാർഗ്ഗത്തിൽ കാൽ നൊന്തും,
ഞൊണ്ടിയും, പിന്തിരിയാതെ മാതേ,
എത്താനുമെങ്ങാനുമെത്തിയോമീ ഞങ്ങൾ
ജാതാശം പ്രാപ്യഭൂ പററാൻ നോക്കാം.

---

## അദ്വൈതപുഷ്പത്തിലെ അളി.

---

അദ്വൈതപുഷ്പത്തിനകത്തിരുന്നു
പൂന്തേൻ നുകർന്നോരളിയെങ്ങു പോയി?
പുംസ്കോകിലം പാടി മറഞ്ഞു—പാടേ
ഝങ്കാരവും നിന്റെ നിലച്ചു!—ശൂന്യം.

അദ്രിവ്യതേജോവിഭവത്തിൽ നിന്നു-
കത്തിച്ചു നിർത്തീടിന നെയ്‌വിളക്ക,
ഹാ! ജാതിജന്യം ജടിലാന്ധകാരം
നീക്കുന്ന നിൻ ദീപ്തിയുമസ്തമിച്ചു.

പരന്നിരിക്കും പതിനെട്ടു ലക്ഷം
നരർക്കുമൊപ്പം നവജീവനേകാൻ
പര്യാപ്തമാമക്ഷയകാന്തിശക്തി
നിറച്ചുവെച്ചീടിന കണ്ണകാണ്ഡം,

അദൃശ്യമായാർത്തു പുളച്ച ജാതി-
രക്ഷസ്സൊടൊററയ്ക്കടരാടുവാനും,
അധഃകൃതന്മാരെയൊരായിരത്തിൽ-
പ്പരം പിടിച്ചുകൊട്ടു പൊക്കുവാനും.

കരുത്തുകാണും കരദണ്ഡയുഗ്മം,
വിരിഞ്ഞ മാർത്തട്ടു, സുധീരദൃഷ്ടി

അമാനുഷാകാരമിതെങ്ങു മറഞ്ഞു?
മറയില്ല, ചിത്രീകൃതമെന്മനസ്സിൽ.

സത്യവ്രതസ്വാമികളേ, ഭവാന്റെ
ഭസ്മാവശേഷങ്ങളിൽ നിന്നു വേഗം
ആവിർഭവിക്കൂ! നവകാന്തിയേന്തി-
സ്സംഘത്തിനാരുണ്ടു ശരണ്യനന്യൻ?

ആചാര്യസന്ദേശ പതാകയേന്തി
യിന്ത്യാമഹിക്കപ്പുറവും മഹാർഹം
വീശാനിരുന്നു മന്നമീ വിവേകാ-
നന്ദപ്രഭാവൻ സമുദായജീവൻ.

സ്നേഹപ്രവാഹം പ്രവഹിച്ചവില്ലാ-
ലിടിഞ്ഞതിൽജ്ജാതിയലിഞ്ഞുചേരും
ഇത്തത്വമതത്തിനു ധർമ്മധീര,
ശാണോപലം താവകജീവകാലം.

പ്രേമം മധൂളീമധുരം, ക്രമേണ
പീയൂഷമായ് മാറിഭവന്മനസ്സിൽ;
അമർത്ത്യനായീശ്വരമാകുമങ്ങു-
ന്നതിങ്കൽമോദിപ്പവർ ഭാഗ്യവന്മാർ.

അസ്സച്ചരിത്രന്റെ, യകന്മഷന്റെ,-
യാജീവ,മുത്ക്കൃഷ്ടവിചിന്ത പാകി
അനേകസത്യവ്രതരെസ്സവിപ്പാ-
നിബ്ഭൂവിനെസ്സംപ്രതി സജ്ജമാക്കി.

സ്നേഹോജ്ജ്വലം വൈദ്യുതകേന്ദ്രമാം
വിശ്രാന്തികൊള്ളുന്ന കുടീരമേ, നീ
ഉച്ചൈസ്തരം വാഗ്മിതയാലുണർത്തും
യുഗേയുഗേ ഹാ യുവലോകചിത്തം!

## ‘തമ്പ്രാക്കളേ’! *

(മഞ്ജരി)

1. “പോന്നുതമ്പ്രാക്കളേ! ചെമ്പുകാശേഴയ്ക്കു
തന്നു രക്ഷിക്കേണം തമ്പ്രാക്കളേ!”
സര്‍വ്വമതമൈത്രി നട്ടുവരുംവഴി-
യ്ക്കീവിധം യാചനകേട്ടു ദേവന്‍.
മന്ദം ചെന്നേ, കനെത്തൊട്ടിത്തലോടവേ,
മന്ത്രസംബദ്ധനായ് നിന്നാനവന്‍.
ഏവം തിരുമൊഴിത്തേന്‍തുള്ളി തൂകിനാന്‍
പാവങ്ങള്‍ തഞ്ചാരേ പാവനാംഗന്‍:
“പ്രേതവുമല്ലനാം; ഭൂതവുമല്ലനാം
ജാതിപ്പിശാചല്ല; പിന്മാറൊല്ലേ!”
എത്രയോ നൂററാണ്ടായ് ‘തമ്പ്രാക്കള്‍’ തന്‍തല്ലു
മാത്രമേറേററു മുറിഞ്ഞ മെയ്യില്‍,
എന്തോ വിരോപണ ദിവ്യവിലേപനാ-
നന്ദാനുഭൂതി സംഭ്രാന്തനെത്തി.
പാര്‍ശ്വസ്ഥഭക്തന്റെ ചോദ്യത്തിലിങ്ങോതി
ശാശ്വതശാന്തി ധനപ്രധാനന്‍:

---

൧. മന്ത്രസംബദ്ധന്‍=മന്ത്രത്താല്‍ കെട്ടപ്പെട്ടവന്‍. (സ്വാമിയുടെ കരസ്പര്‍ശംകൊണ്ടു അവന്‍ സ്തംഭിച്ചുപോയെന്നര്‍ത്ഥം.) പാവനാംഗന്‍=പരിശുദ്ധശരീരന്‍. വിരോപ......

---

* ശ്രീനാരായണഗുരുദേവര്‍, ആലുവാ സര്‍വ്വമതസമ്മേളനംകഴിഞ്ഞു തിരിച്ചെഴുന്നള്ളുമ്പോള്‍ നടന്ന സംഭവം.

“ഏതുകുമരുമസ്സന്താനങ്ങൾക്കെന്തുന്നാം?
ത്യാഗിയാം നമ്മോടോ യാചിക്കുന്നു?
കുററമില്ലാത്തുള്ള ശിക്ഷയിക്കുട്ടുകൾ
കുത്സിതം ലോക കുടിലശീലം!
ജാതി കുറിച്ചിട്ടോ ജാതകം? പാവങ്ങൾ
പാതാളക്കുണ്ടിൽത്താനെന്നും പാർപ്പോ?
നമ്മുടെ ദുർബലകൈകളാൽ പൊന്തിപ്പോ-
നെമ്മട്ടു ശക്യമോ? പാപം! ദ്രോഹം!”

2. പാവങ്ങൾ തൻപാട്ടു കണ്ടൊന്നിളകിപ്പോയ്
ദേവന്റെ നിർവ്വികാരാന്തരംഗം.

---

അനുഭൂതി=മുറിയുണങ്ങുവാൻ ദിവ്യമായ മരുന്നുതേച്ചാലുള്ള ആനന്ദാനുഭവം. ഗുരുവിന്റെ കൈകൊണ്ടു തൊട്ടപ്പോൾ ഇതുവരെ ഏററിട്ടുള്ള മർദ്ദനത്തിന്റെ വേദന ആ സാധു മറന്നു എന്നർത്ഥം. ശാശ്വത......ധ്യാനൻ=ശാശ്വതമായ ശാന്തിയെ ധ്യാനമായിക്കരുതുന്നവരിൽ (മഹർഷിമാരിൽ) മുഖ്യൻ. കുത്സിതം=നിന്ദ്യം. ജാതിയെയാണു് ഗുണകർമ്മങ്ങളെയല്ല ഇന്നത്തെ ലോകം പ്രധാനമായി കരുതുന്നതെന്നും, അതുകൊണ്ടു് ഒരുവൻ എത്ര ഗുണവാനായാലും താണജാതിയിൽ ജനിച്ചതുകൊണ്ടുമാത്രം നീചനായി വിചാരിക്കപ്പെടുന്നുവെന്നും ഇതിലും മീതെ പാപവും ദ്രോഹവും എന്താണെന്നും സാരം.

൨. ഗുരുദേവരുടെ ഹൃദയത്തിലുണ്ടായ വികാരത്തിരത്തള്ളൽ മുഖത്തു കണ്ണാടിയിലെന്നപോലെ കാണപ്പെട്ടു. മഹാത്മാക്കളുടെ ഹൃദയപരിവർത്തനം പ്രപഞ്ചത്തിന്റെ സ്ഥിതിഗതികളെ മാററുന്നതുകൊണ്ടു് ആകാശത്തിലെ നിറവും മാറിയെന്നർത്ഥം.

പങ്കജം മിഴിയോട്ടത്താലെന്നപോലെ;ത്തു
ചെങ്കതിർക്കണ്ണാടി കാട്ടിത്തന്നു.
അന്നേരം തുല്യാനന്ദത്തിപൂണ്ടിരുന്നപോ-
ലൊന്നുനിറംമാറി ചാന്ദ്രീമുഖം.

൩. ജ്യോതിസ്സൊതുക്കിയ യോഗിതൻ തൃക്കണ്ണു
ഭേദിച്ചു രണ്ടുചുട്ട നീർത്തുള്ളി
പൊട്ടിപ്പൊഴിഞ്ഞതറപ്പം പട്ടു താണ്ടാത-
മ്മട്ടിലിപ്പാറയിൽ പതിച്ചതാകിൽ,
നീറി വെണ്ണീറായി മാറാതീ മന്നിട-
മാറില്ലയെന്നപ്പോളാർക്കും തോന്നും.
പോകുംവഴിക്കന്നു ജീവികളെപ്പോലും, നോ-
വേകൊല്ലായെന്നു സദ്ധർമ്മമൂർത്തി
പല്ലവതുല്യകഴൽ മെല്ലവേ വെച്ചെത്തി,
പുല്ലിനും പുണ്യം ചേർത്താശ്രമത്തിൽ.
ദൂരസ്ഥക്ഷേത്രത്തിലാമോ തൃക്കാക്കലെ-
ന്നേരം പണക്കിഴി കാഴ്ചവെച്ചു,
'പാവങ്ങൾക്കേഴുന്നു പങ്കിട്ടു നൽകുവിൻ—',
ദേവൻ തൻസേവകരോടു ചൊല്ലി.

---

൩. അന്തർജ്യോതിസ്സായ ഗുരുവിന്റെ കണ്ണുനീർതുള്ളികൾ നിലത്തുവീണെങ്കിൽ ഭൂമി വെന്തു വെണ്ണീറാകുമായിരുന്നു. ഉള്ളിലൊതുക്കിയ തേജസ്സ് കണ്ണീർ വഴിയായി നിലത്തുവീണെങ്കിൽ അതു താങ്ങുവാൻ ഭൂമിക്കു ശക്തിയുണ്ടാവില്ലെന്നു സാരം.

# നിശാകാലചിന്ത.

അലയറെറഴുമാഴിപോലെ യീ-
യുലകം ശാന്തതയിലശ്ശമിക്കവേ,
കുലപവ്വതവും കുലുക്കുവാൻ
ബലമുള്ളോരിടികേട്ടു ഞെട്ടി ഞാൻ. ൧

ചില ചിന്തകളെന്തിനപ്പൊഴാ-
കുലമായ്ത്തീന്ന മദീയമാനസം
പല മിന്നൽ പടന്നെഴും നഭ-
സ്ഥലമോടൊത്തിളു; നീങ്ങിനിദ്രയും. ൨

നരലോകഹിതാഹിതങ്ങളെ-
ത്തരസാ തള്ളിയകററിടുന്നതായ്;
കരുററ മഹാവിബോധവി-
സ്ഫുരണത്തെത്തൃണമാക്കിടുന്നതായ്; ൩

ഇനതേജസമോചനം മിഴി-
ച്ചുനിമേഷം നിലകൊൾവതായ് സ്വയം

---

ശാന്തമായ രാത്രിയിൽ ഭയങ്കരമായ ഇടിവെട്ടുകേട്ടു് പെട്ടെന്നു ഞെട്ടിയുണന്ന കവി പ്രപഞ്ചത്തിന്റെ വിപരീതഭാവത്തെയും മററുംപററി ആലോചിക്കുന്നതു്.

൧. കുലപവ്വതം=ഹിമവാൻ തുടങ്ങിയതു്.

൨. ആകുലം=പരവശം. ആകാശത്തിൽ മിന്നലുകളെപ്പോലെ പല വിചാരങ്ങളും പെട്ടെന്നുണ്ടാവുകയും മറയുകയും ചെയ്യു.

൩—൪. തരസാ=വേഗത്തിൽ. മഹാ......സ്ഫുരണം=ഏററവും വലിയ ബോധത്തിന്റെ ആരംഭം.

പരമായെഴുമാദിശക്തിതൻ
സ്മരണത്തിങ്കൽ നിമഗ്നമായ്മനം. ൧

അടരിൽത്തല കൊയ്തൊടുക്കവേ,
പടയാളിത്തലവൻെറ ഭാവവും,
പടരും പ്രണയച്ചെടിയ്ക്കു ഹൃ-
ത്തടമേകുമ്പൊഴവൻെറ ഭാവവും ൨

തടവറ്റൊരു താർശരങ്ങളാൽ
വിടലോകം വിധുരീഭവിപ്പതും;
പടയാളികൾ പായുമുണ്ടയേ-
റ്റുടൽകീറിബ്ബത! കേണിടുന്നതും. ൩

ഇരുപേരൊരുമട്ടു, ജീവിതം
പൊരുതുമ്പോൾ, ജയലക്ഷ്മിതങ്കരം

---

ഇന......പനം=സൂര്യനാകുന്ന പ്രകാശമുള്ള കണ്ണ്. അനിമേഷം=ഇമകൂടാതെ. മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളെ കണക്കാക്കാത്തതായും, മഹത്തായ ബാധ്യതകളുടെ നിസ്സാരമാക്കുന്നതായും, സൂര്യനാകുന്ന കണ്ണു മിഴിച്ചിരിക്കുന്നതായും ഉള്ള അനന്തശക്തിയെയാണ് കവി ഒന്നാമതായി സ്മരിച്ചതു്.

൨. ലോകത്തിൽ കാണുന്ന വിവിധഭാവങ്ങളെയാണ് ഇനി വർണ്ണിക്കുന്നതു്. ശത്രുവിന്റെ തല കൊയ്തൊടുക്കുമ്പോൾ വീരന്റെ നാട്യവും, പ്രണയസർവ്വസ്വമായ യുവതിക്കു ഹൃദയം അർപ്പിക്കുമ്പോഴുള്ള ഭാവവും കവിയുടെ സങ്കല്പദൃഷ്ടിക്കു മുമ്പാകെ കണ്ടു.

൩. വിധുരീഭവിക്ക=സങ്കടപ്പെടുക.

ഒരുവൻ മുറുകെപ്പിടിപ്പതും;
പുരുഷദൈന്യം പരനേററൊഴിപ്പതും; ൭
ഒരുവൻ പഴകിപ്പുളിച്ചിട്ടു-
ന്നൊരു ദാമ്പത്യഫലം ഭുജിക്കവേ,
പെരുകും കൊതിയോടതിന്നു, മ-
റെറാരുവൻ പാണികൾ നീട്ടിടുന്നതും, ൮
ചതിമൻ പടവും വിട്ടുത്തു; ദു-
ഷ്കൃതിയാമുഗ്രവിഷം വമിപ്പതും;
പ്രതി, ലോകഗുണാഭിലാഷി, നിർ-
വൃതിയാം ത്തുവമൃതം പൊഴിപ്പതും; ൯
നരജീവിതസാഗരം ഭയം-
കരസംക്ഷോഭമിയന്നതെന്നതും—;

---

൭. രണ്ടുപേർ ഒരേ മട്ടിൽ ജീവിതയുദ്ധത്തിലേപ്പെട്ടിരിക്കുമ്പോൾ ഒരാൾക്കു മാത്രം ജയം ലഭിക്കുന്നതും മറെറയാൾ വ്യസനത്തോടെ പിന്മാറുന്നതും സാധാരണയാണല്ലോ.

൮. ദാമ്പത്യജീവിതംകൊണ്ടു ഒരുവൻ പൊറുതികെട്ടു കഷ്ടപ്പെടുമ്പോൾ വേറെ ഒരാൾ അതിലെത്തിച്ചേർന്നാൽ മതിയെന്നാശിക്കുന്നു.

൯. വമിക്കു=ഛർദ്ദിക്കു. നിർവൃതി=സുഖം. ഒരാൾ ലോകത്തെ കഷ്ടപ്പെടുത്തുന്നുവെങ്കിൽ മറെറാരാൾ ലോകത്തിന്റെ നന്മയ്ക്കുവേണ്ടി യത്നിക്കുന്നു.

൧൦. സംക്ഷോഭം=ഇളക്കം. ഭയ......വം=സംസാരബന്ധത്തിന്റെ ശക്തി. പ്രപഞ്ചം സമുദ്രം പോലെയാണെ

പരമത്ഭുത ശാന്തമെന്നതും;—
പരമാത്ഥം ഭവബന്ധവൈഭവം! ൫൦

## II

മുടിയാകെനരച്ചു ജീവിതം
മുടിയാറായൊരു മുത്തിയാത്തയായ്,
വടി കുത്തി വളഞ്ഞുവന്നിട്ടും
വടിവാണാദ്യമുദിച്ചതുള്ളിൽ മേ. ൫൧

പുലർവേളയിലന്നു ബാഷ്പസം-
കുലമാം വക്ത്രമൊടെൻ ഗൃഹാന്തികേ;
ബലമായ് ഹൃദയം ഹരിച്ചിട്ടും
നിലയിൽക്കണ്ടൊരു വൃദ്ധയാണവർ. ൫൨

നവയൗവനകാന്തിയേന്തിയും,
നവനീതാംഗിയിണങ്ങിയും, സുഖം
നിവസിപ്പവനെന്തുകാലമാ-
മവസാനം ഭുവി സംഭവിക്കുവാൻ? ൫൩

മുതുമുത്തിയെയെന്തു? പോത്തുതൻ-
മുതുകേറും വിളു വിസ്മരിച്ചുവോ?
ചതുരാനനശാസനം വഹി-
പ്പതു മാത്രം നിജവൃത്തി വിസ്മയം! ൫൪

---

നം, അതിന്റെ ഒരു ഭാഗം ഇളകി മറിയുന്നതാണെങ്കിൽ മറുഭാഗം ഇളകാത്തതാണെന്നത്ഥം.

൫൨. ബാഷ്പസംകുലം=കണ്ണീർ നിറഞ്ഞതു്.

൫൪. പോത്തു......വിളു=യമൻ. (പോത്തിന്റെ പുറത്തു കയറുന്നവനായതുകൊണ്ടു് യമനു മറവി പറ്റാമെന്നത്ഥം) ചതു......സനം=ബ്രഹ്മാവിന്റെ കല്പന.

അതിനിൎമ്മലമായ്മണംപെറും
മതിസമ്മോഹന സൂനമാലയും
മൃതിയെസ്സഹസാ വരുത്തുവാൻ
മതിയാകുന്നു ചിലപ്പൊഴത്ഭുതം!* ൪൭

ഉടലോടുയിർ ചേൎത്ത ശക്തിയൊ-
ന്നടയുന്നേരമുപാധി മാറുവാൻ
ഉടനേല്പിടയുന്നു ജീവനു;—
ണ്ടുടയോൻ തന്നുടെ ലീല കേവലം! ൪൮

കമലാസനകല്പിതം ജഗൽ-
ക്രമമെന്നുള്ളതസത്യവാദമാം;
യമനെന്നൊരു ദേവനില്ലതും
ഭ്രമ; മെല്ലാം പ്രകൃതിപ്രഭാവമാം? ൪൯

---

൪൭. ദശരഥന്റെ മാതാവും അജന്റെ പത്നിയുമായ ഇന്ദുമതി സ്വൎഗ്ഗത്തിൽനിന്നു പൂമാല വീണപ്പോൾ മരിച്ചു എന്നു രഘുവംശത്തിൽ കാളിദാസൻ വൎണ്ണിച്ചിരിക്കുന്നു.

൪൮. ഉപാധി=വിഷയം. ശരീരത്തിൽനിന്നു ജീവൻ വിട്ടു് വേറെ ഒന്നിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന പിടച്ചിൽ ദൈവകല്പിതമാണു്.

൪൯. ബ്രഹ്മാവു് ലോകം സൃഷ്ടിക്കുന്നുവെന്നും, യമൻ സംഹരിക്കുന്നുവെന്നും പറയുന്നതു അസത്യമായിരിക്കാം. എല്ലാം പ്രകൃതിക്കനുസരിച്ചു ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നു എന്നു വരാം.

---

* കാളിദാസീയം.

ഇതിനുള്ളിലൊളിച്ചിരുന്നിടും
സ്ഥിതിയൊന്നുണ്ടചിന്ത്യഹേതുകം.
മതിതൻ ഗതിപോലെ നാം കഥി-
പ്പതിതെല്ലാം പതിരായിരിക്കുമോ? ൧൮

മൃതിതൻ വളർവായിൽ വീണിടും
സ്ഥിതിയിൽ കണ്ടൊരു രോഗപീഡിതൻ
അതിമാനുഷമായെഴും മനോ-
ഗതിയോടോതിയ വാർത്തയോർത്തു ഞാൻ * ൧൯

കുടരറിളകാതിരുന്നിടും
കരളിന്നുണ്ടൊരു ദിവ്യവൈഭവം
പരമാർത്ഥമറിഞ്ഞ യോഗിതാ-
നരുൾചെയ്യുന്നതു രോഗിപോലുമോ? ൨൦

---

൧൮. പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കാരണമായ ശക്തിയുണ്ടു്. നമ്മുടെ ബുദ്ധിക്കനുസരിച്ചു നാം ഓരോന്നു പറയുന്നു. അതെല്ലാം ശരിയാണോ അല്ലയോ എന്നാരു കണ്ടു?

൧൯. ദീനം പിടിച്ചുകിടക്കുന്ന കുട്ടിയുടെ ബന്ധുക്കൾ വൈദ്യനെ വിളിക്കാൻ പോകുമ്പോൾ, വൈദ്യൻ വീട്ടിലുണ്ടാവില്ലെന്നും ഇന്ന ദിക്കിലുണ്ടെന്നും കുട്ടി പറഞ്ഞുവത്രെ.

൨൦. യോഗികൾ പരിശുദ്ധമനഃസ്ഥിതിയോടെ പറയുന്നതു രോഗികളും പറയുന്നു.

---

* അക്കാലത്തു് "ധന്വന്തരി"യിൽ ശ്രീമാൻ കൊല്ലത്തേരി ശങ്കരമേനോൻ എം. ഏ. എൽ. ററി-യെഴുതിയ കാലൻ കെട്ടിയ കുട്ടിയെന്ന ലേഖം)

അരുണാക്ഷമുരുളി, മുത്തനാ-
മൊരുപോത്തിൻ മുതുകേറിയത്ഭുതം
വരുമന്തകനെസ്സദാത്തനു-
ള്ളരുകും മട്ടിലടുത്തു കണ്ടപോൽ! ൨൭

കയറിട്ടുവരിഞ്ഞ രേഖ, വി-
സ്മയമക്കാൽകളിലുണ്ടുകാണ്മവാൻ!
നിയതം ഹൃദിചിന്തിതം കഥാ-
ചയമാകാമിതിനുള്ള കാരണം. ൨൮

മനമെന്നതമേയമായെഴും
നിനവിന്നുള്ള നിദാനമല്ലയോ?
കനലും പുനലാക്കമായതി-
ശലനമെയ്യെന്തടിമപ്പെടിക്കതാൻ; ൨൯

III

മതിമോഹനമന്ദഹാസവും,
ശ്രുതിപീയൂഷവചോവിലാസവും

---

൨൮. നിയതം=നിശ്ചയം. കഥാചയം=കഥകളുടെ കൂട്ടം. പല കഥകളും കേട്ടു മനസ്സിലുറപ്പിച്ചതു കൊണ്ടാവാം കുട്ടിയുടെ കാലിൽ കയറിട്ടു വരിഞ്ഞുകെട്ടിയ പാടു കണ്ടതു്. ഇതു് ഒരു മനശ്ശാസ്ത്രരഹസ്യമാണു്.

൨൯. അമേയം=അളവില്ലാത്ത. നിദാനം=കാരണം. പുനൽ=വെള്ളം. മനസ്സു് എല്ലാ വിചാരത്തിനും കാരണമാണെന്നും, ശരീരം അതിന്റെ അടിമയാണെന്നും സാരം.

൩൦. ശ്രുതിപീയൂഷം=ചെവിക്കു അമൃതു്. കവി

ചൊരിയും കവികുഞ്ഞുകൃഷ്ണസ-
ച്ചരിതൻ മൽസ്മൃതിയിൽ പതിഞ്ഞു ഹാ! ൨൪

വനസൂനസമം മഹാജനം
വിനശിയ്ക്കാമൊരുവേള വിസ്മൃതം!
അനഘം തവ വാസനാബലം
മനമുൾക്കൊണ്ടു; മറക്കവയ്യുമേൽ. ൨൫

കവിതേ, മിഴിനീരൊഴുക്കൊല; മാ-
കവി "യുള്ളൂർ" മുതലായ കാമുകർ
സവിധത്തിൽ, വിധേയരില്ലയോ
വിവിധം കാവ്യകലാവിലാസികൾ? ൨൬

മനമങ്ങു മറഞ്ഞു നിൽക്കയോ,
വിനശിച്ചോ തനുവോടുകൂടവേ?
ജനമെന്തറിയുന്നു വാസ്തവം,
ജനനം പിന്നെയുമുള്ളതെങ്കിലോ, ൨൭

---

ആയിടെ അന്തരിച്ചുപോയ ശ്രീമാൻ ഒടുവിൽ കുഞ്ഞികൃഷ്ണമേനോനെ കുറിച്ചതായി ഈ പദ്യത്തിൽ പറയുന്നു.

൨൫. മററു മഹാന്മാരെ ജനങ്ങൾ ഒരു പക്ഷെ മറന്നേക്കാം. എന്നാൽ മഹാകവികളെ ആരും മറക്കയില്ല.

൨൭. മനസ്സു ശരീരത്തോടുകൂടി നശിച്ചുപോകുന്നുവോ അതോ വാസനാരൂപത്തിൽ പ്രത്യക്ഷപ്പെടുന്നുവോ പിന്നെയും എന്നു പറയുവാൻ പ്രയാസം.

ഹൃദയലോകഹൃദന്ത, വാസനാനു-
ചിതമാം ജന്മമെടുത്തു സൽക്കവേ!
ഹിതമേകുക! കൈരളിക്കു ശാ-
ശ്വതസമ്പത്തു കൊടുത്തുപോകിലും. ഉഷ

*  *  *  *

അതിരറ്റൊരചിന്ത്യ ശക്തിതൻ-
ഗതിവൈചിത്ര്യവിചിന്തനങ്ങളിൽ,
പതിയും മതിയൊന്നു പിന്തിരി-
ഞ്ഞതിനാൽ, നിദ്രയിലാണ്ടു വീണ്ടുമേ. ഉൻ

---

ഉഷ. ഹൃദ..................ന്തേ=ജനങ്ങളുടെ ഹൃദയം ഹരിച്ചവൻ. അന്തരിച്ചുപോയ മഹാകവി ശാശ്വതസമ്പത്തു കൈരളിക്കു കൊടുത്തിട്ടുണ്ടെങ്കിലും വാസനയ്ക്കനുസരിച്ചു ജന്മമെടുത്തു് (ജന്മമുണ്ടെങ്കിൽ ഇനിയും മലയാളഭാഷയെ അനുഗ്രഹിക്കുമാറാകട്ടെ.)

ഉൻ. നമ്മുടെ വിചാരത്തിനെത്താത്ത ശക്തിയുടെ സ്വരൂപത്തിൽനിന്നു മനസ്സ് പിന്തിരിഞ്ഞതിനാൽ പിന്നെയും ഉറക്കം വന്നു.

# X

## ഒരു കുടിലിൽ കണ്ടിട്ട്.

മനോജ്ഞമാം കാനനസൂനരാജിയാ-
ലലംകൃതം പാഴ്ക്കുടിലൊന്നു കാണ്കെടോ!
വല്ലപ്പൊഴും തീപ്പുക പുല്ലു മേഞ്ഞതിൻ-
ദ്വാരത്തിലൂടെപ്പുറമേയ്ക്കു പൊങ്ങുമേ. ൧

പ്രഭാകരൻ തൻ പ്രഥമാംശുവാൽ സദാ
സംശോഭിതം പാഴ്ക്കുടിലെത്ര പാവനം!
നില്ക്കുന്നു നിർവ്യാജമനോജ്ഞമായിതാ
ശ്രീരാജിതൻ നിർമ്മലമാലപോലവെ. ൨

പൊളിഞ്ഞ വാതിൽപ്പലകപ്പുറം, പരം
ചാഞ്ഞുള്ളൊരാമേൽപ്പുര പുഷ്പസംവൃതം
പരിഷ്കരിക്കാത്തൊരു മുററമീവിധം
നന്നേക്കിഴിഞ്ഞാണു കിടപ്പതെങ്കിലും, ൩

പ്രമോദനീയപ്രകൃതീശ്വരിയ്ക്കെഴും
പ്രേമത്തിനൊന്നും കുറവില്ല തെല്ലുമേ
നിശ്ശബ്ദമായ്നാളു കഴിച്ചിടുന്നൊരി-
സ്സാധുക്കളിൽ സൌഹൃദമാചരിക്കുവിൻ! ൪

വിനീതമെല്ലാം മനുജസ്വഭാവം
സദാപി സദ്വൃത്തി വളർത്തിയെങ്കിലോ—,
സർവ്വേശനാൽ ദർശിതമായ മാർഗ്ഗ-
മൊന്നിങ്കലല്ലാതതു * കാലു വെച്ചിടാ. ൫

---

* മനുഷ്യസ്വഭാവം.

കുന്നിൻെറ കൂടങ്ങളിൽനിന്നു കുതി-
യൊലിച്ചുപാടും ചെറുചോലപോലുമേ.
ആ നിർജ്ജനസ്ഥാനകുടീരമൈത്രി-
യെന്തീടവേ നിങ്ങളകന്നു നില്പുവോ! ൩

അസ്പൃഷ്ടമായ് ദോഷകണങ്ങളാലേ,
സംശുദ്ധമായ്, സാധുദയാർദ്രമായുമേ,
വിളങ്ങുമുള്ളൊന്നു വിരഞ്ഞിടുന്നോ?
കടന്നുനോക്കീടുക പാഴ്ക്കുടിൽക്കകം.

—വേഴ്സ്വത്ത്.

XI

# പുഷ്പവാടി.

ആരാമരമ്യതകൾ നോക്കി രസിച്ചിടുമ്പോ-
ളോരായിരം കളരവങ്ങളിവൻ ശ്രവിച്ചു!
ആനന്ദചിന്തകളിൽ നീന്തിന മാനസത്തിൽ
ദൂനത്വമല്പമറിയാതെയുദിച്ചുപോയ്. ൧

പ്രേമാത്മിക പ്രകൃതിദേവി ചമച്ചുവെച്ച
സാരസ്യധോരണി നരാനുഭവത്തിനത്രെ;
ഹാ! മാനുഷന്റെ മതികെട്ടൊരു മാർഗ്ഗമോർത്താ-
ണീമാനസത്തിലുളവായതകാണ്ഡശോകം. ൨

വള്ളിക്കുടിൽക്കരികിലെന്നുടെ നാലുപാടും
തുള്ളിക്കളിച്ചു ചെറുപക്ഷികൾ പാടിടുന്നു;
എന്നാൽ പ്രയാസമറിവാനവതൻ വിചാര-
മെന്നാല്യമാക്കളികളാൽസ്സുഖമെന്നുറയ്ക്കാം. ൩

ഹാ! ശുഭ്രഹാസമൊടു വല്ലികൾ വായുവേല്പാൻ
വീശുന്നിതാ മൃദുലമാം തളിർതാലവൃന്തം
ഈ മോഹനപ്രകൃതിലാസ്യലതാഗൃഹത്തി-
ലാമോദമേദുരതയാണിവനിന്നു കാണ്മൂ. ൪

—വേഴ്സ്വത്ത്.

## ഒരു മുല്ലമൊട്ടിനോട്.

കുളിർ തെന്നലിലാത്തുലഞ്ഞതിളം-
തളിരിൻമേലാടി കലർന്ന വാടിയിൽ
ഒളി വീശി വിഭാത വേളയിൽ,-
തെളിയും കോരകമേ! ജയിക്ക നീ! ൧

സുകുമാരസുമാളിയിലുത്തമേ
മുകുളം നീയൊരു മുഗ്ദ്ധ നായികം;
മകുടോപരിയും മനോഹരാ-
ചികുരക്കെട്ടിലുമന്ത മിന്നുമേ. ൨

വനഭൂവിൽ നിലാവുപോലവേ
വിനശിയ്ക്കാ വികസിച്ചു നീ വൃഥാ
അനഘം തവ രൂപസൗരഭം
ജനമാനന്ദമൊടാസ്വദിക്കുമേ. ൩

---

൧. വിഭാതവേള=പുലർകാലം. കോരകം=മൊട്ട്. മുല്ലമൊട്ടിനെ ഒരു കന്യകയായിട്ട് സങ്കല്പിക്കാമെങ്കിൽ കുളിർ തെന്നലിനെ നല്ലകാലമായും തളിരുകളെ ആഭരണമായും വിചാരിക്കാവുന്നതാണ്.

൨. മുകുളം=മൊട്ട്. മകുടം=കിരീടം. ചികുരക്കെട്ട്=തലമുടിക്കെട്ട്. കുറച്ചുകാലംകഴിഞ്ഞാൽ രാജാവിനും തലയിലെടുത്തുവെയ്ക്കാവുന്ന ഒരു സ്തോത്രമായിത്തീരാം; അന്ന സ്ത്രീകൾക്കലങ്കാരമായിത്തീരും' ഈ കന്യക എന്നർത്ഥം.

൩. കാട്ടിലെ നിലാവുപോലെ പ്രയോജനരഹിത

തവ്യസൌരഭസാരവും, മനോ-
ഭവ വെൺകീൎത്തി! മരന്ദപൂരവും
നവമാം പുലരിപ്പിറപ്പിലു-
ത്സവമോടാരു നുകൎന്നുകൊൾവതോ? ൧

വിടപാളി കണക്കണഞ്ഞു, നീ
വിടരുമ്പോൾ മധുപാളി ചുററുമേ
അടവിൽ സ്തുതിഗീതി പാടിടാ-
നിടയാം കുഡ്മളമേ! കുഴങ്ങുമെ. ൨

പൊടിയും ചുണയും കുറഞ്ഞൊരാ-
മുടിയന്മാർ ഗജഗണ്ഡസേവികൾ

---

മായിത്തീരുകയില്ല നിന്റെ ജീവിതമെന്നും, ജനങ്ങൾ വിലമതിക്കാൻ കഴിയാത്ത നിന്റെ സൌന്ദൎയ്യം അനുഭവിക്കുമെന്നു സാരം.

൧. മരന്ദപൂരം=തേൻകൂട്ടം. കാമദേവന്റെ കീൎത്തി പോലെയിരിക്കുന്ന നിന്റെ പുഞ്ചിരിയും, സ്നേഹവും യൌവനം വരുമ്പോൾ അനുഭവിപ്പാൻ തരപ്പെടുമോ? എന്നു കന്യകാപക്ഷത്തിലൎത്ഥം.

൨. മധുപാളി=വണ്ടിൻകൂട്ടം. കുഡ്മളം=മൊട്ടു്. യൌവനാരംഭത്തിൽ അനേകം വിടന്മാർ നിന്നെ സ്തുതിക്കുവാനും സേവിക്കുവാനും ഉണ്ടാവും എന്നും അതു നിനക്കു ബുദ്ധിമുട്ടായിത്തീരുമെന്നും സാരം.

അടികിട്ടുകിലും മദാംബു കൈ-
വെടിയാത്തുള്ളവർ വേണ്ട വേണ്ടതേ! ൯

മതിമോഹനസൂനമായി നീ
മുതിരുമ്പോൾ മുനിമാനസത്തെയും
അതിനിഷ്ഠുരനാം മഥിക്കുവാൻ
രതികാന്തന്നൊരു ബാണമായ്‌വരും: ൰

നലമോടഥവാ വിരിഞ്ഞു നീ
വിലസുംമുമ്പുടനേകനക്ഷമൻ
മലരിൻ കലികേ, പറിക്കിൽ നിൻ
നിലയെന്താം? നിയതിക്കു നീതിയോ? ൰൧

---

൯. ഗജഗണ്ഡസേവികൾ=ആനയുടെ കവിൾത്തടത്തെ ആശ്രയിക്കുന്നവർ. മദാംബു=മദജലം (മദ്യമെന്നും) പ്രഭുക്കളെ സേവിക്കുന്നവരും മദ്യം കഴിക്കുന്നവരുമായ അവിടന്മാർ നിന്നെ പററുകയില്ല.

൰. മതിമോഹനസൂനം=മനോഹരപുഷ്പം. മഥിക്കുക=കടയുക (തകർക്കുക) പൂക്കൾ കാമദേവന്റെ അമ്പുകളാണെന്നു കവിസങ്കേതം. മാമുനിമാരുടെ മനസ്സിനെയും ഹരിക്കത്തക്ക സൌന്ദര്യം യൌവനം വരുമ്പോളുണ്ടാകും.

൰൧ അക്ഷമൻ=ക്ഷമയില്ലാത്തവൻ. നിയതി=വിധി. വിധിക്കു ന്യായമുണ്ടോ? അല്ല ഔചിത്യബോധമുള്ളതാണോ? എന്നർത്ഥം.

സരസം സുമനസ്സുകൾക്കെഴും
നിരവദ്യം നിലപൂണ്ടുകൊണ്ടിനി,
സ്മരബന്ധു വസന്തകാന്തനിൽ
പ്രമോദമോദമണയ്ക്കയില്ലയോ? ൯

---

൯. സുമനസ്സുകൾ=പുഷ്പങ്ങൾ (വിദ്വാന്മാർ) നിരവദ്യം=ദോഷരഹിതം. ആമോദം=സുഗന്ധം (സന്തോഷം) പൂക്കളിൽ സമുന്നതമായ നിലയെ പ്രാപിച്ചു കാമന്റെ ബന്ധുവായ വസന്തത്തെ ഭർത്താവിനു വളരെ സുഗന്ധത്തെ ചേർക്കുക എന്നു പൂവിന്റെ പക്ഷത്തിലും, അറിവുള്ളവരുടെ കൂട്ടത്തിൽ അഗ്രഗണ്യയായി കാമനും, ബന്ധുക്കൾക്കും, വസന്തത്തിനും, ഭർത്താവിനും സന്തോഷമുണ്ടാക്കുക എന്നു കന്യകാപക്ഷത്തിലും അർത്ഥം.

# വേലയ്ക്കൊത്ത വേതനം.

(പാന.)

കങ്കാളച്ചുവരുതൂലികത്തുമ്പിൽ നി-
ന്നങ്കുരിക്കുമൊലിയലച്ചാർത്തുകൾ
എത്ര നൂററാണ്ടുതൻവളർവായ്ക്കളിൽ
ചിത്രമേ! ചേൻ മാററൊലിക്കൊള്ളുന്നു!

വമ്മർകാണാത്ത നാളിനു ചാർത്തുവാൻ
പൊന്മയപ്പട്ടു മെയ്യാട നെയ്‌വുനാം!
വേർപ്പുനീരൊലിവേലയ്ക്കു സാക്ഷിയാം
വേനൽകൊയ്യോടനാളെത്രപേർ കാണ്മൂ?

പാരതന്ത്ര്യപരാഭവപ്പാടുകൾ
വീരമെയ്‌നിണം വീഴ്ത്തിക്കഴുകുവാൻ
ചെയ്‌വു കർമ്മങ്ങൾ; കാലാന്തരം പെറും
ഭവ്യമെന്തെന്നു മേതൊന്നുമോർപ്പീല!

നന്മലർത്തോപ്പിലെത്തും വസന്തത്തു
കണ്മയക്കുന്ന കാഴ്ചകൾ കാണാതെ,
എത്രപൂവിത്തു പാകിപ്പണിപ്പെട്ടോ-
രുത്തമോദ്യാനപാലർ മറയുന്നു!

“ഇന്നുതാൻ കർമ്മസാക്ഷി കനിഞ്ഞെന്നെ-
പ്പൊന്നുനാണ്യങ്ങൾ കൊണ്ടുപൊതിയണം.

ഇന്നതാനെൻറ മഞ്ജരിത്തലവണ്ടു-
ത്തൊന്നയൻപുകൾ പാടണം വണ്ടുകൾ,

കണ്ടമൂർച്ചെടിക്കൂട്ടത്തിലോ, കരിം-
ചണ്ടിച്ചാർത്തിലോ കൊണ്ടൽപ്പൊളിയിലോ,
തെണ്ടിയേറെക്കഴച്ചോരെൻ കണ്ണിന്നു
കണ്ടിടട്ടേ! കനകാഭിഷേകങ്ങൾ—”

സ്വാത്മമിത്തരം തീണ്ടിസ്വകർമ്മത്തിൻ-
ശ്ശുദ്ധിയെ ചിറവൂതിന്നാൻ വിടായ്ക നാം;
കാലമാം കർമ്മവേദിതാൻ വീതിച്ചു
വേലയേല്ക്കുമേ വേണ്ടതാം വേതനം.

# പ്രഭാതപ്രതീക്ഷ.

വരണ്ടുചൈതന്യ വിഹീനമായ
നിദാഘതാപത്തിപെട്ടുനിലം ഞാൻ
വിഭാവരീവേളയിൽ നിൻെറ വർഷാ-
ഗമംപ്രതീക്ഷിച്ചു വസിച്ചിരുന്നേൻ.

തുറന്നുവെച്ചെൻെറ ഹൃദന്തരാള-
മംഗീകരിപ്പുന്നതിനെ പ്രഭോ ഞാൻ
അശിച്ചിരുന്നേൻ പകരം തരാനീ-
മദ്ഗാനവും സൂനസമൂഹവും തേ.

നിറഞ്ഞസംഭാരമൊഴിഞ്ഞുപോയീ,
മദീയഭണ്ഡാരമതീവശൂന്യം
വിടുന്നശുഷ്കച്ചെറുപുല്ലിലൂടെ-
ച്ചൂടുന്ന ദീർഘശ്വസിതങ്ങൾമാത്രം.

ഭവാൻപ്രഭാതം വരെയും പ്രതീക്ഷി-
ച്ചിരിക്കുമെന്നായിവനുണ്ടു ബോധം
അനന്തരമാനന്ദമോടാഗമിക്കും
സമസ്തസമ്പത്തുമതോടുകൂടി.

—ടാഗോർ

# പ്രാർത്ഥന. *

ലോകമെങ്ങും നിറഞ്ഞുള്ള തേജസ്സേ,
ലോലമാം തിരിനാളങ്ങളീ ഞങ്ങൾ,
അങ്ങുതൻ ചെറുപൈതങ്ങൾ, കൺമിഴി-
ച്ചെങ്ങുമേ തിരുരൂപമാരായുന്നു.

ബന്ധുവായ ദേവനെ വാഴ്ത്തുന്നു
ഹിന്ദു ഭക്തിയാൽ 'ബ്രഹ്മ'മെന്നിങ്ങനെ;
ബൌദ്ധനോ 'മണിപത്മ'മെന്നെപ്പോഴും
ശുദ്ധനായ ദേവനെ വന്ദിപ്പൂ!

ഭാസിച്ചീടുന്ന ദിവ്യതേജോമയ!
പാർസിസോദര'നഗ്നി'യുമങ്ങല്ലോ.
'അല്ലാഹ'ന്നു നമസ്കരിച്ചീടുന്ന-
തില്ലയോ നിന്നെ മുസ്ലീം സഹോദരൻ?

ക്രൈസ്തവൻ മുട്ടുകുത്തി വണങ്ങുന്നു
സത്യദേവ'തിരുഹൃദയത്തിനെ.
എന്മനസ്സിലുമെല്ലാ വപുസ്സിലും
ചിന്മയ! ഭവാൻ ചിന്നിമിന്നീടവേ;
സ്നേഹദീപത്തിൽ മോഹം കളഞ്ഞങ്ങേ
മോഹനരൂപമൊന്നു കാണിക്കണേ!

—*—

* ബാലന്മാർക്കെഴുതിയതു്.

## പ്രേമമൂൎത്തി.

---

പ്രേമത്തെത്തടവിലാക്കിയാലും വാളും നിന്നാലാമോ?
തൂമണമെത്ത മലർമൊട്ടാം തുറുങ്കിൽപോലെ.

ജാതിശ്ശുക്തി തട്ടിയുടച്ചുള്ളിൽ നോക്കൂ തിളങ്ങിടും
പാതിരത്താരകൾപോലെത്തനിമുത്തുകൾ.

സ്വൎഗ്ഗധാമത്തിങ്കലൂടെ നരലോകനടുവിങ്കൽ
നിൎഗ്ഗളിച്ച വെളിച്ചമേ, വെൽവുതാക! നീ.

ജാതിപ്പെരുമ്പാമ്പിൻ നീണ്ട നിഴൽ നിന്നിൽപ്പതിക്കവാൻ
ജാഡ്യമേറും ചില ജനം ജാഗരൂകമേ!

അന്തിച്ചോപ്പിരുൾപ്പുതപ്പായ് പകരുന്നു; പുതു കാന്തി
ചിന്തിടും വെൺമേഘം കരി കലരുമല്ലോ;
ചന്ദനത്തെത്തെന്നൽ ചണ്ഡമാരുതനായ് മാറീടുന്നു;
ചന്തമേറുംപുലരി നട്ടുച്ചയാകുന്നു
അലകടലിന്റെ ശാന്തിയലച്ചിലാം; രൂപഭേദം
കലരാതിപ്രേമമൂൎത്തി മാത്രമേ നില്ക്കൂ.

---

# സത്യപ്രഭ.

പ്രകാശം-ഇപ്പാഴിരുളിൽ പടപ്പിൽ
പ്രകാശം-എങ്ങൊന്നു വിടൎന്നുകാൺമൂ!
ഹാ! വിണ്ടലം വിണ്ടു വെളിച്ചമാട്ടം
സത്യപ്രഭേ! കാത്തു കിടപ്പൂ ലോകം. 1

പൂമൊട്ടിനുള്ളിൽ പ്പുലരും വരെയ്ക്കും
സൗരഭ്യമേ! നീയൊരു ബന്ധനസ്ഥൻ.
പ്രകാശം-എത്തും തഴകം-പ്രകാശം
വികാസമേകും സമയം സ്വതന്ത്രൻ! 2

സഹാറായിൽ സാധു സഹോദരന്മാർ,
തേടുന്നു തെല്ലാർദ്രത, പൊള്ളീടുന്നോർ
കറുത്ത വാവിന്നിരുളിൽ, പ്രകാശം!
പ്രകാശം-എന്നായ് പ്രലപിപ്പൂ! ലോകം. 3

---

൧. ലോകം അജ്ഞാനമാകുന്ന കൂരിരുട്ടിൽപ്പെട്ടു നട്ടം തിരിയുകയാണെന്നും, യഥാൎത്ഥജ്ഞാനമാകുന്ന വെളിച്ചം സ്വൎഗ്ഗീയമാണെന്നും, ഇതിന്നു സ്വാഗതം പറയുന്നുവെന്നും സാരം.

൨. പൂമൊട്ടിന്റെ ഉള്ളിൽ തടവുകാരനെപ്പോലെ കിടക്കുകയാണു് സൌരഭ്യം. അതിന്നു സ്വാതന്ത്ര്യം നൽകുവാൻ പ്രകാശം (വികാസം) വേണം.

൩. ആർദ്രത=നനവു് (അലിവു്)

പ്രകാശ വെൺപട്ടുടയാട ചാർത്തും
സ്വാതന്ത്ര്യമേ, നിന്റെ വിമലസ്വരൂപം
ഇരുൾപ്പിശാചിന്നിരയായ ലോക-
മൊരൊററനോക്കെങ്കിലുമെന്നു കാണും? 4

ഏൽക്കന്ദരത്തിൽ പ്രചുരാന്ധകാരം
പെററിട്ടുകൂട്ടും പല ശാപവിചാരം
സാക്ഷാൽ പ്രകാശസ്ഥാനത്തിൽ വെന്തു-
നീറും; വിഷാണുക്കൾകണക്കൊടുങ്ങും. 5

സത്യം—മതാന്ധ്യത്തിൽ മറഞ്ഞ സത്യം,
യുഗങ്ങൾ തൻമൂടലിൽ മാഞ്ഞ സത്യം-
ഹാ! ജാത്യന്ധകാരസ്ഥലത്തു
നീണാളൊളിപ്പിച്ച മനോജ്ഞസത്യം, 6

---

൪. ജ്ഞാനസ്വരൂപമായ വെള്ളപ്പട്ടു ചാർത്തി വരുന്ന സ്വാതന്ത്ര്യമേ, അജ്ഞാനത്തിലും അസ്വാതന്ത്ര്യത്തിലും കിടക്കുന്ന ജനങ്ങൾ എന്നാണു് നിന്നെ കാണുന്നതു്?

൫. ഏൽക്കന്ദരം=ഏതുമാകുന്ന ഗുഹ. പ്രചുരാന്ധകാരം=കൂരിരുട്ടു്.

ന—൬. മതഭ്രാന്തുകൊണ്ടും, കാലപ്പഴക്കം കൊണ്ടും ജനങ്ങൾ സത്യസ്ഥിതി മനസ്സിലാക്കുന്നില്ല. ജാതികൊണ്ടും, അയിത്തം മുതലായ അനാചാരങ്ങൾകൊണ്ടും ജനങ്ങൾ സത്യത്തെ ഒളിച്ചുവെക്കുന്നു. എത്രയോ കഷ്ടപ്പാടുകൾ സഹിച്ചും സത്യത്തെ വെളിപ്പെടുത്താനുള്ള വെളിച്ചമല്ലയോ ജനങ്ങളന്വേഷിക്കുന്നതു്?

വെളിപ്പെടുന്നതക്ക വെളിച്ചമല്ലീ?
വിരണ്ടു വിരണ്ടൊട്ടു പിടഞ്ഞെഴുന്നീറ്റു്,
തപ്പിത്തടഞ്ഞും, തളരുന്ന കാലോടി
സംഭ്രാന്തരാം പാന്ഥർ തിരഞ്ഞു ചെല്വൂ. 7

[യുഗ്മകം]

കിഴക്കൊഴുക്കീടിന ശാന്തകാന്തി
മതക്കരിങ്കാറിൽ മറഞ്ഞുപോയോ?
പ്രതീചിതന്നിലും പ്രഭയിങ്കൽ മുങ്ങി-
ത്തുടിക്കുവാൻ കണ്ണുകുതിക്കയാണോ? 8

ഭ്രാതാവിനെക്കണ്ടറിയാത്തവണ്ണം
വർണ്ണഭ്രമം വായ്ച്ചു പകച്ച കണ്ണിൽ,
സത്യസ്വരൂപത്തനിവെൺമ കാട്ടും
പ്രകാശമമ്മ, നിന്റെ ശലാക നീട്ടൂ. 9

---

൮. ശാന്തതപോധനന്മാരുടെ നാടാണു് ഭാരതം. അധ്യാത്മതേജസ്സ് ഒഴുക്കിയിരുന്ന ഈ ഭാരതപൌരസ്ത്യത്തിൽ ഇന്നു് ദുഷിച്ച മതമാകുന്ന കാർമേഘത്തിന്റെ മറകൊണ്ടു് എല്ലാം ഇരുളടഞ്ഞു. പടിഞ്ഞാറൻ ദിക്കുകളിൽ നിന്നു് തള്ളിപ്പുറപ്പെടുന്ന സംസ്കാരപരമായ പ്രകാശത്തെ തേടുവാനാണു് കണ്ണുകൾ ഉഴറുന്നതു്.

൯. വർണ്ണഭ്രമം=നിറത്തിന്റെ ഭ്രമം (ജാതിഭ്രമമെന്നും) കണ്ണിനു് നേരിടുന്ന ചില വ്യാധികൾക്കു് അഞ്ജനം മുതലായതു് ശലാകകൊണ്ടു് ലേപനംചെയ്തു സുഖമാക്കാറുണ്ടല്ലോ.

# * അഹിംസ നട്ട നാട്ടിൽ!

1

സുഗതൻെറ സുധർമ്മരശ്മി മാഞ്ഞി-
ഖലർക്കാകെപ്പരപീഡനവ്രതം ഹാ!
അനിയന്ത്രിതം;—അതങ്ങാഘോഷിപ്പു ചൊ-
ന്നിങ്ങനീരെങ്ങുമഹിംസാ നട്ട നാട്ടിൽ! (ള്ളും

2

കടുവയ്ക്കിയലും-കടുപ്പമെങ്ങീ-
ഹരിണിമേട്ടും സൗകുമാര്യമെങ്ങോ?
വിഷവല്ലരിയെച്ചമച്ചുതാം പൊൻ-
പ്പനിനീർപ്പൂ പണിചെയ്ത പാണിതന്നെ.

3

അരുചിക്കുളുർനീരനർഗ്ഗളം പാ-
ഞ്ഞൊഴുകി, പ്പൂക്കൾമണം പുണർന്ന തെന്നൽ
തടവെന്നിയെ വീശി, വിശ്വരമ്യം
വിലസും സ്വൈരവിഹാരപന്യരംഗം.

4

പ്രകൃതിപ്രസു സംഭരിച്ചുവെച്ച-
ള്ളൊരു പച്ചത്തൃണപൂർണ്ണമാമരണ്യം
പരതന്ത്രകുരംഗി, നീ നിരാശം
പലനാൾ നീണ്ട കിനാവു കണ്ടിരിക്കാം. (യുഗ്മകം)

---

* ഒരു മാൻപേടയെ മരത്തിൽ കെട്ടിയിട്ട്, പിറേറദിവസം കാലത്ത് അതിനെ വധിക്കുന്നതാണെന്നും, മാംസം ആവശ്യമുള്ളവർക്ക് അടുത്ത ഷാപ്പിൽ കിട്ടുന്നതാണെന്നും മുകളിൽ പരസ്യം എഴുതിപ്പതിച്ചിരുന്നതു കണ്ടിട്ട്.

5

ഉടജാങ്കണഭൂവിൽ, നാലുപാടും
പടരും ശാന്തി ശരീരമാർന്നപോലെ
മുനികന്യകമാർ കനിഞ്ഞു നൽകും
വരിനെല്ലുണ്ടു വളർന്ന നിന്റെ കൂട്ടർ.

6

വരിമാനുടെ വംശജാതരിപ്പോൾ
പിശിതാശിപ്രഥമാ പശിക്കെടുപ്പൂ?
കശയേന്തിയ കൈ കഴുത്തറുപ്പാ-
നസിധാരാകുലമാക്കി മക്കൾ മാതേ,

7

നിരപേക്ഷമുപജീവി, നിന്നമൂല്യം
ജനിസിദ്ധാമൃതമസ്സ്വതന്ത്രഭാവം
മൃഗി, വാങ്ങിയിട്ടും വനാന്തരേ ഞാൻ
മമ ദേശസ്ഥിതി സമ്മതിക്കിലപ്പോൾ.

8

അഥവാ, പുരുഷരെല്ലാനീതിയെല്ലാ-
മിവരോ പാരിനെ പാവനീകരിപ്പാൻ?
ചുടുനീർ തേട്ടുവിപ്പോടൊത്ത കർമ്മാ-
വനിതൻ വാനിതിലെത്ര പോയ് ലഭിച്ചു?

9

മിഴി'താരകസംഘ'മേ, തുറന്നോ-
നവതാരത്തിനു കോപ്പുകൂട്ടിയല്ലം!
പരപീഡനപാപപങ്കിലാഴം
ഭൂഗോളമൊവ്വിയെ വീണ്ടെടുക്ക! വേഗം.

10

കൃതമെന്തൊരു തെറ്റു?—ശാന്തതാസ-
ത്സഖി, നിർദ്ദോഷതതന്നെയല്ലയോ നീ?
അഥവാ ഖലനീതിയെന്തു?—വാഴ്‌വ
വധശിക്ഷയ്ക്കു വിധിച്ച 'പുള്ളി'പോലെ

11

മഴവില്ലു വിയത്തിൽ വീശിടുമ്പോൾ,
കുഴലൂതിക്കുളുർമാരുതൻ കളിക്കേ,
കുയിൽ കൂകിടവേ, വികാരമേററാ-
ക്കഴകം, നീയൊരു പഞ്ചഭൂതപിണ്ഡം!

12

'ഉടൽ മാംസളമാണു; നല്ലപാകം'
സരസം പ്രേക്ഷകരിവ്വിധം വദിക്കേ,
മമ ദൃഷ്ടി, തദീയ യാതനാദാ-
ഹിതമാം ചിത്തതടം ചുഴന്നുനോക്കി.

13

നരനാട്ടിയകറ്റി നിർത്തിടുന്ന
നരനെ-സ്സോദരനെ-സ്സധർമ്മയോഗി!
നിരുപദ്രവനെന്നവാത്തിമിക്കാ-
മൊരു തിര്യക്കനുകമ്പനീയ, മിത്രമോ?

14

അയി ഭീരു, മെലിഞ്ഞ കാലു നൽകി
തവ സർവ്വജ്ഞനറിഞ്ഞുകൊണ്ടുതന്ന
വിഷമിപ്പൂ മൃഗാധമൻ ധൃതം നിർ-
ഗതിയാൽ, ത്വൽകുലദേവതാഗണം നീ,

15

വനവേടർ വലയ്ക്കകം കുടുങ്ങി-
ടിന മാൻപേടയെ മുക്തയാക്കി മുന്നം
പ്രതിയോഗിയിലുള്ളലിഞ്ഞു ചെല്ലി-
ച്ചൊരാ പൗരസ്ത്യമഹസ്സിനെ സ്മരിച്ചേൻ.

16

മിഴിനീർ വെറുമുപ്പുവെള്ളു; മുള്ളം
വ്രണമാകും നെടുവീർപ്പു വായു മാത്രം;
ഇതി ഭാവന!—ഹിംസതൻ കരാളാ-
കൃതിയായ്ത്തീർന്നു ഹന്ത ജഗത്തു ഹാ! ഹാ!

17

പിടിമുറുകിയമന്റെ ചിത്താരംഗ-
പ്പടി കാഠിന്യകരാളമായ കത്തി
ഗളനാളിയിൽ നാളെ വീണു ഹാ! ഹാ!
ഹരിണിജ്ജീവമരുളുമാഹരിക്കോ!

18

കവികൾക്കുപമാനഭാജനം,
തവ കാതോളമണഞ്ഞ കണ്ണു കാമ്യം,
സരളാശയ സാക്ഷി, യന്ധകാരാ-
വൃതമായ്ക്കണ്ടിടുമാശു കർമ്മസാക്ഷി!

19

നിജപാദമണഞ്ഞ വന്യജീവി-
യ്ക്കെഴുമിടർവ്വിധിയാൽ വനസ്സുതേ, നീ,
വിലപിച്ചു! വിഹംഗമസ്വരത്താൽ
സവികാരം ജഗദീശ! ജന്തുപാലേ.

20

തളിർമേനി സമാർദ്രമാം കരത്താൽ
തഴുകും രാവിൽ മൃഗാംഗനേ, മൃഗാങ്കൻ;
ഹിമശീകരബാഷ്പവും പൊഴിക്കും
പുലരിപ്പൂമിഴി, നിന്നപായഖിന്നം!

21

ക്ഷിതി കമ്പിതമാക്കിയില്ല കൈയൂ-
ക്കൊളി വീശും പ്രതിഭാപ്രഭാവമില്ല;
നിരുപദ്രവ ശാന്ത രമ്യജന്തോ,
ചരമം നിന്റെ വിലാപകാവ്യമായി.

# * നബിയും ഘാതകനും.

---

(കാകളി)

(മുഹമ്മദുനബി ഒരു മരച്ചുവട്ടിൽ വിശ്രമിക്കുമ്പോൾ ഒരു മതദ്രോഹി നബിയെ വെട്ടുവാനോങ്ങുന്നതു്.)

"ആരുണ്ടു ചൊൽക സഹായി കാണട്ടെ യി-
ന്നേരം നിനക്കു മുഹമ്മദേ, ദുർമ്മതേ,"

ലോകം സഹോദരസ്നേഹച്ചരടുകൊ-
ണ്ടേകമായ് കെട്ടിയിണക്കുവാൻ നോക്കുമ്പോൾ,

പാരിടത്തിന്നു തണലായ പാവന-
പ്പാദപച്ഛായയിൽ വിശ്രമം കൊൾകവേ,

വാളോങ്ങി വെട്ടുവാനേകനടുത്തുവ-
ന്നാളുന്ന ഗർവ്വമോടിത്തരം ജല്പിച്ചു:—

'ആരുണ്ടു ചൊൽക സഹായി കാണട്ടെ യി-
ന്നേരം നിനക്കു മുഹമ്മദേ, ദുർമ്മതേ'

'ദൈവമുണ്ടെ'ന്നു മറുപടി ചൊല്ലിനാൻ
പാവനസ്നേഹപരായണനാം നബി.

ദിവ്യമാം കാന്തിയും, ശാന്തിയും ചേരുന്ന
വ്യാനനത്തിൽ നിന്നാവാക്കു വീഴ്കവേ,

---

* ബാലന്മാർക്കെഴുതിയതു്.

നീട്ടിയ വാളും നിലം പതിച്ചു; മിഴി-
പൂട്ടി നിന്നു വീറ പൂണ്ടൊരു സാഹസി.

ദുർമ്മാർഗ്ഗബീജമരിഞ്ഞു നീക്കാൻ സദാ
ധർമ്മായുധം പൂണ്ട പുണ്യരൂപൻ നബി

ആ വാളെടുത്താശു വീശി“സ്സഹായിയി-
ന്നാരുണ്ടെടോ തനിക്കെന്നു” ചോദിക്കവേ,

‘ഇല്ലാരുമില്ലെനിക്കെ’ന്നു കിടുകിടെ-
ച്ചൊല്ലിയക്കശ്മലൻ കാലിണ കൂപ്പിനാൻ.

“ദൈവ വിശ്വാസവും സോദരസ്നേഹവും
കൈവന്നിടട്ടെ” യെന്നോതി മഹാൻ നബി

കൈവാളം മടക്കിക്കൊടുത്തനേരം മനം
പാവനമായുണ്ടു ഭക്തിപരവശൻ.

## * പ്രകൃതിയുടെ പ്രക്ഷോഭണം.

(കേക)

൧

ഇടവപ്പാതിക്കാലം; ഭൂമാതിന്നൊരികന്യാ-
മൂടലീയൂഴിക്കെന്നെക്കാററമഴിക്കൊള്ളുംകാലം

കോപപ്പൂഴ്ക്കലികൊണ്ടു ചീറ്റമീപ്രകൃതിതൻ-
രൂപമോ രൂക്ഷം! കാററിന്നാറവും കരാളമേ!

പ്രകൃതീശ്വരി നിജ ഭീഷണനൃത്തോത്സവം
തകൃതി കലുഷമായ്, കൂടവേ കൂത്താടുന്നു,

ആവേശംകൊണ്ടു നീണ്ടതെങ്ങുകൾ, കവുങ്ങുകൾ
രാവേറെച്ചെല്ലുംതോറുമൊട്ടേറെത്തലയാട്ടി.

അഥവാ കൊടുങ്കാററാം നട്ടുവനിമ്മട്ടാട്ട-
ക്കഥയിൽ ശീലിപ്പിപ്പൂ! നക്രതുണ്ഡിതൻ നൃത്തം.

ഔന്നത്യമേറുംതോറും തൻതല തകർക്കുവാ-
നൌത്സുക്യമോടും കാത്തുനിൽക്കയാമെതിർശക്തി.

---

൧. കൊടുങ്കാററുകൊണ്ടു, ഉയർന്നുനിൽക്കുന്ന തെങ്ങുകൾക്കും കവുങ്ങുകൾക്കുമാണു് അധികം വലിയ ഉലച്ചിൽ തട്ടിയതു്. അവ ആട്ടക്കഥയിലെ (കഥകളിയിലെ) നക്രതുണ്ഡിയെപ്പോലെ ആടുവാൻതുടങ്ങി. ഉയർന്നനിലയിലെത്തുംതോറും ശത്രുശക്തി വർദ്ധിക്കും. ചമ്പത്തെങ്ങുകൾ നിലകാക്കുവാൻ നിവൃത്തിയില്ലാതെ ഫലങ്ങൾ തെറിച്ചുകൊണ്ടു

---

* ൧൯൨൫ മെയ് ൨൪-ാംതീയതിയിലെ ഭയങ്കരമായ കൊടുങ്കാററിനെ അധികരിച്ചു്, പൊന്നാനിവെച്ചെഴുതിയതു്.

കൊടുങ്കാററുമുലച്ചാലു, മാശ്രാന്തതരുവിനെ
വിട്ടന്നില്ലുഴൽപ്പാടിൽ പങ്കകാർ വിഹംഗങ്ങൾ

നിലകാക്കയാരന്നും കരുത്തില്ലാതെ, പാവം
ഫലമററിതാ നിലം പതിപ്പൂ കേരവൃദ്ധർ!

പുൽച്ചെടിക്കെന്തു? ഭാരം കുറഞ്ഞതാക്കൊണ്ടോ ഭീതി-
യുച്ചഭാവവു, മൊച്ചപ്പാടുമില്ല, നിശാന്തം!

രംഭകളാടിപ്പാടി, ഗളിച്ചു പത്രാവലി,
നിർഭരം നിലം പുൽകീ; കുലനാശവും കൂടി.

പീരങ്കിപ്പെരുംഘോഷപ്പൂതിയിപ്പടിഞ്ഞാറൻ
മാരുതൻനേർക്കേ ശാന്തശാഖികൾ വിറക്കൊൾവൂ.

൨

ഏഴുനാഴികയോളമെന്മിഴിയിണ ചുഴ-
മൂഴിതൻ ഭയാനക ഭാവത്തിൽ മുഴുകവേ,

എന്മനം നിലകൊണ്ടു നിശ്ചലമെന്തോ ശാന്തം!
നിന്മഹിമാവിൽ നീന്തിത്തുടിച്ചു നിസർഗ്ഗാംബേ!

---

താഴത്തു വീഴുന്നു. എന്നാൽ യാതൊരു ഭാരവുമില്ലാത്ത പുൽച്ചെടികളാകട്ടെ യാതൊരു ഭാവഭേദവും കൂടാതെ നില്ക്കുന്നു. രംഭകൾ=വാഴകൾ പത്രാവലി=ഇലകളുടെ കൂട്ടം. (പത്തിക്കീറേറനം) വാഴകൾ ആട്ടവും പാട്ടുമായിക്കഴിയുന്ന വേശ്യകൾക്ക പലരെ നാശവും കൂടി സംഭവിക്കുമെന്നു കാണിക്കുന്നു. പ. പാശ്ചാത്യരെ, സൂചിപ്പിക്കുന്നു.

൨. ലോകം മുഴുവൻ ഞെട്ടിനിന്ന ഭയങ്കരതയിൽ മുഴുകിയിരിക്കുമ്പോൾ കവി പ്രകൃതിയുടെ നിരതിശയമായ മാഹാത്മ്യത്തെയും പ്രഭാവത്തെയും ഓർത്തു അത്ഭുതപ്പെടുകയാണു്

ചിന്തതൻ ചിറകേറിച്ചെന്നെത്തും പടർന്നീല-
പ്പന്തലിൽ മോന്തായത്തിൽ, മാനുഷൻ പറന്നെത്തി.

ആഴിയു,മാകാശവു, മൂഴിയുമൊപ്പം മർത്ത്യൻ
വാഴുമേ, വെട്ടിപ്പിടിച്ചത്ഭുത ശാസ്ത്രക്കെല്പാൽ.

കമ്പിതകരവു,മച്ചഞ്ചലചരണവും
വമ്പുററശാസ്ത്രത്തിൻെറ പുത്തു ചൈതന്യം ചിന്നി,

ഏതൊന്നൊന്നൊടെതിർക്കില്ല? യേതൊന്നിൻ മറമാററി-
ല്ലേ? തൊന്നിൽച്ചോട്ടുന്നില്ല, യിച്ചരാചരങ്ങളിൽ?
൧
ശാസ്ത്രമൊക്കെ മറമാററുംതോറുമേ മായുംമായ;
ശാസ്ത്രക്കണ്ണിന്നുൾക്കടത്തിൽ കണ്ടെത്തും സത്യാകൃതി

അല്ലണിത്തിരശ്ശീലയ്ക്കുള്ളിലെക്കൂട്ടം കൈക-
ളെല്ലാമക്കർമ്മസാക്ഷി കാണിച്ചു കരം നീട്ടി.

മുമ്പേതാൻ മുട്ടുകുത്തി നിൽക്കുമപ്പൂർമാടങ്ങൾ
സംപ്രതി ഭൂദേവിയെ സ്സാഷ്ടാംഗം പ്രണമിച്ചോ?

---

ചെയ്യുന്നു. മനുഷ്യൻ ബുദ്ധിശക്തികൊണ്ടു ഭൂമി മാത്രമല്ല ആകാശവും സമുദ്രവും സ്വാധീനപ്പെടുത്തിയിരിക്കുന്നു. ഇനിയും എന്തെല്ലാം സ്വാധീനപ്പെടുത്തുവാൻ കിടക്കുന്നു.

൧. ശാസ്ത്രത്തിൻെറ കൈകൊണ്ടു ഓരോ മറയും മാററുന്തോറുംകൂടി നമുക്കു സത്യസ്ഥിതി വെളിപ്പെട്ടു വരുന്നു ശാസ്ത്രത്തിൻെറ കണ്ണിനു ഇരുട്ടിലും സത്യം കാണുവാൻ സാ

ദാരിദ്ര്യം പ്രിയമേറെദ്ദുഷ്ടത്തതായ്, കൃശമായി,
വാരിയും കോലുമുന്തിക്കാണുമീ മൺമാടത്തിൽ

പ്രാണങ്ങളാം കിടക്കുന്നു! മർമ്മത്തിൽ മറുശക്തി-
യിന്നത്തിമടിക്കുമ്പോളെന്നതാനെ പൊറുക്കാവൂ!

ആക്കൊച്ചു കുടിലിന്റെ സമ്രാട്ടിൻ ശാന്തവാഴ്ച-
യ്ക്കിക്കൊട്ടുങ്കാററു ചെയ്തു വിപ്ലവകാരി, ഭംഗം.

ഉടുക്കാൻ തുണിയില്ല; കുടിപ്പാൻ കഞ്ഞിയില്ല,
കിടപ്പാൻ കുടിയില്ല; കൂലിവേലയുമില്ല.

പാവമേ! വെള്ളിക്കണ്ണീർ വാർത്തുതള്ളുകമാത്രം
ചെയ്തുകൊണ്ടു കഴകവ, വെളിയിൽച്ചെറുവിത്തം.

പൂട്ടിയ പണപ്പെട്ടി തുറക്കില്ലയോ വാരി-
ക്കൂട്ടിയ വെള്ളി തുഞ്ചും സാക്ഷിയൊന്നഴിക്കാതോ?

---

ധിക്കാരം. പിറേറദിവസം നേരം പുലന്നപ്പോൾ, തലേന്നു രാത്രി നടന്ന ഭയങ്കരസംഭവങ്ങളൊന്നും കമ്മസാക്ഷിയായ സൂര്യൻ കൈകൾ (രശ്മികൾ) നീട്ടിക്കാണിച്ചു തരുന്നു. മുമ്പേതന്നെ ദാരിദ്ര്യത്തിൽ കിടക്കുന്നവർക്കു ഈ കഷ്ടപ്പാടുകൂടി വന്നപ്പോഴത്തെ സ്ഥിതിയെന്താണ്? വിപ്ലവകാരികൾ ചക്രവത്തിമാരെ നശിപ്പിക്കുംപോലെ, ദരിദ്രകുടുംബത്തിലെ ചക്രവത്തിയായ ഈ ഗൃഹനായകനേയും കൊടുങ്കാററു നശിപ്പിച്ചു. സഹോദരന്മാർ ഇങ്ങനെ ആപത്തിലകപ്പെട്ടിരിക്കുമ്പോൾ ധനികന്മാർ അവരെ കുറച്ചെങ്കിലും സഹായിക്കുകയില്ലയോ? വെള്ളിക്കണ്ണീർ വാർത്തുതള്ളുക=വെള്ളി ഉരുക്കി ഉരുപ്പിക വാക്കുന്നു; ഇവരോ കണ്ണീർ വാക്കുന്നു.

# സനാതനഗാനം.

1

പൂതമാം സനാതനസംഗീതഗംഗേ, വിശ്വ-
താതന്റെ തൃക്കാൽക്കൽനിന്നല്ലി നീയൊഴുകുന്നു?

'സ്വാതന്ത്ര്യം ശ്വസിപ്പിനെ'ന്നീശാസനമല്ലീ
പൂതമിഗ്ഗീതം കർണ്ണരന്ധ്രത്തിൽ മന്ത്രിക്കുന്നു?

തേനൊലിവാർന്ന ഗാനധാരേ, നീയഭിന്നാഭം
വാനിനെ വസുന്ധരയോടു സംയോജിപ്പിപ്പൂ!

ഇസ്സനാതനഗാനപീയൂഷനിർഝരമേററാൽ,
നിസ്സമസൗഷ്ഠവമണിച്ചാർത്തുമേ ഭൗതികങ്ങൾ

മങ്കതൻമണിമാറിൽ ചാർത്തുമേ മലർമാല്യം,
മംഗലാരവം വെള്ളിമണ്ഡപം മുഴക്കുമേ,

ദമ്പതിമനോവീണമീട്ടി നീ രമ്യരാഗ-
സമ്പന്നമാക്കീടുന്നു! സർവ്വവും നിൻ സാമ്രാജ്യം!

---

* പരിശുദ്ധയായ ഗംഗാനദിയെപ്പോലെ കവിതയും 'സർവ്വേശ്വരന്റെ തൃക്കാൽക്കൽ നിന്നായിരിക്കും ഉത്ഭവിച്ചതെന്നർത്ഥം. അഭിന്നാഭം=ഒരേവിധത്തിലുള്ള ശോഭയോടുകൂടിയത്. കവിത ഭൂമിയെ സ്വർഗ്ഗമാക്കുന്നുവെന്നു താല്പര്യം. ലോകത്തിലെ എല്ലാ പദാർത്ഥങ്ങളും കവിതയ്ക്കു വിഷയമായാൽ മനോഹരമായിത്തീരുന്നു. വിവാഹാവസരത്തിൽ വധൂവരന്മാരുടെ ഹൃദയം പ്രേമസമ്പൂർണ്ണമാക്കുന്നതും കവിത

ഉൾത്തടമീന്നീടുമ്പോൾ, മൂർച്ഛയുള്ളീച്ച്വാളാ-
ലുച്ഛ്വത്തിലുണ്ടാമൊലി, നിൻഗാനനിഷ്യന്ദത്താൽ
മൂകമാം മന്ത്രമുഗ്ദ്ധമെന്നാകണം, പ്രാണങ്ങളി-
ലാകവേ വിരോപണക്കുഴമ്പിട്ടെന്നതോന്നും!

2

കേരളായൊരു ദേശഭക്തിയെയൂതിക്കത്തി-
ച്ചുടലോടുയിർപോലുമാഹുതിചെയ്യിക്കുന്നു.
ആ വീരബാഹുക്കളിൽ, നിൻഗീതാവലി നീണ്ട-
പോർവാളിട്ടിളക്കിപ്പൂ! ഝംഝനശ്രുതിയോടെ.
മേടയും പുൽമാടവുമൊന്നുപോലിദ്ദിവ്യമാം
പാടലാൽ പുണ്യംനേടി നിർവൃതികൊണ്ടീടുന്നു.
കഠിനശിലയിൻെറ കട്ടിപോലും നിൻപദാർത്ഥങ്ങൾ
മേലവേ ദ്രവീഭവിച്ചുള്ളതല്ലെന്നാകിലും.
വെള്ളപ്പാരനാഞ്ഞിനിലും കശ്മലകാരങ്കൂടി
പ്പെട്ടുന്നു പിൻവാങ്ങുമേ, നിൻകാന്തകശരത്തിനാൽ.
ഷേക്സ്പീയർ, ഡാന്തി- ഗീഥേ, ശ്രീകാളിദാസൻ, [താഗോർ
മുഖ്യഗായകരിവർ പാടിയ പാട്ടൊന്നല്ലോ.

---

തന്നെ മനസ്സിൽ കഠിനമായ ദുഃഖമേല്പ്പെടുമ്പോൾ ആശ്വാസം തരുന്നതിനും കവിതയ്ക്കു സാധിക്കും.

൧. ആഹുതി=ഹോമം. ദേശഭക്തിയും ശൗര്യവും വർദ്ധിപ്പിക്കുന്നതിനും, ധനികരെയും ദരിദ്രരെയും ഒന്നുപോലെ സുഖിപ്പിക്കുന്നതിനും, ക്രൂരഹൃദയത്തെ മൃദുലമാക്കുന്നതിനും കവിതയ്ക്കു ശക്തിയുണ്ട്. കട്ടിയുള്ള പദാർത്ഥങ്ങൾ വേറെ ചിലതിൻെറ സംയോഗത്തിൽ ദ്രവീഭവിക്കുന്നതുപോലെ

അടിമശാസനമിതിന്നേററു പാടുകമാത്രം
മാദൃശ, രശമീരി സന്ദേശപ്രചോദിതർ.

3

വിഘ്നത്തിൻ ദംഷ്ട്രകണ്ടു ചിരിച്ചു മണ്ടുമൊന്നാരെ
വിശ്വസ്തവിജയശ്രീ വീഥിയിലെത്തിക്കുവാൻ,

ദുർബലസിരകളിൽ, ചൈതന്യം തൂകിത്തൂകി-
ദുർഗ്ഗമഭൂവിൽ മുന്നോട്ടടി നീ നീട്ടിക്കുന്നു.

സത്യത്തിൻ കൂമ്പിക്കുഴഞ്ഞീടിന ദളപുടം
പുത്തനായ് വിടർത്തുന്നു; സൗന്ദര്യം പുലർത്തുന്നു.

കരുണാക്കണ്ണീരുറപ്പിക്കുന്നു ശക്തി;
മെരുക്കീടുന്നു ചാട്ടം ദുർമ്മദക്കുട്ടിയെ.

ധർമ്മത്തിന്നാദർശത്തിൽ, ചിന്മയസാന്നിദ്ധ്യത്തിൽ,
ശർമ്മദപ്രാപ്യഭൂവിലെത്തിക്കും പ്രവാഹമേ,

വേഷഭാഷകളാലോ മതജാതികളാലോ
വേർതിരിപ്പിച്ചീടാതെസ്സോദരന്മാരെല്ലാരെ

---

കഠിനഹൃദയം കവിതകൊണ്ടു ആർദ്രമാകുന്നു. ദാന്തി=ഒരു ഇറ്റാല്യൻ മഹാകവി. ഗീഥേ=ഒരു ജർമ്മൻമഹാകവി. മാദൃശർ=എന്നെപ്പോലെയുള്ളവർ. പ്രചോദിതർ=പ്രേരിക്കപ്പെട്ടവർ. കവികളാൽ പ്രശംസിക്കപ്പെട്ട രാജാക്കന്മാർ എത്ര കാലം കഴിഞ്ഞാലും ജനങ്ങളുടെ ഓർമ്മയിൽനിന്നു വിട്ടുപോവുകയില്ല.

ദാനന്ദം സദൈക്യത്തിൻ കൊടിയാടതങ്കിഴി-
ലാനയിപ്പിക്കും ദിവ്യകാഹളീനിനാദമേ,

സ്നേഹസന്ദേശമെന്നും സരസേ, ദിവ്യദൂതി,
മോഹനകവിതേ, നീ സഞ്ചരിക്കുക നീളെ.

വാസനാവിലീനം ഞാനന്നൊരു മുകുളമായ്;
വാസന്തോഷസ്സിലിന്നോ മലരായ് വിരിയുവാൻ

പുത്തചൈതന്യധാര—ജീവനരസായന-
മത്തലമൊഴുക്കിയതെൻ പിഞ്ചുസിരകളിൽ?

അദ്ദിവ്യഗാനാമൃതലഹരിപിടിച്ചന്നാ-
നാനന്ദപരവശമെന്തൊക്കെപ്പുലമ്പീലാ—?

മന്നോർതൻമൌലികാലവീചിയിൽവീണിടാതെ-
യെന്നാളും താങ്ങിനില്പാനേതിനുകരുത്തുണ്ടോ?

അതിചപലമാമക്കവിതൂലികപെറും
ശ്രുതിമോഹനമൃദുനാദമേ, വെല്‌വുതാക.

---

ന. വിഘ്നങ്ങൾ കണ്ടു ഭയപ്പെട്ടോടുന്നവരെ ധീരന്മാരും ഉത്സാഹികളുമാക്കുവാൻ കാവ്യങ്ങൾക്കു സാമർത്ഥ്യമുണ്ടു്. സത്യത്തെ സംരക്ഷിക്കുവാനും, കാരുണ്യമുളവാക്കുവാനും, ദുരഹങ്കാരമാകുന്ന കടുവയെ മെരുക്കുവാനും കവിതയ്ക്കല്ലാതെ വേറെയൊന്നിനും സാധിക്കുന്നതല്ല. ജാതിമതദേശഭാഷാദികളാൽ വ്യത്യാസപ്പെട്ടവരുടെ ഐക്യമുണ്ടാക്കുന്നതും ഇതുതന്നെ.

## ദ്വിതീയഹൃദയം.

---

മന്ദാകിനിമണൽത്തിട-
ത്തേകാന്തതയിലേകദാ
ത്തുളസീദാസനത്യുഗ്ര-
ചിന്താഗ്രസ്തൻ ചരിക്കവേ, 1

കണ്ടപ്പോൾ ചുടുകാട്ടിങ്കൽ
പരേതപതിതൻ പാദ
വേളിക്കോപ്പിട്ടു, വെള്ളാട-
യുടുത്തുംകൊണ്ടൊരുത്തിയെ. 2

ഗതഭർത്തൃക, ഗംഭീര-
ചിന്താവീചിവിഹാരിയെ
കണ്ടുടൻ തൊഴുകൈയോടു-
മറിയിച്ചാളനാകുലം. 3

"വരാനുചരിയായ്വാനിൽ
പൂകുവാൻ പൂജ്യപാദരേ,
അനുഗ്രഹിച്ചീയഗതി-
യ്ക്കനുജ്ഞയരുളേണമേ" 4

ചോദിച്ചു തുളസീദാസൻ:
"ബദ്ധപ്പാടെന്തു ബാലികേ!
ഇക്കണ്ടലോകവും നാകം
ക്ഷമച്ചോർക്കുള്ളതല്ലയോ?" 5

"വാനോർനാട്ടിലെഴും വാസം
വാഞ്ഛിക്കുന്നില്ല ഞാൻ ഗുരോ,
ദ്വിതീയഹൃദയത്തെത്താൻ
കാംക്ഷിക്കുന്നെൻറകാന്തനെ." 6

മന്ദസ്മിതസ്നപിതനായ്
കരുണാമസൃണാശയൻ
വദിച്ചാനീവിധം 'വത്സ,
ഗേഹംപ്രതി ഗമിക്ക നീ! 7

ഇത്തിങ്കൾതീരും മുമ്പേ നീ
കാണും കണവനെസ്സ്വയം
സപ്രത്യാശം സതീമൌലി-
മാലായിത മടങ്ങിനാൾ. 8

എന്നുമേ തുളസീദാസൻ
ചെന്നുൾക്കൃഷ്ടവിചിന്തകൾ
തന്നുള്ളത്തിൽ തളിപ്പിച്ചു
വന്ന വാത്സല്യവാരിധി. 9

അപാർത്ഥിവപ്രേമമയ-
മായ്മനസ്വിനി തന്മനം
മാറും വരെ മഹാത്മാവു
നല്കീ നവ്യപ്രബോധനം. 10

ശാസാവസാന മാകാറായ്
അപ്പോൾ തന്നയൽവാസികൾ
ചോദ്യം തുടങ്ങി: "ബാലേ നീ
കണ്ടായോ നിൻെറ കാന്തനെ?" 11

പുഞ്ചിരിപ്പൂ പൊഴിച്ചാതി
പുണ്യശാലിനി 'കണ്ടു ഞാൻ'
എങ്ങുവെച്ചാരെന്നു വീണ്ടും
ചോദ്യമായ് കൗതുകാകുലർ. 12

ഹൃദ്ദേശസ്ഥിതനെൻ നാഥ-
നെന്നോടേകീഭവിച്ചവൻ
ഏവമുൿ ഫുല്ലമുഖിയായ്
ചൊല്ലീ ചില്ലീനമാനസാ. 13

* ടാഗോർ

## മാനസഖനി.

---

മാനസഖനി വിളക്കും വൈരക്കല്ലേ: വില നൂനം
ഞാനറിഞ്ഞേൻ വിപത്കാലച്ചാണയിൽ വെച്ചേ.

കഴുകൾ കൊത്തിപ്പറിക്കും കൊലനിലമിയ്യുലക-
മഴകൊഴുകിടുമലക്കാഘാതം കാലേ.

ഇരുളിൻെറ ചുരുളിങ്കലെത്ര ചുടുവീർപ്പുമുള്ള-
മുരുകിച്ചോരുന്ന കണ്ണുനീരും തങ്ങുന്നു.

വരപക്ഷക്കാരെറിയുമാക്ഷേപക്കൂരമ്പു തട്ടി
വധൂപിതാക്കൾക്കും മനം വ്രണിതമായി;

സൂര്യരശ്മി കടിച്ചോരെ ഞെട്ടിൽ പൂത്ത മറേറസ്സുമ-
മാഴ്സ്യസഹോദരൻ—നിന്നു സത്യപ്രഭയിൽ

സ്വൈരതാരങ്ങളിൽനിന്നു മഴകടലിന്നടിയെ
വരെ വിണ്ണാക്കുന്ന മഞ്ഞിമാലയിൽനിന്നും;

ഉദയപ്പൊന്മലയിൽ നിന്നൊലിക്കുമൊളിയിൽനിന്നും;
ഹൃദയമലിക്കുമന്തിമേഘത്തിൽനിന്നും

പുലർമാതിൻ മക്കൾ—നറുംപൂക്കൾ—ചെങ്കതിർച്ചാ- (ർത്തേൽപ്പാൻ
തല പൊക്കിത്തരളാം നില്പതിൽനിന്നും;

സത്യസൌന്ദര്യങ്ങൾ സമാഹരിച്ച മഹാകവികൾ
ഝത്തികയാൽ വർഗ്ഗമൈത്രി വരച്ചുകാട്ടി.

മതം സംസ്കാരത്തിലേയ്ക്കു വെച്ച കോണിപ്പടി മാത്രം
മതം സ്വാതന്ത്ര്യത്തെക്കാട്ടും മണിപ്രദീപം.

ഇരുട്ടണ്ടുമിരുൾവഴിയിലിഴയുവാനല്ല: സൂര്യൻ
വീട്ടുത്തുന്ന വെളിച്ചത്തിൽ, രാജവീഥിയിൽ.

---

# വൃദ്ധനോ യുവാവിനോ.

ശാസ്ത്രംവിധിക്കുന്നു ശരീരികൾക്കു
വാർദ്ധക്യമായാൽ വനവാസവൃത്തി
വിധിപ്പു പക്ഷേ കവി നല്ലവാന-
പ്രസ്ഥാശ്രമത്തെത്തരുണർക്കു മാത്രം. 1

വിരിഞ്ഞുനിൽക്കും വിവിധപ്രസൂനം!
വിരഞ്ഞുമണ്ടും വരിവണ്ടിനങ്ങൾ,
പാടിപ്പറക്കും പറവക്കുലങ്ങ-
ളിവയ്ക്കു ജന്മാവനിയാം വനാന്തം. 2

ആ മാലതീചുംബനലോലനായ
സോമൻവിടും കൗമുദിയെന്നദൂതി
സന്ദേശമോതുന്നിതു ശാന്തമുഗ്ദ്ധം;
അതിന്റെ തത്ത്വം തരുണൈകവേദ്യം 3

യുവാവപക്വാശയനത്രയല്ല;
ദുശ്ശാഠ്യവും കൂട്ടമശാന്തനത്രെ;
ഇതൊക്കെ നോക്കുന്നളവിൽ ഗൃഹസ്ഥ-
വൃത്തിക്കെഴും യോഗ്യത വൃദ്ധനത്രെ. 4

ടാഗോർ.

# സ്നേഹധാര.

---

ജാതിക്കൊട്ടമുള്ളുവേലി, പ്രണയത്തിൻപിടിവലി;
ഭീതികരഞ്ഞുള്ളവീഥി, കുഴങ്ങീ ലോകം?

ധനിടംവാദാശിക്കൈകൊട്ടപ്പുത്തും സ്നേഹതാരം
ജ്ഞനിലാവിന്നഭിവാദ്യംചെയ്തു നിൽപ്പതും;

ഖങ്കോട്ടമുടികൾ മുകിൽ മാലയെയാശ്ലേഷിപ്പതും;
തീങ്കള്ളിന്നടമിന്നെ ത്തിളക്കുന്നതും;

ഹാ! മനുഷ്യൻ കാണുന്നീല: നാലുപാടുംനോക്കുന്നീല;
ഈപ്രേമദിവ്യനിയമത്തിന്നാൾ ഭേദമുണ്ടോ?

സ്നേഹപ്പൊൻവിളക്കിൽക്കാണാം മീശപാരന്റെനീണ്ടനിഴൽ
സാഹോദര്യസൂത്രാഭയിൽ സത്യസ്വരൂപം.

ജീവിതമൃഗങ്ങിക്കണ്ണീരിൽക്കുളിക്കത്തി യൊലിക്കുന്ന
പാവനപ്രാണങ്ങളിതേത്യ! താങ്ങിനീതാണേ!

സ്നേഹമില്ലാതിറവൂപോലും വററിക്കൊട്ടുകെട്ടില്ലെന്നാ-
ഹാഹന്ത! നിൻവ്യേദീപം ഭാരതഭൂവേ!

സ്നേഹധാരപേകരുക! കോരിപ്പുകരുക ജാതി
മോഹതമസ്സററു ലോകം മോഹനമാകാൻ.

---

# ഉദയസൂര്യൻ.

---

കുളുർകാറേററു കൂത്താടു-
മിളംകിളികൾ പാടവേ,
ഉദയപ്പൊന്മലയിൽ നി-
ന്നുയർന്നു ബാലഭാസ്കരൻ.

ഇരുളാമാനയെക്കൊന്നു
പുരളും രക്തധാരയാൽ
കിഴക്കൻ മലയിൽ കാന്തി-
യൊഴുക്കും ബാലസിംഹമോ?

പുലർകാലത്തു പൂത്തുള്ള
പലമാതിരി പൂക്കളെ
മൂപ്പാരിൻ ദൃശ്യദേവൻെറ
മുമ്പിലർപ്പിക്കയോ മഹി?

---

ഉദയപ്പൊന്മല=ഉദയപർവ്വതം. ബാലഭാസ്കരൻ=കുട്ടിസ്സൂര്യൻ. ഇരുളാമാന=ഇരുളാകുന്ന ആന. ആനയും ഇരുട്ടും ഒരുപോലെ. കുട്ടിസ്സൂര്യനെ, ഇരുട്ടാകുന്ന ആനയെക്കൊന്നു് ചോര ചിന്നിയ സിംഹക്കുട്ടിയോടു് ഉപമാക്കിയിരിക്കുന്നു. ഉദയസമയം ചുകപ്പുനിറമുണ്ടാകുമല്ലൊ. കിഴക്കൻമല=ഉദയപർവ്വതം. മൂപ്പാരിൻ ദൃശ്യദേവൻ=മൂന്നു ലോകത്തിനും ദൃശ്യനായി (കാണപ്പെടാവുന്ന) ദേവൻ (സൂര്യൻ.) മഹി=ഭൂമിദേവി. പലമാതിരി പൂക്കളും പുലർ കാലത്തു് വിരിയുന്നതു്, ഭൂമി സൂര്യനു് അവയെ കാഴ്ചവെച്ചു് വണങ്ങുകയാണോ എന്നു തോന്നും.

---

## * വർഷകാലം.

---

ചുട്ടുപഴുത്തോരു നട്ടുച്ചസ്സൂര്യന്റെ
മട്ടെല്ലാം മാറിപ്പോയ്, മാരിപെയ്തു.

കാർമ്മേഘംകാററത്തു പാറിക്കളിക്കുന്നു;
വാർമിന്നൽ പായുന്നു വാനിലെങ്ങും.

പാരിടമാകവേ പാരം നടുങ്ങീടും
ഘോരമിടിനാദ ഘോഷമെങ്ങും

വാടിക്കരിഞ്ഞുള്ള വള്ളികളെങ്ങും പൂ-
വാടിയിൽപ്പച്ചില ചാർത്തീടുന്നു.

പാടത്തും തോട്ടിലും നീരുനിറഞ്ഞല്ലോ
പാഠശാലയ്ക്കുനീ നോക്കിപ്പോകൂ!”

ഓമനമക്കളോടമ്മയുമച്ഛനും
ഈവ കട്ടുചൊല്ലീടും പ്രേമത്താലേ

തേജസ്സുചേരുന്ന പുത്രന്റെ പൊന്മുഖം
തേങ്ങിക്കരകവേ മങ്ങുംപോലെ

മാരിക്കാർമൂടലിൽ പെട്ടോരു കട്ടിയാം
സൂര്യനും കാലത്തു കാന്തിമങ്ങി

---

* ബാലന്മാർക്കെഴുതിയതു്.

പാടേതവളകൾ താളവും മേളവും
പാടത്തു കൂടിത്തകർത്തീടുന്നു.

മേനിമെലിഞ്ഞൊരു തോടും പുഴകളും
മേന്മേലേ വൃഷ്ടിയാൽ പുഷ്ടിനേടി

ദേഹംചടച്ചോരു ബാലക്കും വേണ്ടുന്നോ-
രാഹാരംകിട്ടിയാൽ പുഷ്ടിയുണ്ടാം.

---

## ഒരു ഭക്തയുടെ ഹൃദയനിവേദനം.

കേശവ! മനോവാസ! രാധികാ-
കേളിപങ്കജഭൃംഗമേ,
കാളിന്ദീപുളിനത്തിലെപ്പുതു-
കാളമേഘാവതാരമേ! (കേശവ!...)

ശ്രീരാധികാ വൈദ്യുതീലത-
ക്കവ്യയാധാര ധാമമേ!
രാധികാവക്ഷലക്ഷ്മിയെപ്പുൽകും
മാധുരീമയ മാധവ! (കേശവ!...)

തേങ്കിനിയുന്ന പൂങ്കുഴൽനാദ-
മോങ്കാരം ഭക്തർക്കെങ്കിലും;
മങ്കമാർക്കതു തുംഗശൃംഗാര-
മംഗളമാര കാകളി. (കേശവ!...)

വെണ്ണയെന്നോണം നാരിമാർമനം
കണ്ണിനാൽക്കക്കും കണ്ണനേ!
കൊണ്ടൽവർണ്ണ! കൈക്കൊൾക മെയ്യണി-
ക്കൊച്ചുമിന്നലായെന്നെയും.

# പ്രകൃതിപ്രഭാവം.

---

മതിമതിയെഴുന്നേല്ക്കൂ! മത്സഖേ! നിങ്ങൾ നീക്കൂ!
കൃതികളഖില,മഗ്ല്ലന്നാകിലോ ക്ഷുന്നരോപാകം!
മതിമലരിന്നു നിത്യം ശല്യമേകുന്നതാമി-
പ്പതിവരുതിന്നിതെണ്ണിന്നല്പമാശ്വാസമേകൂ. 1

കനകകിരണജാലം തൂകിയസ്താചലത്തിൽ-
ദിനപതി വിലസുന്നു ലോകനേത്രാഭിരാമം;
വനവിടപികൾ തങ്കച്ചാറിലാറാടിടുന്നു
ഘനപടലി വിചിത്രപ്പട്ടുപോലുല്ലസിപ്പൂ! 2

കൃതികൾ! അവകളെല്ലാം ബുദ്ധിമാന്ദ്യം വരുത്തും;
മതി വരിക സുഹൃത്തേ! പൂങ്കുയിൽപ്പാട്ടു കേൾക്കൂ!
ശ്രുതിസുഖകരമായോരായതിൽച്ചേർന്നിരിപ്പൂ
മതിവികസിതമാകത്തക്കതാം സല്പ്രകാശം 3

കുരുവി കുളുകിയായിപ്പാട്ടു പാടുന്നു കേൾക്കൂ!
വിരുതെഴുമുപദേഷ്ടാവാണവൻ നിർവ്വിവാദം
പ്രതിനവമതിബോധം നിഷ്പ്രയാസം വളർത്തും
പ്രകൃതിയെ നിയതം നീ ശിഷ്യനായാശ്രയിക്കൂ. 4

സുകൃതികൾ നിജ കേതക്കേകിയാശീർവ്വദിപ്പാൻ
പ്രകൃതിയവധിയില്ലാസ്സ്വത്തു സൂക്ഷിച്ചിരിപ്പൂ
സ്വയമറിവു വളർത്തും ദേവിയാരോഗ്യമോടും
നിയതമമലമോദാൽ തത്ത്വമാനന്ദമോടും. 5

തരുലതകൾ തളിർത്തും താർമണക്കാററാടിച്ചും
നിരുപമസുഖമേകും കാട്ടിൽനിന്നേകപാഠം
വിരുതുടയ സമസ്താഭിജ്ഞരേക്കാൾ പ്രപഞ്ച-
പ്പൊരുളൊട്ടു ഗുണദോഷജ്ഞാനവും നല്കുമല്ലോ. 6

പ്രകൃതി നിയതമേകും ജ്ഞാനസമ്പത്സമൂഹം
സുകൃതിസുലഭമാകുംമട്ടു മാധുര്യധുര്യം
അകൃതകരമണീയം വസ്തുവെച്ചീത്തയാക്കാൻ
വികൃതഹൃദയരാകും നാം ശ്രമിക്കുന്നു കഷ്ടം! 7

മതി മതി ബഹുശാസ്ത്ര ഗ്രന്ഥമെല്ലാമടക്കൂ!
മതിചിരസതയോടശ്ശുഷ്കപത്രങ്ങൾ പാടേ
അതികുതുകമൊടോരോ വസ്തു നോക്കി ഗ്രഹിയ്ക്കു-
ന്നതിന്നു ചതുരമാരായോരാശയം കൊണ്ടുപോരൂ! 8

വേഡ്സ്വർത്ത്

---

# ഇന്ദ്രജിത്തിൻെറ വീരാഹങ്കാരം.

(ഉപസൎപ്പിണി)

രുധിരനീരൊഴിത്തുമ്പാൽ വിരൊധിതൻ-
വിധികുറിക്കുന്ന പൈതാമഹാസ്ത്രവും
വിജയലക്ഷ്മിതൻ പുഞ്ചിരി പൂശിന
ഭുജഗഭൂഷണ ചന്ദ്രഹാസാസിയും,

പശിയടങ്ങാതെ, നിന്നിരമിന്നു കൈ-
വശമിരിക്കവേ, യെൻെറ, യച്ഛൻെറയും,
വനനരൻ ഹനൂമാനോ വരട്ടെയി-
ങ്ങിനതനൂജനോ ജാനകീജാനിയോ?

കൊടിയ കൈകസീ വംശാങ്കുരങ്ങളെ-
ത്തൊട്ടുവതിന്നാശു നീട്ടിയ കൈകളെ
ചമതപോലവേ ഞാൻ വെട്ടിവീഴ്ത്തി നി-
ൎവ്വീമതമാക്കുവെൻ വിന്ധ്യനും സിന്ധുവും

അളുലലങ്കയാം പങ്കമലത്തിലെ-
പ്പുതുമരന്ദമാരുണ്ണാനുഴറിയോ?
പരമഝംകൃതിപൂണ്ടൊരാ വണ്ടിനെ-
ച്ചിറകറുത്തു വിടുമിന്ദ്രജിത്തു ഞാൻ.

# ദേശികൻ ദിവംഗതൻ.

---

സ്വർവാണീസ്നേഹോജ്ജ്വല നിർമ്മലമണിദീപം
നിർവ്വാണനിലയാർന്നു, കേരളമിരുളാണ്ടു!

വാല്മീകിവ്യാസന്മാരും കണ്വശങ്കരന്മാരും
വാനിലെത്താരങ്ങളാ യന്ധയായ് വസുന്ധര;

ഇരുളി,ലൃഷികല്പൻ കാലമാം കടക്കോലാ-
ലൊരുമട്ടുന്മഥിച്ചുല്പന്നനായ്—പുന്നശ്ശേരി.

ഭാരതഹൃദയമിങ്ങെത്ര നൂററാണ്ടോ, യേത്തു
ഭാരതീ ശരീരത്തിൽ തുടങ്ങീ തുടിക്കുവാൻ?

ആയതിൻസിരാനിര ശൈഥില്യമേലാതിന്നു
ള്ളയോ ജീവനസുധ പകരും ജൈവാതൃകൻ,

ചരമാദ്രിയിൽച്ചാഞ്ഞു മാഞ്ഞുപോയല്ലോ, ചരാ-
ചരഗോചരമല്ലാ ദിവ്യഗോപ്യസാരങ്ങൾ!

നിർജ്ജരസരസ്വതീ നിർഝരമാകുമങ്ങു
നിർജ്ജരനായ്ത്താൻ കാലസിന്ധുവിൽ വിലീനനായ്!

'നിള'തൻ തളകിലുങ്ങിടുന്ന നൃത്തമൊത്തു
കളഗൈർവ്വാണിചെയ്യും പദവിന്യാസം നോക്കി

'സാരസ്വതോദ്യോതിനി' ശാലതൻ ശാന്തരമ്യ-
പ്രാന്തത്തിൽ സ്ഥിതിചെയ്ത ദേശികൻ ദിവംഗതൻ.

അങ്ങുതൻ വിദ്യാലയവാരിധിയിൽ വിളഞ്ഞൊരു
മങ്ങാത്തമണികൾതാൻ; നോട്ടക്കാർ വിലകാണ്മൂ!

ആയവ, വരാംഗിയാം കൈരളിക്കണിമാല്യ-
മായതമാരചിപ്പാനുതകുന്നവയത്രെ.

സാന്ധ്യധൂസരകാന്തി ചിന്തിന വിന്ധ്യൻപോലെ-
സ്സാന്ദ്രമാംകാശ്മീരക കംബളം പുതച്ചോതാൾ,

പ്രകൃത്യാ സമുന്നതനെങ്കിലും വിനീതനായ്
സുകൃത്യം കുലുങ്ങാതെ സ്വൈരമാചരിച്ചിതോ?

അത്തീർത്ഥപാദങ്ങളാണാപ്ഷമാ മാദർശത്തിൻ
മൂർത്തമാമവതാരം; ധന്യയിലമ്മക്ഷോണി!

വിൺമൊഴിമാതിൻ തിരുമേനിയിൽ തിയ്യാടികൾ
കല്മഷംചേർക്കും തീണ്ടിയെന്നോർത്തും നിനയാതെ,

തച്ഛിഷ്യസമ്പത്തിങ്കലേക വർണ്ണത്വംകണ്ട
സച്ചരിത്രനിൽത്തെല്ലു 'മാമൂല്യം' മാപ്പാക്കട്ടെ!

*   *   *   *   *

മന്നിലെ മണിവിളക്കിന്നലെബ്ഭവാൻ, നാളെ
വിണ്ണിലെത്തെളിത്താരമായെങ്ങൾക്കൊളിവീശും.

# എന്റെ പ്രാർത്ഥന.

കാനനമോ, കാന്താരമമ്മമോ, പൊള്ളുന്ന
വേനലോ കുന്നിയും കൂട്ടാക്കാതെ
കാലിടറീടുന്ന—കണ്മഞ്ഞളിക്കുന്ന-
കാതരസോദര പ്രാണങ്ങളെ

ആദർശാരാമത്തിൽ—ശീതളച്ഛായയിൽ-
സ്വാതന്ത്ര്യംവീശുന്ന വെണ്ണിലാവിൽ
എത്തിപ്പാനിയ്യെന്റെ താരിളംകൈകളിൽ
പുത്തൻകരുത്തു പുലർത്തിടാവൂ!

ചേർത്തുമെൻ ചേലവക്കൈവിരലാലിവൻ
സത്യത്തിൻ കൂമ്പിക്കഴഞ്ഞൊരിതൾ
മർത്ത്യത്തിൻ സാക്ഷാത്സൗന്ദര്യം ദർശിക്കാം
മട്ടൊന്നതൊട്ടു വിടുർത്തീടാവൂ!

കർമ്മവീരന്മാർതൻ കട്ടിച്ചെഞ്ചോരയോ
നിർമ്മലനെററിത്തു വേർപ്പുനീരോ
തൂകുകകൊണ്ടല്ലീകാലേ ഫലംപെററു
ലോകാഭിവൃദ്ധി തഴച്ചുനില്പൂ!

# എന്റെ മനസ്സേ!

(കേക)

കല്പകതരുവിന്റെ കോമളക്കൊമ്പിൽപ്പെട്ട-
നല്പഫലമലക്ഷ്യ മനഃസ്സു, കാട്ടുന്നു നീ!

ബാലാർക്കകിരണത്തിൽക്കൂരിരുട്ടും കലക്കുന്നു;
നീലാഭ്രനിചോളം പൊന്നീനാളപ്രഭമാക്കും.

നാകത്തിൽ നടുന്നു നീ വിഷവൃക്ഷവും; കുംഭീ-
പാകത്തിൽ കല്പദ്രുവും; ശോകത്തിലശോകവും.

മൃണ്മയപാത്രത്തിങ്കൽ വെണ്മയെത്തോന്നിച്ചേറെ-
ക്കണ്മയക്കുവാൻ വല്ലും കൗശലക്കാരൻ നീതാൻ!

കാകോളം കടുക്കോളം പീയൂഷപാത്രത്തിൽ നീ
കാരുണ്യഹീനം തുളിച്ചെന്തൊക്കെദ്ദുഷിപ്പിപ്പൂ?

സങ്കല്പസ്വർഗ്ഗം സൃഷ്ടിച്ചായതിൽ സുഖിപ്പൂ; നി-
ശ്ശങ്കമെങ്കിലുമാശു തട്ടി നീ തകർക്കുന്നു.

സാഹിതീസൗധത്തിന്റെ താഴികക്കുടമേറി
മോഹിച്ചപോലെ സ്വൈരവിശ്രമം തേടീടാം നീ

കാലിടച്ചയോടപ്പോളഗാധക്കുണ്ടിൽ വീണു
മാഴിയന്നീടാം—നിന്റെ മണ്ഡൂകപ്ലുതം കേമം!

വാനീരകുഞ്ജത്തിലുമാ നീലമഞ്ചത്തിലും
വാനരപ്പെരുമാളേ, വായുവേഗം നീ ചാട്ടു!

അന്തിപ്പൂന്തിങ്കളെന്നല്ലാനാകലോകം കൂടി
നിന്തിരിപ്പൊന്നാൽ കരിക്കട്ടയാം; ചുടലയാം;

ആയത, ഹ്രസ്വ, സാന്ദ്ര, മൃദുമാനസാരശ്-
ച്ഛായാവളീപരിവൃതം മാനവപരിസരം.

കിഞ്ചിദുന്മീഷിതമാം കിഞ്ജൽക്കമഞ്ജുരസ്മേര-
കാഞ്ചനമലരിൽ നീ ചഞ്ചരീകമായ് ചെൽകേ-

ബന്ധനം ഭേദിച്ചുള്ള ബന്ധുരപരിമള-
മെന്തഹോ, മന്ദം മന്ദം നിന്നോടു മന്ത്രിച്ചുള്ളും?

നിർജ്ജിതേന്ദ്രിയരെയും ജർജ്ജരിതാംഗരെയും
സജ്ജരാക്കിത്തീർപ്പതെന്തുശാശ്വതശക്തി,

കാതോളം നീണ്ട കണ്ണിൻമുനയിൽ കടക്കോള-
മേതൊരു കരുത്തത്രേ ചേർന്നു ദിഗ്ജയം ചെയ്വൂ!

അമൃതിൻ ജന്മഭൂവേ, ജയിക്കൂ! നിത്യം നിന-
ക്കായത്തമെല്ലാമയസ്കാന്തമേ! കാമം തുച്ഛം!

വീചിവ്യാദവും വിദ്യുല്ലതികാസാഹസ്രവും
വിസ്മയാവഹവൃത്ത! നിന്നിൽ വിസ്ഫുരിക്കുന്നു.

'നാഴിപ്പാൽകൊണ്ടു നാട്ടു കല്യാണ'മാക്കുംപോലെ-
പ്പാഴിൽ നിൻ പുച്ഛാഗ്രത്തിലുള്ളതെല്ലാമൊളിയാലെ,

മന്നിടം മയക്കീടാമെന്നാകാം മഹാമോഹം
നന്നിതു നിന്നുദ്യോഗമെന്മേൽപ്പെടുത്യാതമേ!

കാർമറ കലരുന്ന വിസ്തൃതവിഹായസ്സിൽ
താർമഴവില്ല വീശിക്കൊണ്ടുമേ ഹൃദന്തമേ!

പരാർത്ഥം നിജായുസ്സാം നിർമ്മലമാല്യത്തിലെ-
പ്പരാർദ്ധ്യം പൂവോരോന്നും ചാർത്തിയ മഹിഷ്ഠന്മാർ

പൗരാണികന്മാർ, പുണ്യശ്ലോകന്മാർ തൻവിഭൂതി-
യാരാഞ്ഞുനോക്കൂ! കെടാത്തീപ്പൊരി കിടപ്പുണ്ടാം.

കൊളുത്തിക്കൊൾക! നിന്റെ കൊച്ചുകൈവിളക്കങ്ങു;
വെളിച്ചം വീശാമത്ര വല്ല കൂരിരുളിലും.

# വാടാവിളക്ക്.

---

(മഞ്ജരി)

൧. മന്നിനെ വിണ്ണോടിണക്കീടും മെയ്യൊളി
ചിന്നി വെൺമേഘവിതാനമേറി;

നാനാരസങ്ങൾതൻ നർത്തനഭേദത്താൽ
മാനസം കട്ടെടുക്കു മംഗളാംഗി

വാനിലെപ്പൂങ്കതിർ വാടാവിളക്കുതൻ-
വാരിളം കൈത്താരിലേന്തി വന്നു.

ചോരിവായ് ചുംബന മാന്ത്രികതന്ത്രങ്ങ-
ളാരാമങ്ങളെയെന്നെയാശ്ലേഷിച്ചു.

ആ സുഖസ്വപ്നസ്വരൂപിണി വാസനാ-
ഭാസുരം ഭദ്രപ്രദീപം കാട്ടി,

---

൧. കവിതാദേവിയുടെ അനുഗ്രഹത്താലും സഹായത്താലും കവി ഓരോ പദാർത്ഥത്തിലുമുള്ള സൂക്ഷ്മതത്വങ്ങളെ കണ്ടറിയുന്നതാണ് ഈ പദ്യത്തിലെ വിഷയം. മന്നിനെ—ചിന്നി=ഭൂമിയെ സ്വർഗ്ഗസമാനമാക്കുവാൻ കവിതയ്ക്കു ശക്തിയുണ്ടു് എന്നു സാരം. നാനാ......മംഗളാംഗി=ശൃംഗാരാദിരസങ്ങളാൽ കവിത എല്ലാവരുടെയും ഹൃദയം കവരുന്നു. വാനിലെ......വന്നു=സ്വർഗ്ഗീയവും അക്ഷയപ്രകാശവുമായ ഒരു വിളക്കു കവിതാദേവിയുടെ കൈയിലുണ്ടായിരുന്നു; കവിതാദർശനം അലൗകികവും നിത്യപ്രകാശവുമാണല്ലോ. സുഖ...പിണി=ആനന്ദാത്മകമാണു് കവിതയെന്നു സാരം. വാസന=നൈസർഗ്ഗികമായ പ്രതിഭ. ഭാസുര...ദീപം=പ്രകാശി

തൻകുളുർക്കൺകോണാൽ ശാസിക്കേ മന്ദൻ ഞാൻ
ശങ്കവിട്ടാച്ചോട്ട പിന്തുടർന്നു.

൨. നീളവേ കത്തുന്ന തൂനെയ്‌വിളക്കിന്റെ
നാളത്തിലെന്മിഴിക്കോണിൻ നേരെ,

ആ ലൂതാതന്തുവിൻ നേർമ്മയെ വെല്ലുന്നൊ-
രായതാനുസ്യൂതബന്ധം കണ്ടു.

നൂലിൻ സുസൂക്ഷ്മമാമറ്റം പിടിച്ചനു-
വേലം വലിക്കവേ, നീങ്ങിനീങ്ങി,

നീലനിഴലോളച്ചുരുളുകൾ കാണായി
കാലത്തിൻ കോലത്തെ മൂടും കാഴ്ച!

'ഇന്നലെ'യുണ്ടതിൽ നഗ്നാഭം 'നാളെ' യായ്
തന്നിലമാറുവാൻ നിന്നിടുന്നു!

ഭൂതത്തിൽ നീണ്ടൊരലച്ചരടോ, ഭാവിപ്പൂം-
പൈതലിൻ പൊട്ടിക്കരച്ചിൽപോലെ.

തെല്ലുമാവാനിന്റെ വാസ്തവമോരായ്പാ-
ന്നല്ലമാഹസ്സും മറഞ്ഞിട്ടേടം,

പൂത്തഴം പുത്തൻ പുലരിപ്പനീരിന്റെ
നേർത്ത തളിർച്ചുണ്ടനങ്ങുന്നേരം,

---

ക്കുന്ന മങ്ഗളവിളക്ക്. നൈസർഗ്ഗികമായ പ്രതിഭ നല്ല വിളക്കുപോലെ കവിക്ക വഴി കാണിച്ചുവെന്നർത്ഥം.

൨. നീളവേ......വിളക്ക്=എല്ലാടിക്കിലും കാണുന്ന സുന്ദരപദാർത്ഥങ്ങൾ. ലൂതാതന്തു=എട്ടുകാലിയുടെ നൂല്. ആയതാ......ബന്ധം=നീളത്തും തുടർന്നുകൊണ്ടുപോകുന്നതുമായ ബന്ധം. അനുവേലം=പിന്നേയും പിന്നേയും. നീല

നിർജ്ജനശൈലത്തിൽ, നിർജ്ജനഭാഷയിൽ
നിർജ്ഝരാലാപങ്ങൾ കേൾക്കുന്നേടം,

ആരായ്വാൻ സ്വർഗ്ഗരഹസ്യങ്ങൾ, കേൾക്കുവാ-
നാരമ്യസത്യത്തിൻ സാക്ഷാന്നാദം,

സഞ്ചാരിപ്പിച്ചു ഞാനുത്സുകനേത്രം; നി-
ശ്ചഞ്ചലം ഞാൻ ചെവിയോർത്തുനിന്നു.

പുഷ്പസന്ദേശം.

ഫുല്ലാഭിരാമമാം പൂവിതളുൾപ്പുക്ക
വല്ലായ്മതീർക്കുവാൻ വല്ലപാടും

മെല്ലൊരുമൂർഖപ്പാഴ്കീടമിഴഞ്ഞെത്തി-
ന്നെല്ലുകരണ്ടതും കണ്ടേൻ; പിന്നെ,

വിണ്ണിൽനിന്നന്നേരമേതോ വിഹംഗമം
തിണ്ണം പറന്നെത്തിത്തീക്ഷ്ണം നോക്കി,

കീടത്തെക്കൊത്തിമലർത്തിക്കിടത്തിയ
ചോടുകളുത്തമേ ചൊല്ലുവല്ലോ!

---

നിചോളം=മൂട്ടുപടം. ലോകരഹസ്യങ്ങളെയാണ് ഇവിടെ പട്ടുചുരുളുകളായിപ്പറഞ്ഞിരിക്കുന്നതു്. സന്നാദം=വ്യക്തമായ ശബ്ദത്തോടുകൂടിയതു്. ലോകരഹസ്യത്തെ അറിഞ്ഞു നോക്കുന്നതായാൽ ഭൂതകാലം തന്നെയാണ് ഭാവികാലമായി മാറുന്നതെന്നു താല്പര്യം. അല്ല്=രാത്രി. പൂത്തു നില്ക്കുന്ന പനിനീർപ്പൂവിൽനിന്നും, കളകളാലാപം പുറപ്പെടുവിക്കുന്ന അരുവിയിൽനിന്നും കവികൾക്കു പലതും മനസ്സിലാക്കാനുണ്ടെന്നർത്ഥം.

൩. ആത്മീയകാന്തിയും ഗന്ധവും പൂംതേനു-
മാർജ്ജിച്ചു ലോകത്തിന്നർപ്പിച്ചീടാൻ,

മഞ്ഞൊട്ടു മാരിയും താപ്പകലോടേററു
കുഞ്ഞുപൂമൊട്ടായി ഞാൻ പുലർന്നു

എന്നുടെ സൗരഭ്യമഞ്ജുഷ ഞാൻ തുറ-
ന്നിന്നിതാ ചിന്നിടാം മന്നിടത്തിൽ.

സൂര്യനോ ചന്ദ്രനോ സാക്ഷിയില്ലാതെ ഞാൻ
സൂക്ഷ്മമിസ്സമ്പുട്ടു തുറക്കാറില്ല.

വായുവെൻ ദൃശ്യമല്ലാതുള്ള വസ്തുവെ
പ്പായുമെടുത്തു,ള്ളു വാനോർക്കേകും.

കണ്ണടച്ചീടാത്ത ജീവികളുള്ളിടം
വിണ്ണിൽ മേ വിശ്രമ സൗഖ്യമില്ല.

ചെമ്മണ്ണിൽ പൂക്കുവാൻ ചെയ്തു ഞാൻ വന്നതു-
മിമ്മെയ്യിൽ നാശത്തിലില്ലാ ഖേദം.

---

൩. തത്ത്വാന്വേഷകനായ കവിയുടെ ബുദ്ധിക്കു വിഷയമായ പുഷ്പത്തിന്റെ സന്ദേശമാണ് താഴെ കാണിക്കുന്നത്. പനിനീർപ്പൂ ലോകോപകാരിയും മഹാത്യാഗിയുമായ ഒരു മഹാന്റെ ജീവിതമാണ് നമ്മെ പഠിപ്പിക്കുന്നത്. ബാല്യകാലംമുതൽക്കു കഷ്ടപ്പെട്ടു സമ്പാദിച്ച അറിവും പണവും ശരീരശക്തിയും മഹാന്മാർ ലോകത്തിനുവേണ്ടി വിനിയോഗിക്കുന്നു. മഹാന്മാർ സ്വർഗ്ഗീയസുഖങ്ങളെയും പുല്ലു

താരങ്ങളില്ലെങ്കിൽ, മിന്നാമിനുങ്ങുകൾ
ചാരത്തു പൊന്നിൽ പൊതിയുമെന്നെ;

വാനിൽ നിന്നെത്തുന്ന നീഹാരശീകരം
മേനിയെസ്പർശിപ്പാൻ മേദുരാശം.

ചെങ്കതിരോൻകരം നീട്ടിയങ്ങോട്ടേയ്ക്കു
ചെല്ലാൻ ക്ഷണിക്കുന്നു കൂടെക്കൂടെ.

സത്യസൗന്ദര്യങ്ങളെന്റെ സന്ദേശങ്ങൾ
മർത്ത്യർക്കു നൽകിയേ ഞാൻമടങ്ങൂ.

എന്നൊക്കെ മന്ത്രിക്കും ചെമ്പനിനീർപ്പൂവി-
ലൊന്നാരോ കൈവെയ്ക്കെ, കമ്പിതാംഗം

"മന്ദ,മെൻസോദര, നുള്ളിനോവിക്കല്ലേ!
മന്ദം," എന്നാമലർച്ചുണ്ടനങ്ങി.

---

പോകെ പരിത്യജിക്കുമെന്നു്, സ്വർഗ്ഗത്തിലും ചെന്നിട്ടും വിശ്രമസൗഖ്യമില്ല എന്നു പറയുന്നതിൽനിന്നു മനസ്സിലാക്കാം. ദേവന്മാർ അനിമേഷന്മാരാണെന്നും, കണ്ണടയ്ക്കാതെ വിശ്രമിക്കുന്നതെങ്ങനെയാണെന്നും സാരം. വലിയ തപസ്സുചെയ്തിട്ടുണ്ടു് പൂവിനു ഭൂമിയിൽ ജന്മം കിട്ടിയതെന്നും സ്വർഗ്ഗത്തിലെ വിഭവങ്ങൾ ലഭിക്കാത്തതിൽ അതിനു ഖേദമില്ലെന്നും സാരം. പരോപകാരംതന്നെ പരമോദ്ദേശമായി ജീവിക്കുന്നവർക്കു ദുഷ്ടന്മാരിൽനിന്നുണ്ടാവുന്ന അനുഭവമാണു് പൂവിനു പുഴുവിൽനിന്നുണ്ടാകുന്നതു്. പക്ഷേ, ദൈവസഹായംകൊണ്ടു് അവർ അപകടത്തിൽനിന്നു രക്ഷപ്പെടുന്നതും നമുക്കു ധാരാളം കാണാവുന്നതാണല്ലോ.

൨. വെള്ളച്ചിരിക്കോളാൽ, മൂർഖപ്പാമ്പുതരേവ
തള്ളുന്ന കാടുകോളും പാടേമൂടി,

ആരിതെൻ മാർഗ്ഗത്തിലേഷണിച്ചാണയിൽ
കൂരമ്പുതെയ്ക്കുന്ന കൂടക്കൂടെ?

കാണുന്നു ഞാനെല്ലാം, കാണപ്പെടില്ല; വിൺ-
കാമിനിയേന്തുമീക്കൈവിളക്കിൽ,

അന്തസ്സിൽ ചിന്നുന്ന ചിന്താസ്വരൂപങ്ങൾ
പൊന്തിയും താണുമേ ചെയ്‌വൂ നൃത്തം.

കട്ടിയിൽ കണ്ണികൾ കൂട്ടിയ പാഴ്‌വല
കെട്ടുകയാണോരോ കോണിൽക്കൊള്ളാം.

ആരെന്നോ! ദൗഷ്ട്യമേ, സത്യസന്മാർഗ്ഗസം-
ചാരിയെ, മാക്കാക്കി വീഴ്ത്തും നാളെ!

കായുന്ന മറ്റൊരുതാം കാലായസംകൊണ്ടു
തീയുണ്ടവാക്കുന്ന തീരാജ്ജ്വാലി!

---

൨. വെള്ളപ്പുഞ്ചിരി തൂകുമ്പോൾതന്നെ ഏഷണിവാക്കുകൾ പറയുന്ന ഒരാളെയാണു് കവി അടുത്തു കാണുന്നതു്. കവിതാദേവിയുടെ സഹായത്താൽ കവിക്കു എല്ലാം കാണാമെങ്കിലും കവിയെ ആർക്കും കാണുവാൻ സാധിക്കുന്നതല്ല. ആ ഏഷണിക്കാരന്റെ മനസ്സിൽ പല തരത്തിലുള്ള ചിന്തകൾ തിരതല്ലുന്നുണ്ടെന്നു കവിക്കു മനസ്സിലാക്കാൻ സാധിക്കും. വേറെ ഒരാൾ സത്യത്തിനനുസരിച്ചു സന്മാർഗ്ഗജീവിതം നയി

സത്യത്തിൻ താങ്ങുകൈയൊന്നാലെ മുന്നണി-
യെത്തുവാൻ, പാഴ്മുള്ളിൽ പാദം ചേർത്തും;

നട്ടുച്ചത്തീവെയിൽ തട്ടിയും ശ്രേയസ്സിൻ-
പട്ടണിസ്സോപാനമേറാൻ ചെൽകെ,

പാവത്തിൻമണ്ടയിലുള്ളതെറിഞ്ഞിടാ-
നാവാമിപ്പാഴ്‌വേല! നിൽക്ക! നീച!

നെഞ്ഞു തെറിച്ചോട്ടപോലെ പതയ്ക്കുന്നു,
നഞ്ഞുനനച്ചിയുരുക്കിടുന്നു

ശ്വാസം വിട്ടാനമയ്ക്കാതെ ശ്വാനപ! ദു-
ർവ്വാസന നിന്നെ വലിച്ചിഴയ്പ്പൂ!

മാനുഷി! ചന്ദ്രാഖൻ നിതാൻ മനോഭേദം
മാത്രമേ മത്ത്യനെ വേർതിരിക്കൂ!

---

ക്കുന്ന ഒരാളെ കുറ്റക്കിലാക്കാൻ വലകെട്ടുകയാണ്. അതാ മറ്റൊരു ദുഷ്ടൻ ശത്രുസ്യാന്മുഖനായ ഒരു പാവത്തിന്റെ തലയിൽ തീയുണ്ടയെറിയുവാൻ ഒരുങ്ങുന്നു. ദുർഗ്ഗന്ധത്തിന്നനുസരിച്ചു പായുന്ന നായയെപ്പോലെ ദുർവ്വാസനയ്ക്കടിമപ്പെട്ടു കഴിയുന്ന ആ ദുഷ്ടന്റെ മനഃസ്ഥിതി ഭയങ്കരം തന്നെ. ദുഷ്ടവിചാരം കുത്തിനിറഞ്ഞ പാത്രം പൊറുതാണോ എന്നു കവി ഉൽപ്രേക്ഷിക്കുന്നു. കാലം ഖലന്മാർക്കു ആദ്യം സഹായമായി നില്ക്കുമെങ്കിലും, അതുതന്നെ അവരെ ആപത്തിലകപ്പെടുത്തുമെന്നു അനുഭവം കൊണ്ടറിയാമല്ലോ.

ധമ്മപ്പൂന്തോപ്പിലെ പ്പൊൽപനീർപൂക്കളെ-
ട്ടമ്മതേ! ചെക്കണ്ടിൽച്ചേർക്കുന്നോ നീ?

പാഴിരുൾപ്പാതിര പെറ്റൊരു ചിന്തയ്ക്കു
തോഴനായ്ക്കൂടിയ കാലം തന്നെ

ഒട്ടിടമാത്രം തേ പിന്തുണ നൽകിയ
കുട്ടിത്തോലാണെന്നാരാക്കൈകൾതന്നെ

ക്രൂരകരാളമാം കോലംകെമന്റ, നിൻ-
ന്നൈത്താനാണെത്താനന്നടിച്ചു വീഴ്ത്തും!

൫. അർണ്ണവത്തിന്നടിത്തട്ടു, മഹോരാത്ര-
വർണ്ണമെഴും മാമറ മാററിച്ചാർത്തി,

നിർണ്ണയാതീതമാം ദിവ്യരഹസ്യമേ,
വിണ്ണിന്റെ മാത്തട്ടും കാണാത്തോളം

മണ്ണിൽ 'ഹരിശ്രീ' വരച്ചു പഠിച്ചിട്ടു-
മുണ്ണികൾ താദൃശ തത്വജ്ഞന്മാർ!

—:*:—

൫. നിർണ്ണയാതീതം=നിശ്ചയിക്കാൻ കഴിയാത്തതു്. താദൃശ.........ജ്ഞന്മാർ=അപ്രകാരമുള്ള തത്വം അറിയുന്നവർ സമുദ്രത്തിന്റെ അടിത്തട്ടിലും, രാവും പകലുമാകുന്ന ഓരോ നിറത്തിലുള്ള ഉടുപ്പുകൾ മാററി മാററിയുടുക്കുന്ന ആകാശത്തിലുമുള്ള രഹസ്യങ്ങൾ അറിയാത്തടത്തോളം കാലം, ഹരിഃ ശ്രീ പഠിക്കുന്ന കുട്ടികളും തത്വജ്ഞാനികളും തമ്മിൽ വ്യത്യാസമില്ല.

# ഒരു മുല്ലമൊട്ടിനോട്.

കുളിർ തെന്നലിലാഞ്ഞുലഞ്ഞിളം-
തളിരിൻമോടി കലർന്ന വാടിയിൽ
ഒളി വീശി വിഭാതവേളയിൽ-
ത്തെളിയും കോരകമേ! ജയിക്ക നീ! ൧

സുകുമാരസുമാഭയേന്തുമേ
മുകുളം നീയൊരു മൂന്നു നാൾക്കകം;
മകുടോപരിയും മനോഹരാ-
ചികുരക്കെട്ടിലുമന്നുമിന്നുമേ. ൨

വനഭൂവിൽ നിലാവുപോലവേ
വിനശിക്കാ വികസിച്ചു നീ വൃഥാ
അനഘം തവ രൂപസൗഭഗം
ജനമാനന്ദമൊടാസ്വദിക്കുമേ ൩

---

൧. വിഭാതവേള=പുലർകാലം. കോരകം=മൊട്ട്. മുല്ലമൊട്ടിനെ ഒരു കന്യകയായിട്ട് സങ്കല്പിക്കാമെങ്കിൽ കുളിർതെന്നലിനെ നല്ലകാലമായും തളിരുകളെ ആഭരണമായും വിചാരിക്കാവുന്നതാണ്.

൨. മുകുളം=മൊട്ട്. മകുടം=കിരീടം. ചികുരക്കെട്ട്=തലമുടിക്കെട്ട്. കുറച്ചുകാലം കഴിഞ്ഞാൽ രാജാവിനും തലയിലെടുത്തുവെയ്ക്കാവുന്ന ഒരു സ്ത്രീരത്നമായിത്തീരാം; അന്നു സ്ത്രീകൾക്കലങ്കാരമായിത്തീരും ഈ കന്യക എന്നർത്ഥം.

തവ സൗരഭസാരവും, മദനാ-
ഭവ വെൺകീർത്തി! മാന്ദ്യപൂരവും
നവമാം പുഞ്ചിരിപ്പിറപ്പിലു-
ത്സവമോടാർന്നനുകർന്നുകൊൾവതോ? ൨

വിടപാളി കുണുക്കണഞ്ഞു, നീ
വിടരുമ്പോൾ മധുപാളി ചുറ്റുമേ
അടവിൽ സ്തുതിഗീതി പാടിടാ-
നിടയാം കുഡ്മളമേ! കുഴങ്ങുമേ. ൩

ചൊടിയും ചുണയും കുറഞ്ഞതാരാ-
മുടിയന്മാർ ഗജഗണ്ഡസേവികൾ

---

൧. കാട്ടിലെ നിലാവുപോലെ പ്രയോജനരഹിതമായിത്തീരുകയില്ല നിന്റെ ജീവിതമെന്നും, ജനങ്ങൾ വിലമതിക്കാൻ കഴിയാത്ത നിന്റെ സൗന്ദര്യം അനുഭവിക്കുമെന്നും സാരം.

൨. കാമദേവന്റെ കീർത്തിപോലെയിരിക്കുന്ന നിന്റെ സ്നേഹവും ഗന്ധവും യൗവനം വന്നപ്പോൾ ആർക്കാണനുഭവിപ്പാൻ തരപ്പെട്ടതു? എന്നു് കന്യകാപക്ഷത്തിലർത്ഥം.

൩. മധുപാളി=വണ്ടിൻകൂട്ടം. കുഡ്മളം=മൊട്ടു്. യൗവനാരംഭത്തിൽ അനേകം വിടന്മാർ നിന്നെ സ്തുതിക്കുവാനും സേവിക്കുവാനും ഉണ്ടാവും എന്നും അതുനിനക്കു ബുദ്ധിമുട്ടായിത്തീരുമെന്നും സാരം.

അടികിട്ടുകിലും മദാംബു കൈ-
വെടിയാത്തുള്ളവർ വേണ്ട വേണ്ടതേ! ൬

മതിമോഹനസൂനമായി നീ
മുതിരുമ്പോൾ മുനിമാനസത്തെയും
അതിനിഷ്ഠുരമെന്നും മഥിക്കുവാൻ
രതികാന്തനൊരു ബാണമായ്‌വരും. ൭

നലമോടധുനാ വിരിഞ്ഞു നീ
വിലസും മുമ്പുടനേകനക്ഷമൻ
മലരിൻ കലികേ, പറിക്കിൽ നിൻ
നിലയെന്താം? നിയതിക്കു നീതിയോ? ൮

---

൬. ഗജഗണ്ഡസേവികൾ=ആനയുടെ കവിൾത്തടത്തെ ആശ്രയിക്കുന്നവർ. മദാംബു=മദജലം (മദ്യമെന്നും) ഉട്ടുക്കളെ സേവിക്കുന്നവരും മദ്യം കഴിക്കുന്നവരുമായ ആ വിടന്മാർ നിനക്കു പററുകയില്ല.

൭. മതിമോഹനസൂനം=മനോഹരപുഷ്പം. മഥിക്കുക=കടയുക (തകർക്കുക) പൂക്കൾ കാമദേവന്റെ അമ്പുകളാണെന്നു കവിസങ്കേതം. മാമുനിമാരുടെ മനസ്സിനേയും ഹരിക്കത്തക്ക സൗന്ദര്യം യൌവനം വരുമ്പോളുണ്ടാകും.

൮. അക്ഷമൻ=ക്ഷമയില്ലാത്തവൻ. നിയതി=വിധി. വിധിക്കു ന്യായമുണ്ടോ? അതു ഔചിത്യബോധമുള്ളതാണോ? എന്നർത്ഥം.

സരസം സുമനസ്സുകൾക്കെഴും
നിരവദ്യം നിലപൂണ്ടുകൊണ്ടിനി,
സ്മരബന്ധു വസന്തകാന്തനിൽ-
പ്പരമാമോദമണയ്ക്കുകില്ലയോ? ൯

---

൯. സുമനസ്സുകൾ=പുഷ്പങ്ങൾ (വിദ്വാന്മാർ) നിരവദ്യം=ദോഷരഹിതം ആമോദം=സുഗന്ധം (സന്തോഷം) പൂക്കളിൽ സമുന്നതമായ നിലയെ പ്രാപിച്ചു കാമന്റെ ബന്ധുവായ വസന്തത്തെ (ഭർത്താവിനു വളരെ സുഗന്ധത്തെ ചേർക്കുക എന്ന പൂവിന്റെ പക്ഷത്തിലും,) അറിവുള്ളവരുടെ കൂട്ടത്തിൽ അഗ്രഗണ്യയായി കാമനും, ബന്ധുക്കൾക്കും, വസന്തത്തിനും, ഭർത്താവിനും സന്തോഷമുണ്ടാക്കുക എന്നു കന്യകാപക്ഷത്തിലും അർത്ഥം

# ബാല്യസ്മരണം.

(പാനം.)

മഞ്ജുളാഭം മഴവില്ലു വാനത്തിൽ
മാഞ്ഞുപോകുന്നു; പിന്നെയും മിന്നുന്നു;

മന്ദഹാസം പൊഴിച്ചുനിന്നീടുന്നു
സുന്ദരങ്ങളാം പനിനീർസുമങ്ങളും;

നഗ്നമായി നഭസ്സുനില്ക്കും, പ്രഭാ-
ഗോനായിന്ദു നോക്കുന്നു പുറമേ;

താരഹാരമണിഞ്ഞുള്ള രാത്രിയിൽ
വാരിപൂരങ്ങളും പാരം മനോഹരം.

ചാലവേ പൂർവ്വചക്രവാളാന്തരേ
ബാലഭാനു പിറപ്പതും ശോഭനം!

കഷ്ടം! എങ്കിലുമെങ്ങുപോയീടിലും,
ശിഷ്ടമായേറെ മോഹനമായതെന്തോ?

വിഷ്ടപത്തിങ്കൽ നിന്നൊന്നു * ശാശ്വതം
നഷ്ടമായെന്നു ബോധമെനിക്കുണ്ടു്.

---

* ശൈശവസുഖം.

വേഴ്സ്വർത്ത്.

# ശാന്താവസഥം.

---

ചൊരിഞ്ഞു പേമാരി മരീചിമാലി
മറഞ്ഞു; വൈദേശികമാർഗ്ഗചാരി
എരിഞ്ഞ ദീപക്കതിരൊന്നു കാൺകെ-
ത്തിരിഞ്ഞു സദ്മാഭിമുഖം സമോദം.

സുമന്ദഹാസസ്ഫുരിതാഭ വീണ്ടും
വെള്ളിശ്ശലാകയ്ക്കു വിളക്കമേകി,
സാരള്യസത്തിന്നുറവായ നേത്ര-
ദ്വയം സ്വയം സ്വാഗതമോതിയോതി,

സംതൃപ്തിതേജസ്സു തജ്ജീവിതത്തിൻ-
സംഫുല്ലപുഷ്പദ്യുതിയാൽ പുലർത്തി,
സച്ചിന്തനാകുഞ്ചിതമായിടാത്ത-
ലലാടമത്കണ്ണാ വെളിപ്പെടുത്തി,

നീണ്ടുള്ളൊരാകാരമകത്തുനിന്നു
കോലായിലേയ്ക്കൊട്ടു കുനിഞ്ഞുനോക്കി,
അഭ്യാഗതന്നക്ഷിപുടത്തിലപ്പോ-
ളഭൂതപൂർവ്വാമൃതധാര തൂകി. (വിശേഷകം)

മഹാനസാധ്യക്ഷത മാനനീയം
വഹിച്ചു സുവ്യഗ്രമതാ, സുമാംഗി
ളുമുത്തണിസ്സ്വേദകണം തുടച്ചു
വരുന്നു വാസന്തവിലാസലക്ഷ്മി.

അച്ഛന്റെ കണ്ണിന്മുന്നയാമനുജ്ഞത
കൈക്കൊണ്ടു പാത്രസ്ഥഫലോപഹാരം
ആകസ്മികാഭ്യാഗതനേകി നിന്നാൾ
ശാലീനതാപേശലമാതിഥേയീ. 6

ഗ്രാമീണകന്യാമുഖമുഗ്ദ്ധമാകു-
മകൃത്രിമക്കൺമുനതൻ വിലാസം
നാനാവിധം നാഗരികാംഗനാക്ഷി-
പാതം പരീക്ഷിച്ചവനിൽപ്ഫലിച്ചു. 7

മുഗ്ദ്ധം നിരഭ്യസ്തമുഖപ്രസാദം
പാഴൂഴിയിൽ പാൽപ്പുഴ പായമനേകി
കാർക്കൊണ്ടൽ കാശ്മീരകരമന്തിട്ടും മ-
ട്ടാഹാത്മ്യസൗന്ദര്യപരീത, പൗരി. 8

ചാർവ്വംഗിയിൽ ചാക്ഷുഷരാഗമായാൾ-
ക്കത്ഭുതമുദ്യൽപുളകാനുമേയം;
ദൈവാപനീതം നിധി ഹേ! യുവാവേ,
നീയുപേക്ഷിയ്ക്കു, സുകൃതൈകലഭ്യം! 9

കുമാരികാസ്യങ്ങൾവെണ്ണിലാവും,
നീലോല്പലപ്പൂക്കളുമുല്ലസിക്കേ,
നിത്യം നിരാഡംബരജീവിതത്തി-
ലാഡംബരം ചേരുകതന്നെ ചെയ്യും. 10

അത്തന്വി തണ്ണീർക്കുടമേന്തിയെതിൻ-
തടം നനച്ചു തളിരൊത്ത കൈയാൽ
താത്തെന്നലിൽത്താണ്ഡവമാടിടുന്നാ-
ച്ചെന്തെങ്ങിലും മേൻ പയോധരശ്രീ. 11

ഗൃഹേശിതാവിൻ മതിപോലെ മഞ്ജു
കേദാരഭൂവൊന്നിതു; കേരമദ്ധ്യേ,
സുശാന്തമായ്, സാധുസമാർദ്രമായി
വിശാലമായ,റ്റ വിളഞ്ഞുകാൺമൂ! 12

ഉത്തുംഗസൌശീല്യസമൃദ്ധി, കന്യാ-
കടാക്ഷസമ്പത്തിവയൊത്തിണങ്ങി
അസ്സന്നതാഗാരവുമദ്ധ്വനീനൻ
പൂമേടയെക്കാളൊളി പൂണ്ടു കണ്ടു. 13

ബാഹ്യാനുഭോഗോചിതവിത്തമങ്കോ-
പാത്തം സമസ്തം പഥികന്നു പണ്ടേ;
ആത്മാനുകൂലം പ്രകൃതിപ്രമോദ-
ഭാഗൈകലോലൻ തിരയുന്നു ഭവ്യം. 14

മന്ദം മനോവല്ലകി തന്റെ തന്ത്രി
താനേ നിനാദോന്മുഖമായി നില്ക്കേ,
പലപ്പൊഴും പൌരവിരാവപൂര-
മദ്ധ്യേ സ്ഫുരത്ക്വാണമഹോ, ലയിപ്പൂ! 15

പടന്നിശ്ശബ്ദത നാലുപാടും;
നീലദ്യുതിവ്യാപ്തനഭസ്സു മേലെ;
പച്ചത്തൃണാസ്തീർണ്ണതലങ്ങൾ താഴെ;
നീർച്ചാലു നീളെ;—ക്കവിതേ കളിക്കൂ! 16

ഫാണെയ്ക്കിടാപ്പാട്ട ഫിലപ്പാങ്ങളെല്ലാം
മാടത്തിലും കാൺമൂ മണിപ്രകാണ്ഡം
ആരായുമേ ചാക്കായതലക്ഷ്യമല്ലാ;
കാവ്യാദ്ധ്വഗന്മാർക്കതന്നത്താദൃശ്യം. 17

ഇഗ്ഗ്രാമകാമൻ കവിയാണു; കാൺമൂ
സുശാന്തഭ്രൂവിൽ സുലഭം പ്രമേയം;
ഉൽഭിന്നശാഖാശതസൗരഭത്താൽ
സത്സാഹിതീവാടി തദീയ സദ്മം. 18

തളിത്ത തൈമാംതരുവിൽക്കരേറി-
പ്പൂങ്കോകിലം പാട്ടിനൊരുങ്ങിടുമ്പോൾ;
കൊത്തിക്കൊറിച്ചാശ്ശുകി കൊഞ്ചിടുമ്പോൾ,
തൻതൂലികത്തുമ്പിളകാൻ തുടങ്ങും. 19

പ്രേമപ്രവാഹം പ്രബലീഭവിക്കെ,
മണ്ടന്തരംഗങ്ങളിണങ്ങി രമ്യം;
സ്വാഭാവികാമാത്യപദത്തിലിസ്സ-
ത്സ്വഭാവനെച്ചേതസി ചേർത്തു വൃദ്ധൻ. 20

കുളിർത്ത പൂങ്കോരകമേ! മധൂളി
ത്തുളുമ്പുമാറാശ്ശു കടാനുഷംഗം
വിടുർത്തിടും; നിന്റെ വിശിഷ്ടഗന്ധം
സൽക്കാവ്യകൃദ്വർണ്ണനവസ്തുവാകും. 21

അദൃശ്യരാഗം സപദിപക്ഷിയിങ്ക-
ലാലാപനം സ്വാനുഭവാനുരൂപം
ഭവാനു ചെയ്യാം സുഖമേ, വൃഥാപി
വിഭാവനാധീനത വേണ്ട, വേണ്ട! 22

പരീക്ഷിതാക്ഷീണഗുണവാൻ യുവാവു-
തൻ കൈക്കമ്പിലർപ്പിച്ചു തനൂജയാളെ,
ആ വൃദ്ധജായാവരരന്തിമേനാം
പരഞ്ഞതിലും ശാന്തി പെടുന്നു കണ്ടു. 23

* * * *

* ഒരിക്കലാകസ്മികമായൊരുത്തൻ
പുരത്തിൽ നിന്നെത്തി നിദേശമോട്ടും;
ശാന്താല്പസത്ജീവിതശാരദാഭ്രം
ദുർവ്വാരമാം ദുർദ്ദിനമാളുമാരോ? 24

---

* പ്രഭുകുടുംബത്തിലെ കാരണവൻ അന്തരിച്ചശേഷം സ്ഥാനാവകാശി നമ്മുടെ യുവാവായിരുന്നെങ്കിലും, ആ പരിസരം തന്റെ മനഃസ്ഥിതിയ്ക്കു് അനുകൂലമല്ലായിരുന്നതിനാൽ, തറവാട്ടിൽ ചെന്നു ഭാരം അനുജനെ ഏല്പിച്ചു മടങ്ങി.

പ്രസിദ്ധമാകും പ്രഭുഗേഹമൊന്നിൽ
സംജാതനിസ്സന്നത സത്മവാസി
കഴിഞ്ഞൂ പാശ്ചാരണനവന്റെ കാലം;
തത്സ്ഥാനമിന്നിത്തരുണന്നുതന്നെ. 25

ഞാബ്ഭാരമെല്ലാമനുജന്നു നൽകി-
ഋഷ്യപ്രഭാപക്കറതീണ്ടിടാതെ,
പ്രേമപ്രദീപക്കതിർ കണ്ടൊരേടം,
വ്രജിച്ചു ശാന്താവസഥം പ്രതസ്ഥൻ. 26

---

# നിഗൂഢകുടീരം.

(കേക)

I

സന്നതസദനമേ! സാഭിമാനമായ്ത്തീരു!
നിന്നന്തർഭാഗത്തൊരു നിർമ്മലമണിയിതാ!

ഗ്രാമികബാലേ! നിന്റെ ഭാവിഗർഭത്തിൽ ഭൂയോ
ഭൂമിപരിവൃഢമതിഭൃതികൾ കിടക്കുന്നു.

ഐശ്വര്യം പൗരുഷത്തിൻ പര്യായശബ്ദം താനോ?
വിശ്വമേ, ഗഹനം നീ—ദൈവാദേശമോ സർവ്വം

പ്രതിഭയ്ക്കെന്തോ? പലപ്പോഴുമിങ്ങുദുർഘടിത-
സ്ഥിതിയിൽക്കതിർവീശാനാകാതെ പോകാം പാഴിൽ!

തത്ത്വചിന്തയിലേയ്ക്കോ തിരിഞ്ഞു? തുടരട്ടെ—
തത്പരം—ഗ്രാമീണനാമർഭകൻ യുവാവായി!

ഗുണധോരണി കേട്ടു സുൽത്താനത്തരുണനിൽ
പ്രണയം ജനിക്കയാലുന്നതോദ്യോഗമേകി.

പൌരാധികാരസ്ഥനിൽ രാജസഭ്യർക്കു, ലോകം
രൌരവപ്രായമാക്കുമസൂയാങ്കുരം പൊങ്ങി.

സ്വാർത്ഥവുമസൂയയും സഹപ്രസവങ്ങൾ; രണ്ടും
പാർത്തലം ദുഷിപ്പിച്ചു ധൂർത്തടിക്കട്ടെ പാടേ.

ഫുല്ലമാമഭിരാമപുഷ്പത്തിൽ പുഴുക്കളുത്ത
വല്ലമട്ടിലും ചേല്പ്പാൻ സാഹസം ചെയ്‌വൂ മൂർഖൻ.

മണമോ മരന്ദമോ സ്വായത്തമാക്കാനല്ലാ;
ഗുണത്തെപ്പാഴാക്കാനാണിപ്പണി, പാപം! പാപം!

കാപട്യക്കറ പൂണ്ട കശ്മല, കാളാന്ധസ-
രൂപത്തിൽത്തീർത്തു നിന്നെപ്പുറംപൂച്ചിട്ടോ പിന്നെ!

നിന്നുടെ കരൾക്കുമ്പിൽത്തുളുമ്പും കാകോളത്താൽ
തന്നെയാം തവ നാശം; ഇന്നല്ലെന്നാകിൽ നാളെ.

നരനാമത്തിന്നർഹനല്ല നീയുത്തമാംഗം
നരയാൽ മൂടിയാലും നിന്മനമിരുൾതന്നെ!

കൊഴുത്തു നീണ്ടീടിന നിൻെറ കൈരണ്ടും കൊള്ളാ-
മഴക്കേറീടുമാഢ്യൻതങ്കഴൽ തലോടുവാൻ.

വിടരേണ്ടതു വിടരുന്നപ്പോട്ടും പരിമളം
വിപുലം വീശും; നീയ്യോ ചെക്കണ്ടിൽച്ചെന്നുവീഴും.

കണ്ണടച്ചല്പനേരമാത്മശോധനം ചെയ്യൂ!
വിണ്ണണിവെളിച്ചം കാർമറയാൽക്കാണുന്നുണ്ടോ?

വിശാലശില്പിതന്മതം വിജയിക്കുന്നു; സുൽത്താൻ
വിസ്തൃതമൃദുജാലവലയിൽക്കുടുങ്ങീല.

മുറുക്കിപ്പിരിച്ചോരാ സ്സൂത്രം ഹാ ശിഥിലമായ്;
പൊറുക്കാമോഹചിന്ത പടന്നു പലപാടും.

നിസ്സീമസ്വാമിഭക്തി നിഴലാടീടുന്നതു
നിർവ്യാജം കണ്ടു സുൽത്താൻ,—നിർമ്മേഘമിടിനാദം!

II

ഭാരതചരിത്രത്തിൻ ഭാസുരാദ്ധ്യായത്തിൽ, ചെ-
ഞ്ചോരപ്പാടേല്പിക്കുവാൻ ജീവിതമുഴിഞ്ഞിട്ടോൻ,

മതവിദ്വേഷി—ദേവബിംബത്താൽ മസ്ജിദിന്റെ
മതിൽക്കെട്ടുവാനായി നിഷ്ഠുരം കല്പിച്ചവൻ,

മഹമ്മദ്ഗസ്നിയാണത്തിഷ്ടമാനനാമീ-
മഹനീയാശയന്റെ പുരസ്കർത്താവാം പുമാൻ.

വിദ്വേഷം മേലാൾക്കുതൻ വിധേയന്മാരിൽ ചേർപ്പാൻ
വിദ്യയെന്തൊക്കെ രന്ധ്രാന്വേഷികളെടുപ്പീലാ?

അക്കുടിലന്മാരാനാൾ ബിംബാരാധനചെയ്വൂ
പാഴ്ക്കുടിലൊന്നിലെന്നു പരത്തീ പരിവാദം.

എന്തു താൻ സത്യ,മെന്തു ലോകോക്തി? മിഥ്യാവാദ-
മെത്രനാൾ രജതാഭ്രം മഷിപ്പൂഷിതമാക്കും?

ധർമ്മധീരത പരിപൂതജീവിതയാത്രാ-
വർത്മാവിൽക്കെടാവിളക്കായൊളി വീശീടവേ,

കൊണ്ടിടാം പൌരോഭാഗ്യപരന്മാരിടയ്ക്കിടെ-
ക്കണ്ടകമെന്നാകിലുമത്തു കണ്ടകമാകാതെ,

കാലിണയിടറാതെ, മുന്നോട്ടുതന്നേ പോകാം
കാണാമേ സ്ഥിരോദയം; കാതരന്നപജയം!

ശാദ്വലസ്ഥലി കണ്ണും കരളും കുളുർപ്പിക്കും;
ശാരദക്കുളുർതിങ്കൾ കർപ്പൂരക്കുഴമ്പിടും;

എന്നുറച്ചല്ലീ മഹാശന്മാർ സഹാറയും
പിന്നിട്ടു വേനൽച്ചൂടുവെയിലും സഹിക്കുന്നു!

വിഗ്രഹവിച്ഛേദകൻ സ്വാമിയിസ്സച്ചരിത്രൻ-
തൻ ഗൃഹമാകസ്മികമായൊന്നു സന്ദർശിച്ചു.

തത്സൗധസവിധത്തിൽ സന്നതജീവിതത്തിൻ
നൽസൌമ്യസൌന്ദര്യശ്രീ നടനാലയംപോലെ

കണ്ടീല്ലു നിഗ്രന്ഥമാം കുടീരം; ശാസ്ത്രി കോപം-
കൊണ്ടില്ല; പുറമൊന്നു കാട്ടുവാനാജ്ഞാപിച്ചു.

ഉൽസുകനയനങ്ങളോടിക്കെ, യൊരുകോണിൽ
കുതിതമൊരു കീറക്കുപ്പായം കൈക്കോട്ടും ഹാ!

വിസ്മിതവിലോചനൻ ശാസ്ത്രിയോടുരചെയ്തു
സസ്മിതം 'മെല്ലിക്കാസ്' സവിനയാനതശീർഷൻ:—

“ശവത്തിൻ കരാളമാം ഗ്രാസത്തിൻപെടായ്വാനെൻ-
പൂർവികകഥോചിതവേഷം ഞാൻ സ്വീകരിച്ചു.

ഇട്ടും ഞാന്നിക്കുപ്പായം, കൈക്കോട്ടും കൈയിൽധരി-
ച്ചിട്ടുമേ നിയമേന പുലർവേളയിൽ സ്വാമിൻ!”

ഉയരാൻതാഴുന്നോരീ യുദ്യോഗസ്ഥന്നു നൽകീ-
സുയശസ്സുന്നും സർവ്വോപരിഷ്ടം സ്ഥാനം സുൽത്താൻ.

വിനയം-വിവേകത്തിൻ പൂംപൈതൽ-അതിന്മേനി-
യനഘക്കാശ്ലേഷിച്ചു നീണാൾ നിർവൃതിക്കൊള്ളാം.

പീരങ്കിധ്വാനത്തിലും, വാളിളക്കത്തിലും, ദു-
ർവ്വാരമാമഹങ്കാരമർമ്മരാരവം കേൾപ്പൂ!

അവലേപമേ! നിന്റെ തലയെത്തട്ടിത്താഴ്ത്താ-
തവനീതലമുണ്ടോ ശാന്തസുന്ദരമാവൂ!

---

# ചെങ്കോലും യോഗദണ്ഡും.

---

കുളിർകാററടിയോട്ടു, മാരി കോരി-
ച്ചൊരിവൂ! കാർമറയന്നുമന്തിനേരം
ഉടുചേല നനഞ്ഞു മെയ്‌ വിറക്കൊ-
ണ്ടിത മണ്ടുന്നു പറച്ചിയൊന്നു പാവം! 1

വഴിയിൽ-പ്പുരുശാന്തിതൻ പടപ്പോ?-
മഹിതസ്നേഹമഹസ്സുതൻ നടപ്പോ?-
ഉലകിൻ നിലകണ്ടു പുഞ്ചിരിക്കൊ-
ണ്ടെതിരേ കാണ്മൂ 'താഴ്മമാനവം'ഖ്യൻ! 2

അവളക്ഷികൾ മഞ്ഞളിക്കമാറാ-
യതിദിവ്യാകൃതി കണ്ടൊരമ്പരപ്പാൽ,
വഴിവിട്ടിതു-തീർത്ഥപാദർതൻ പൊൻ-
തിരുമെയ്‌ തീണ്ടിയശുദ്ധിചേർത്തിടായ്‌വാൻ 3

സമദർശി ശമീന്ദ്രനല്ലി കല്യേ,
നികടേ? നീ വിറപൂണ്ടിടേണ്ട വീണ്ടും!
നിജ സോദരർ തൻനിണം നിവേദി-
പ്പോരു പൈശാചിക ജാതിഭക്തനല്ല. 4

അനുവേലമനുഗ്രഹാർത്ഥമായ്‌ത്താ-
നഴറും തൻതിരുപാണിയാൽ തടഞ്ഞു
'അരുതെ'ന്നു—തമ്പുകെട്ടു നില്പൂ-
ണ്ടവളിൽ ദീർഘമയിത്തജ്ജാതിഭീതി. 5

പദമോങ്ങിയപാട്ടു നിന്നു പോയീ;
ഭയമാബ്ഭവ്യ മഹസ്സു വെന്നു മന്ദം;
ഒഴുകും മിഴിനീരുമുച്ചരിച്ചു;
തൊഴുകൈയും, സ്വമനോവികാരഭാരം. 6

തിരുകൈത്തളിരാൽ തഴപ്പു തീർപ്പാ-
നൊരുപൂമ്പട്ടുപുതപ്പവൾക്കു നൽകീ!
കതിരോന്റെ കരങ്ങളോ കരിങ്കാ-
റിരുളോ ശ്യാമപഥത്തിനില്ല ഭേദം. 7

“കുടിലാക്കിത്തട്ടത്തതല്ല, ചാർത്തി-
ല്ലൊരു ചാളക്കുടിൽ താഴികക്കുടത്തെ”
മടിയിങ്ങനെ മങ്ക കാട്ടിയാലും,
യമി നിർബ്ബന്ധമൊടേകിയദ്ദുകൂലം 8

“കനിവോടിവിടുന്നു പൊന്നുകൈയാ-
ലടിയന്നിങ്ങനെതന്ന പട്ടുചേല
അടിയാരുടെ വംശമുള്ള നാളും
കുടിലിങ്കൽക്കുടിവെച്ചു പൂജചെയ്യും.” 9

ഇതിഭക്തി തെളിഞ്ഞു കണ്ടു ചൊന്നാൻ
യതി “ഞാൻ താവക ഭക്തനാണു ദേവി!”
കുളിർ നോക്കൊരലിഞ്ഞ വാക്കു, ചോരും,
കരിയും ജീവിതപാദപം തളിപ്പാൻ. 10

നരപാലകനനേക നേകിയിട്ടു-
ള്ളൊരു കാശ്മീരമനോഹരാംബരത്ത
ഇത്തുമട്ടു തൃണീകരിച്ചതായ്‌ കേ-
ട്ടരചൻ ത്യാഗിയിലന്നമർഷമാൻ. 11

“അഖിലാംബികയാൾക്ക ഭക്തനർപ്പി-
ച്ചിതുരാജൻ, തവ പാരിതോഷികത്തെ;
തദനുഗ്രഹമുണ്ടതിന്നു താങ്കൾ-
ക്കി”തി ചൊൽകെട്ടമി, കാൽക്കൽ വീണു മന്നൻ. 12

നതജാതിവെറും പറച്ചി, ചെങ്കോൽ
ചിതറും കാന്തിയിൽ മഞ്ഞളിച്ചകണ്ണിൽ;
അഖിലാംബിക, യോഗദന്ധട്ടത്തിൻ-
സമതാദൃഷ്ടിയിൽ നമ്മൾ കണ്ടു നാരി. 13

---

# ഞാൻ കണ്ട കനകദീപിക.

---

(കേക)

കൊടുങ്കാടിട, മൂടും കൂരിരുൾ, ഏകൻ, ചീറും
കടുവാക്കൂട്ടം, 'നട്ടക്കൊണ്ട പാതിര'നേരം—

കുടിലപ്രകൃതിതൻ വാർചില്ലിച്ചുളിവിലോ
കുടുങ്ങിപ്പോയീ പാവം! സംഭ്രാന്തപഥിക നീ! 1

പിറന്നിട്ടൊരു രണ്ടു നാഴിക മാത്രം ചെന്ന
ചെറുപൂന്തിങ്കൾക്കിടാവുറങ്ങിക്കഴിഞ്ഞല്ലോ.

കൂരിരുളലയ്ക്കുന്ന വിണ്ണുമേ വിസ്മേരമാം
താരിളംതളിരൊന്നു നീട്ടുകിൽ നിസ്സർഗ്ഗാംബേ. 2

കോൾമയിർക്കൊള്ളിച്ചുടൻ കൊച്ചുതാരകത്തെയും
കോമളകുസുമമായ് വിടുർത്താനുള്ള ചോദ്യം.

നിമ്നോന്നതി പാരമ്യ, നിബിരീസാന്ധകാര-
നിർമ്മുക്തമാക്കാൻ നേർത്ത കൈത്തിരിയൊന്നേവേണ്ടൂ!

വല്ല പാഴ്ക്കുടിലിലുമുല്ലസിക്കുവാൻ യോഗ-
മില്ലാതെ മങ്ങിക്കത്തിനിൽപ്പുണ്ടാമൊരു ദീപം

അഹതഹൃദയ,നിൻ വീഥിയെ വിളക്കുവാ-
നായതു മതി: നിനക്കതുതാൻ നിറതിങ്കൾ. 4

അവിഭാവ്യമായുള്ള ഭവിതവ്യതേ, തവ-
വിവിധവ്യാപാരത്താൽ വ്യാമുഗ്ധമല്ലോ ലോകം.

“തന്മിഴിക്കുമ്മതെഴുക്കീട്ടുമാറല്ലാ നമാ-
യുന്മനസ്സാമാലങ്ങളിപ്പൂങ്കതിർ ചിന്നിക്കൊണ്ടു.

ഹതജീവിതത്തിലു മൊളിവീശുവാൻ വല്ലും
നതഗേഹാന്തഃസ്ഥിത സ്നിഗ്ദ്ധദീപിക വെൽക!

കാന്താരമമ്മം വൃന്ദാവനശ്രീ ചൂഴം വീശി
കാന്താഭദീപം തന്നിപ്പാന്ഥന്നു തുണയാക്കി;

വാസരശലഭൻ പുൽകും കാകളീ പുളകിത-
വാസന്തോഷസ്സായ് മാറി നടുങ്ങും നട്ടമാവും.

ക്ലേശത്തിൽ തെളിഞ്ഞതേൻത്തുള്ളിയൂറിയവാറും-
ദ്ദേശത്തിലൊത്തുങ്ങാതിമ്മട്ടാഘനോതിപ്പോയി;

“പാഴ്ത്തിരി തിരഞ്ഞ ഞാൻ പാതിരക്കൂരിരുട്ടിൽ-
പ്പാത്തിരിയാതെ കണ്ടേൻ കനകപ്രദീപികേ!”

---

# ഫുല്ലപുഷ്പം.

(കേക)

ഇല്ല, നിങ്ങളിലില്ല നല്ലകോരകങ്ങളെ-
പ്രഫുല്ലപുഷ്പങ്ങളാക്കിത്തീർക്കുവാനുള്ള ശക്തി

അട്ടുവിൻ, നിലത്തടിച്ചീടുവിൻ! വേണ്ടതെല്ലാം
കാട്ടുവിൻ! കലികയെപ്പൂവാക്കാൻ കഴിയുമോ?

മാഹാത്മ്യമേറുംമലർമൊട്ടിൽ നിൻ കരസ്പർശം
മാത്രമാ മാലിന്യത്തെച്ചേർക്കയത്രേ ചെയ്യൂ.

നിർമ്മലകോരകത്തിൻ കോമളദളങ്ങളെ
നിർദ്ദയം നുള്ളിച്ചീന്തിപ്പാഴ്മണ്ണിൽ ചിതറുന്നു

ഇല്ല, കൺകുളുർക്കുന്ന വർണ്ണവൈചിത്ര്യം കാണ്മാ-
നില്ലഹോ! നാലുപാടും പരക്കും പരിമളം

ഇല്ല, നിങ്ങളിലില്ല നല്ലകോരകങ്ങളെ
പ്രഫുല്ലപുഷ്പങ്ങളാക്കിത്തീർക്കുവാനുള്ള ശക്തി.

ചിത്രമീ മുകുളത്തെ വിടുർത്താൻ കഴിവുള്ളോ-
നെത്രയുമെളുപ്പത്തിലായതു സാധിക്കുന്നു.

അതിൻനേർക്കൊന്നുനോക്കി, മനോഹരം തന്നെസ്സിരാ-
തതിയിൽ ദിവ്യനവ്യചൈതന്യമുദ്ദീപിപ്പൂ.

ദിവ്യനിശ്വാസം ഒട്ടിപ്പുഷ്പങ്ങളാം വിരിച്ചുട-
നവ്യഗന്ധംമേലയിലും തെന്നലിൽ ചരിക്കുന്നു.

സംസാരം രഹസ്യത്തെ സ്പഷ്ടമാക്കുന്നു; ചാരു-
സൗരഭം; ഉൽക്കണ്ഠപോലുല്ലസിക്കുന്നു രാഗം

ചിത്രം, ഭൂമികളെത്തെ വിട്ടുത്തുൻകഴിവുള്ള -
നൈത്ര്യമെല്ലപ്പത്തിലായുള്ള സാധിക്കുന്നു

താഗോർ.

---

# രാജലക്ഷ്മി.

(മഞ്ജരി)

വില്ലിലൂഞ്ഞാലാടും രാജലക്ഷ്മിക്കൊന്നും
വല്ലഭനേകനെന്നില്ലയല്ലോ.

ലോലസ്വഭാവ, തൻലോചനത്തുമ്പാൽ നൃ-
പാലകൻ നേർക്കൊന്നു പായിക്കുമ്പോൾ.

നെഞ്ചൊന്നിടിപ്പിക്കും പുഞ്ചിരിത്തൂകലാൽ
സഞ്ചിതധൈര്യനും സഞ്ചലിക്കും.

പൂർവ്വജനെ വിട്ടു പുംശ്ചലിയാമവൾ
പൂമെയ്യനുജന്റെ പുൽകിയേക്കാം,

ആ വേശ്യപ്പെണ്ണിനെയാട്ടിയകറ്റുവാൻ
ഭൂവിലെല്ലാരും ഭേതന്മാരോ?

# ബാലദശകം.

---

ഉറച്ചമൂഢവിശ്വാസ-
മറിവാലററുപോം ക്ഷണം;
ഇരുൾ നീങ്ങാൻ നിറഞ്ഞാലും
തിളങ്ങും തിരിയാൽ മുറി.

ദുർജ്ജനങ്ങൾ ദുഷിപ്പിക്കും
സജ്ജനത്തിൻ ഗുണങ്ങളെ:
ധൂമം നിർമ്മലമായ് മിന്നും
ദീപത്തിൽ കറ ചേർത്തിടും.

വൃദ്ധന്മാരുടെ ബുദ്ധിക്കു
വർദ്ധിക്കും പരിപക്വത:
ജീർണ്ണിച്ച ചന്ദനത്തിന്നു
പൂർണ്ണസൌരഭ്യമില്ലയോ?

ശിഷ്ടരാകണമെന്നില്ല
ശിഷ്ടന്മാർക്കു പിറന്നവർ:
ചന്ദനത്തിന്നെഴും കൃമ-
ലെത്തുന്നില്ലുത്തമ മണം.

പഠിപ്പുള്ളവനായാലും
ശഠനെങ്കിലകററണം:
മണിനല്ലതണിഞ്ഞാലും
ഫണി ഭീഷണനല്ലയോ?

ഹിതോപദേശം ചെയ്താലും
ദുഷ്ടൻ ധർമ്മിഷ്ഠനായ്വരാ:
പാറമേൽ മഴപെയ്താലും
സസ്യജാലം മുളയ്ക്കുമോ?

മഹത്വമുണ്ടാം മർത്ത്യർക്ക്
മഹാന്മാരൊട്ടു ചേരുകിൽ:
പത്മപത്രത്തിൽ മിന്നുന്നു
വെൺമുത്തിന്മട്ടു നീർക്കണം

പിറന്ന കുലമോ ഗണ്യം
നിറഞ്ഞ ഗുണമോർക്കണം:
ചേലെഴും താമരപ്പൂവ്
ചേറിൽപ്പൂക്കുന്നതല്ലയോ?

അന്യന്മാർക്കുപകാരത്ത-
ധന്യന്മാർ ചെയ്യുമെപ്പൊഴും:
മധു വണ്ടിനു നൽകുന്നു,
മണം വായുവിനും മലർ.

മഹാന്മാരെപ്പോലെ മാലേറെ-
സ്സഹിക്കാ ദുർബലാശയൻ:
മാണിക്യംപോലെ മൺകട്ട
ചാണക്കിട്ടാൽ തകർന്നുപോം.

# മധുരസ്വപ്നം.

പണ്ടൊരുദിനം മനോമധുരസ്വപ്നം രണ്ടു
കണ്ടിരുന്നിതു നീണ്ടനിശ്ചിന്തനിശയിൽ ഞാൻ
വേണാട്ടിന്നടച്ചുള്ള കോയിലിൻ കവാടങ്ങൾ
കാണ്മാനായി മാലോകർക്കു തുറക്കപ്പെട്ടതായി,

യാമിനിയൊഴിഞ്ഞതപ്പാടൊരു പൊൽപ്പുലരിയിൽ
തൂമലർ മൊട്ടുപൊട്ടിത്തുറക്കുന്നതുപോലെ-
വിശ്വതാതൻെറ തിരുക്ഷേത്രക്കെട്ടുറകൾ
വിശ്വാസികളുകോപിച്ചു നിലക്കൊൾവതുകണ്ടു.

അത്ഭുതാൻ നിയതിതൻ നിയമം; നാനാവർണ്ണം
ചിതറും മട്ടുമലരാരാമഭൂവിൽപ്പോലെ
ഭാവിസൗഭ്രാത്രത്തിൻെറ വിളവിൻ പരോക്ഷമാ-
മാവിത്തു സുക്ഷേത്രത്തിലെതിരെക്കതിരായി.

ഞാനുമെന്നുള്ളൂതം ഹാ! കൈക്കോത്തുകോവിൽ-
ക്കുള്ളിൽ
മാനുഷരായിമാത്രം നിൽക്കുന്ന കണ്ണിൻപുണ്യം.
മതപാന്മല ഗൃശ്രുക്കൂടമായ്; പുണ്യംപെറു-
മരുവിപ്പുരം വന്ദ്യകപിലവസ്തുവായി;

ദിവ്യശ്രീനാരായണൻ ശാന്തമബുദ്ധനായി;
വ്യോമാം ചിത്രർക്ഷജൻ ചിത്രമിന്നശോകനും—
എത്രയോശതാബ്ദങ്ങൾ പിന്നിട്ടുപോയീ ക്ഷണം;
ചിത്തഭിത്തിയിൽ സമുദ്രീപ്തമീമായാച്ചിത്രം.

ജാതിയാംപുഴുക്കത്താലിമ്മത മഹാവൃക്ഷം
പാതിയുംപാഴാകവേ, ശ്രീപത്മനാഭദാസൻ
ഇത്തിക്കണ്ണികളാകെച്ചെത്തിത്തൻ ബലിഷ്ഠമാം
പൊൽത്തൃക്കൈയുടവാളാൽ കാലവേദിയാം മന്നൻ.

നനച്ചാളമ്മറാണി; വല്ലന്തപ്പെട്ട ധർമ്മ-
ധനരാൽ ദിനരാത്രം; മറ്റൊക്കെ മാറിപ്പോയി
ക്ഷാത്രതേജസ്സാൽ ക്ഷിതിഭൂപതേ, തൊടിയിട-
മാത്രത്തിലിതാചാരമായിപ്പോയനാചാരം.

ആ വിഭൂതിതാനല്ലീ സധർമ്മക്ഷേത്രത്തിങ്ക-
ലീവിധം കാണാവുന്നു— വഞ്ചിക്കാർവഴികാട്ടി-
മാമൂലിൻ കൊട്ടുംകോളിൽ മാർഗ്ഗമേ തിരിയാതെ
ഹാ! മുങ്ങിപ്പൊങ്ങും കോഴിക്കോടിനം കൊച്ചിക്കുമേ.

എന്മനോവീണാതന്ത്രി മീട്ടിയെൻ കവിതയ-
ന്നമൃതം മൂളിമൂളി വഞ്ചീശശ്രുതികൂട്ടി
കണ്ടുന്നിലിത്തുകാലം മധുരസ്വപ്നംരണ്ടു-
മുണ്മയാഷ്ക്കരേജൻ മരുഭൂവിലെ മന്ദാകിനി.

ചിത്രർക്ഷജാതൻസചിവോത്തമസഹായൻ, സത്-
പുത്രസൂമഹാറാണിയൊന്നിച്ചു നീണാൾവാഴ്ക!
അശ്വസ്തലക്ഷങ്ങൾ തന്നാനന്ദബാഷ്പംതീർത്താ-
മാശംസാഹാരമലങ്കാരംതേ, നമസ്കാരം.

---

## വാളിനോട്.

(മാകന്ദമഞ്ജരി)

വാളേ, നിൻ ധാരയെച്ചുംബനംചെയ്യും പോ-
രാളിതൻ ത്യാഗം പടക്കളത്തിൽ;
മൂന്നാം ത്യാഗപ്രസംഗം മുനീശ്വര-
ന്നേകാന്തം പർണ്ണകുടീരത്തിലും.

ശ്യാമളം നിന്നലകൊണ്ടിളകീടവേ,
ക്ഷേത്രത്തിൽ പൂമൈ നിണമണിഞ്ഞു;
സാഹോദര്യത്തിന്റെ ശീർഷം നിലം പുൽകി;
സ്നേഹത്തിൻ സ്നായുക്കളറ്റുപോയി!

നിൻദംഷ്ട്രകൊണ്ടോ മതത്തിന്റെ ജാതകം
ഹന്ത! കുറിച്ചു കുറച്ചുകൂട്ടർ?
സത്യാഗ്രഹസഹനാദ്യായുധങ്ങളാൽ നിൻ-
മെത്തും തൃഷ തീർപ്പാൻ മേലാതായോ?
അല്ലെങ്കിൽ, ശസ്ത്രത്തെസ്പർശിപ്പാൻ സ്വാതന്ത്ര്യ-
മില്ലല്ലോ പാർത്ഥൻ പിറന്ന പാരിൽ!

സ്വാഭിമാനത്തെച്ചവിട്ടിച്ചതച്ചോനും;
സ്വാതന്ത്ര്യമൂററിയെടുക്കുവോനും;
പൊക്കിയ കാൽകളെ, നീട്ടിയ കൈകളെ-
ച്ചിക്കെന്നു താന്തോന്നായ്ച്ഛേദിച്ചിട്ടു ;

മിന്നുമലകിൽ മാദൃഷ്ട പ്രതിബിംബം
ചിന്നിയും വാണരുളാനിവാളേ,
കാലുഷമോടിക്കഴിഞ്ഞ കരങ്ങൾക്ക
മേലാതായ് നിന്മഷ്ഠിളക്കാൻ പോലും!
നിന്നൊളിന്നല്പ്പിലീ സ്വാരാജ-
ക്കണ്മണിത്തളിക്കം, തലതിരിയും.

കാളാസി, നീ വീരലക്ഷ്മിതൻ തൃക്കൈയിൽ
മാളിതമായി ലസിക്ക നീങ്ങാം!
കാലലക്ഷ്മിയ്ക്കു ലൂരിവീഴാതെ മന്നവ-
മൌലിയെ പ്പാലിപ്പതെതാരാകാം?
പേലവമക്കാച്ച സാമ്രാജ്യ നായക-
ത്തൂലികയല്ലോ തല താഴ്ത്തീട്ടു നീ!

രാജസ്ഥാനത്തിലെ രാജന്യമക്കാർ
രാക്ഷസലീലയിൻ ശിക്ഷകന്മാർ,
പാലിപ്പാൻ ചാരിത്ര്യം, നിന്റെ നീലോല്പല-
മാലയായ് ഞാത്തിൽ ചുണ്ടു ചാർത്തി.
ക്ഷാത്രത്തിൻ ദക്ഷിണഹസ്തമേ, സദ്ധർമ്മ-
ക്ഷേത്രത്തിൽ നീതന്നെ ശാന്തിക്കാരൻ.

ബാഹുജവീരനാം കൈകാൽക്കുഴമ്പേ,
വാഹിനീമദ്ധ്യത്തിൽ, സാരഥിയാൽ
എന്നു നിൻ ധർമ്മവ്യാപാരമുപദിഷ്ട-
മന്നു നീ ധന്യനായ് കർമ്മയോഗിൻ,

മാന്തോപ്പിൽ യോഗാസനത്തിലരുളും നിൻ-
ശാന്തഗഭീരം തിരുവുടലും;
ഭാരതമാതേ, നിൻ പുത്രിമാരേന്തിയ
വീരസ്വരൂപവും വിശ്വരമ്യം!

ജാതി, മത, രാഷ്ട്ര, മൈത്രി, സൗഭ്രാത്രങ്ങൾ
ജാഗരം കൊൾവതെ, ന്നന്നത്തോളം
നീയുറങ്ങില്ലയോ? നിന്നുറയുൾപ്പൂക്കൾ
നീയുറങ്ങില്ലയോ? നീണ്ട പാരളേ!

# പഞ്ചവർണ്ണക്കിളി. *

(മഞ്ജരി)

പുഞ്ചനെൽപാടങ്ങൾ പുഞ്ചിരിക്കൊൾകവേ,
കൊഞ്ചിയും പുഞ്ചിറകിട്ടടിച്ചും,
ചെഞ്ചമ്മേ ചാഞ്ചാടി വാണു മലനാട്ടിൽ
പഞ്ചവർണ്ണക്കിളിയൊന്നു മുന്നം.

ഓമനിച്ചാരോ ചെറുപ്പത്തിൽ തന്നെയാ-
ക്കോമളത്തത്തയെക്കൂട്ടിലിട്ടു
കേട്ടു പഠിച്ചിതു കേരളത്തായ്മൊഴി
കൂട്ടിൽ കിടക്കുമാത്തത്തക്കുട്ടി.

ഇങ്ങനെ വാഴ്കവേ, വന്നു പരദേശി
വാങ്ങിയപ്പക്ഷിയെക്കൊണ്ടുപോയി
തന്നാട്ടുകാരോടും, തായ്മൊഴിയോടുമാ-
യെന്നേയ്ക്കും പൈങ്കിളി യാത്രചൊല്ലി.

ചാടിച്ചിലച്ചു നടന്ന നെൽപാടവും
പാടേ പഴുത്തുള്ള മാങ്കനിയും,
പൊന്നിറം പൂണ്ടുള്ള വാഴപ്പഴങ്ങളും
മിന്നും തന്നാട്ടിനെയോർക്കും പാവം!

കേരളം വിട്ടന്നുതൊട്ടു മിണ്ടാട്ടവും
കേളീവിലാസവും നാളിൽ നാളിൽ

കാണെക്കരഞ്ഞുതുടങ്ങിയപ്പൈങ്കിളി-
ക്കുഞ്ഞിനില്ലുറക്കില്ലന്നമില്ല.

ഏതൊരു നാട്ടു പിറവീതനിക്കേകി
യേതുനാടേകിയോ കായ്കനികൾ?
ഏതു തായാർമൊഴി കേട്ടു പഠിച്ചിതാ-
മാതൃഭൂവിങ്കൽ നിന്നെത്തിയോരവൾ?

തായ്മൊഴിതന്നിലത്തത്തയോടാഗതൻ
ഓമനിച്ചുന്നേരമായീടവേ,
പ്രത്യുത്തരമതേ ഭാഷയിൽ ചൊല്ലിയ-
ത്തത്തമ്മ തത്തിക്കളിച്ചു കൂട്ടിൽ.

പക്ഷം കുടഞ്ഞും ചിലച്ചുമാപ്പൈങ്കിളി
തൽക്ഷണമക്കൂട്ടിൽ ചത്തുവീണു
മർത്ത്യർ മാത്രമോ, പാരിൽ പറവയും
ചിത്തഗുണം നൽകി ചിത്സ്വരൂപൻ.

---

* ബംഗാളന്മാർക്ക്.

# ഗ്രാമീണലക്ഷ്മി.

---

(നതോന്നത)

ഫ. പൂർവ്വാചാരപ്പൊള്ളിക്കുട-
യേന്തി,യാത്തോൽ പോലെ, നാണം-
പൂണ്ടും നടത്തുടരുന്നോ
ഗ്രാമീണലക്ഷ്മി?

പരിഷ്കാരം വിടർത്തുന്ന
വെളിച്ചത്തു നോക്കൂ! പണ്ടോ-
ന്നരങ്ങേറ്റു, നാഗരിക-
സോദരിയാളെ.

വിദ്യാധനമൊരുകാലം
വിതരണം ചെയ്തിരുന്ന
വിശ്രുത ഗ്രാമങ്ങളർത്ഥ-
ശൂന്യങ്ങളായി!

---

ഫ ഗ്രാമീണലക്ഷ്മിയും നാഗരികലക്ഷ്മിയും സഹോദരിമാരാണെങ്കിലും, ഒന്നാമത്തവൾ അന്തർജ്ജനങ്ങളെപ്പോലെ മറക്കുടയും പിടിച്ചു നാണം കുണുങ്ങിക്കൊണ്ടു നടക്കുന്നവളും, രണ്ടാമത്തവൾ പരിഷ്കാരത്തിന്റെ വെളിച്ചത്തിൽ അരങ്ങേറ്റം ചെയ്യുന്നവളുമാണെന്നു സാരം. ഒരു കാലത്തു ഗ്രാമങ്ങൾ വിദ്യാസങ്കേതങ്ങളായിരുന്നുവെങ്കിലും ഇന്ന് അവ അർത്ഥം (പണം എന്നും) ഇല്ലാത്തവയായിത്തീർന്നിരിക്കുന്നു. നാട്ടുംപുറത്തുകാർ പ്രവൃത്തിയെടുത്തുണ്ടാകുന്ന വിയർപ്പു കവിൾത്തടത്തിൽക്കൂടെ ഒലിക്കുന്നതിനുള്ള പരിശുദ്ധി ആകാശഗംഗയ്ക്കുപോലുമില്ല.

ഷിയൽഗംഗാസ്രോതസ്സിനു-
മിയലാത്തവൈമല്യവും
വിലയുമീ ധിയപ്പോലി-
ക്കവിറംച്ചാമേൽപ്പൂ!

൨. സമുദായ ശരീരത്തിൻ-
തലസ്ഥാനം മാത്രം നില്പൂ
സമുന്നതം, ഗ്രാമക്കൈകൾ
പിന്നിലും കെട്ടി!

മനഃകേദാരത്തെക്കാല-
പ്പകർച്ചകൾ കണ്ടുഴുതു-
മറിക്കാത്തിക്കൃഷകന്മാർ
മാമൂൽ പ്രിയന്മാർ!

നവീനവിജ്ഞാനവിത്തു
നട്ടു, പുറം നാട്ടുകാരേ,
വിവിധമാം സംസ്കാരത്തിൻ
വിളകൊയ്താലും!

---

൨. സമുദായത്തിന്റെ തലസ്ഥാനമായ (തലയുടെ സ്ഥാനത്തുള്ള എന്നും) നഗരം മാത്രം തലയുയർത്തി നില്ക്കുന്നു. ഗ്രാമം അതിന്റെ കൈകളെപ്പോലെയാണ്. അതു പരാധീനമായിരിക്കുന്നു. മനഃകേദാരം=മനസ്സാകുന്ന കണ്ടം. ഈ കൃഷിക്കാർ കാലത്തിന്നനുസരിച്ച മനഃപരിഷ്കാരം വരുത്താത്തവരും പഴമക്കാരുമാണ്. പുതിയ തരത്തിലുള്ള അറി

അമൂഖാഗ്രം വളർന്നുള്ള
മാമൂൽ കൊട്ടുംപടപ്പിലെ-
പ്പാഴ്മുള്ളേറു മുറിപ്പെട്ടി-
പ്പാദങ്ങൾ വാഴ്വൂ!

൩. നറുംതെളി തേൻകുടിച്ചു
പറക്കുന്ന പതിവണ്ടും
ചെറുനീലച്ചിറകിന്മേൽ
പൂംപൊടി ചാർത്തി,

മററുമലർ നിരയ്ക്കേകി-
പ്പരസ്പരസാഹ്യത്തിന്റെ
മട്ടും മഹിമയും മർത്ത്യ-
ന്നുപദേശിപ്പൂ!

തീരം തല്ലിത്തകർക്കുന്ന
തിരമാലാബലം നോക്കൂ
പരസ്പരസാഹ്യത്തിന്റെ
പരമാദർശം.

---

വ് സമ്പാദിച്ച പല തരത്തിലുള്ള സംസ്കാരത്തിന്റെയും ഫലം അനുഭവിക്കുകയാണ് അവർ ചെയ്യേണ്ടതു്.

൩. വണ്ടുകൾ ഒരു പൂവിലുള്ള പൊടി മററു പൂക്കളിൽ പരത്തുന്നതുകൊണ്ടാണ് ഫലമുണ്ടാകുന്നതെന്നു ശാസ്ത്രകാരന്മാർ പറയുന്നു. അവയുടെ പ്രവൃത്തിയിൽനിന്നു പരസ്പരസാഹായ്യത്തിന്റെ തത്വം മനസ്സിലാക്കാം. തിരമാലകൾ ഒന്നിനൊന്നു ചേർന്നു നില്ക്കുന്നതുകൊണ്ടാണ് ഇത്രയും ശക്തിയുള്ളവയായിത്തീരുന്നതു്.

ര. അഴുക്കുള്ളിലൊളിപ്പിക്കും
ചിത്രവർണ്ണച്ചേലച്ചുററ-
ത്തഴകാണോ മലനാട്ടു-
മങ്കമാർക്കേത്തും?

വെണ്മവരഞ്ഞിഞ്ഞ മധു
ലക്ഷ്മിപോലെ, വെള്ളാടയാൽ
കണ്മയക്കും കേരളിയെ-
ക്കാണാതെയാമോ?

പരിഷ്കൃതസോദരർ തൻ
പുറം പൂച്ചിൽ ഭ്രമിച്ചനു-
കരിക്കല്ലേ, സ്വാതന്ത്ര്യത്തേൻ
സ്വദിക്കാൻ നോക്കു!

മതക്കാരിങ്കൽക്കോട്ടയെ
ത്തട്ടിത്തകർക്കുന്നു; പുരോ-
ഹിതപീഠങ്ങളെ വെട്ടി-
പ്പൊളിച്ചീടുന്നു!

:

കർഷകർക്കു നിലം സമം
വിഭജിച്ചു കൊടുക്കുന്നു
റഷ്യ-സർവ്വസമത്വത്തിൻ-
സാക്ഷാത്സവിത്രി

---

ര. അന്യദേശസ്ത്രീകൾ ഉള്ളിലുള്ള അഴുക്ക പുറമേ കാണാതിരിക്കുന്നതിന് വേണ്ടിയായിരിക്കാം വിവിധവർണ്ണത്തി

കാവിയും, മക്കവിടിയും,
കുരുതിയുമായി നിങ്ങൾ
മേവിടുന്നു; കെട്ടിനിൽക്കും
കെട്ടുനീർപോലവെ!

സ്വാതന്ത്ര്യത്തിൻ, സമത്വത്തിൻ,
സ്വാദറിവാൻ, ഗ്രാമീണരേ,
പൂതമാം മെയ്‌വിയർപ്പിന്റെ
വിലയറിവാൻ;

വിടുത്തുവിൻ വിചാരങ്ങൾ
വെളിച്ചത്തിൽ, സ്വശക്തിയി-
ലടിയൂന്നിനിൽപിൻ! നാട്ടിൻ-
നാട്ടെല്ലു നിങ്ങൾ!

---

ലുള്ള ചേല ചുറ്റുന്നതു്. എന്നാൽ കേരളവനിതകൾ വെളുത്ത പൂക്കൾകൊണ്ടു ശോഭിക്കുന്ന വസന്തശ്രീപോലെ വെളുപ്പുള്ള വസ്ത്രമാണു് ധരിക്കുന്നതു്. പരിഷ്കാരഭ്രമത്താൽ അതൊക്കെ മാറിപ്പോകുന്നതിൽ കവി വ്യസനിക്കുന്നു.

റഷ്യ കൃഷിക്കാർക്ക് നിലം സമമായി ഭാഗിച്ചുകൊടുത്തു സർവ്വസമത്വത്തെ ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുന്നു. എന്നാൽ ഇന്ത്യയിലെ ഗ്രാമീണർ കള്ളസ്സന്ന്യാസികളെയും, ജ്യോതിഷക്കാരെയും, ദുർദ്ദേവതാരാധനത്തെയും പുലർത്തിപ്പോരുന്നു. അവർ ചെയ്യുന്ന പ്രവൃത്തിയുടെ വിലയെന്താണെന്നുതന്നെ അവർക്കറിഞ്ഞുകൂടാ.

## മനസ്സാക്ഷിവിലപനം.

മയക്കക്കൈ കാട്ടി വിളിച്ചു,ട്ടുകൾ,
മണ്ടയ്ക്കടിച്ചൂഴിയിൽ വീഴ്ത്തി മാററി;
വേർപ്പും, കിതപ്പും, ഴലിൻകഴപ്പു-
മേൾപ്പിച്ചു കൈമെയ്കൾ മുറിപ്പെടുത്തു;

പത്തല്ല, നൂറല്ല പരീക്ഷണങ്ങ-
ളിമ്മട്ടു ലക്ഷം ജയമക്ഷി ചെയ്യേ,
മാർഗ്ഗം വിടാതെ, മതി വാടിടാതെ,
തഞ്ചൊട്ടു നേടുന്ന കരുത്തനാരോ?

അണച്ചു തുക്കെയവളപ്പുമാണൊ-
പ്പുണർന്നു, പൂമെത്ത വിരിച്ചുകൊൾവൂ!
ഉത്കൃഷ്ടശക്തിയ്ക്കുപമാനമേൽ
പൂവാടി വാഴികളകയായി ലോകം. (വിരോധകം)

ഗ്രന്ഥങ്ങളെന്നാം ക്ലേശഗുരുത്തമാർന്ന
ചൂരൽപ്രഹാരം, ചുടുനോക്കിതെല്ലാം
പാടേ സഹിച്ചുറിയ ശിക്ഷണത്താ-
ലല്ലാതെ നിഃശ്രേയസമാരു നേടി?

കൺമത്തളിപ്പിപ്പൊരു പൊൽപ്പരപ്പിൽ
പടങ്ങൾ വെയ്പ്പാനറിവീല ലോകം
ഇരുൾത്തഴപ്പും, കരിമുൾപ്പടപ്പും
കാണാത്ത കണ്ണെന്തൊരു കാഴ്ച കണ്ടു?

ധാഷ്ട്യം കരം പൊക്കുവതെങ്ങു ധർമ്മ-
സ്വാതന്ത്ര്യവിൺമെയ്യൊളിയൊന്നിരുണ്ടാൽ?
നിൻ തൂലികത്തുമ്പിലലച്ചുതള്ളി-
ക്കണ്ടാവൂ! വൻവൈദ്യുതിയപ്പൊഴെല്ലാം.

വെന്നിക്കൊടിക്കൂറ ഉയർന്നു കാണ്മാൻ,
പൊൻനാണ്യനാദം ശ്രുതിസൌഖ്യമേകാൻ,
കുന്നിന്റെ കൂടത്തിലെടുത്തു പൊക്കാൻ,
വിൽക്കാ മനസ്സാക്ഷി സുധർമ്മധീരൻ.

ധർമ്മത്തെ [illegible]ടിത്തളരാ വലംകൈ-
വാളാക്കി മുൻചോട്ടു മുറയ്ക്കുവെയ്ക്കൂ,
മുഷ്കാരകത്തേതൊരു മാറ്റലർക്കും
കാൽക്കീഴമർന്നീടുക വേണ്ട, യോഗ്യ!

# കടപ്പുറം കണ്ടിട്ട്.

(കിളിപ്പാട്ട്.)

കിടപ്പൂ തിരത്താളം തകൎക്കും കടൽ! മീതേ
നടനം ചെയ്‌വൂ! ചെറുതോണികളങ്ങുമിങ്ങും.

അന്തിമേഘാഡംബരത്തിൽ കലരും വരെയിങ്ങു
വൻതിരമാലയോടേറ്റു മല്ലിട്ടു മടങ്ങാതെ,
പരന്നോരിതിന്മാറിൽക്കഴിപ്പൂ! ക്ലേശാകുലം
നരജീവിതമെത്ര സംതൃപ്തർ കൈവൎത്തകർ!

ജീവിതസമുദ്രത്തിൻ വിസ്തൃതവക്ഷസ്സിങ്ക-
ലീവിധമെത്ര തോണി ചുററിസ്സഞ്ചരിയ്ക്കുന്നു?
ഓളത്തിലടിപെട്ടു കുഴങ്ങി, ക്കരാളമാം
കാളഗൎത്തത്തിലാണ്ടു പലതും പൊളിയുന്നു.

ദൂരത്തിലെത്രയോ ചെന്നു കുടുങ്ങി, ക്കൊടുങ്കാററിൽ,
ഘോരമാമിരുൾക്കത്തി, വലയററലയവേ,
ക്ഷണമാക്കാററും കോളുമടങ്ങി; ശാന്തംകടൽ!

അണഞ്ഞു ദിവ്യപ്രഭാപ്രസരം നാലുപാടും.
കരകണ്ടിതു! തീരാ നൈരാശ്യം നിഹനിച്ചു
നിരയപ്രായമായ ജീവിതം നിരഭ്രമായ്.

നഗരപ്പുറം പൂച്ചാൽ നയനം മഞ്ഞളിച്ചു
വിശദാരോഗ്യവിത്തം മൃഗതൃഷ്ണകൾ തേടി,
വലയും പണക്കാരോ ഹതജീവിതർ! തണ്ടും-
വലയും താങ്ങും വാലസോദരർ സുകൃതികൾ!

നിസർഗ്ഗശാരി നിജോപാസകർക്കും നിത്യ-
പ്രസാദംകൊളളിരുന്നിനീത്തന്നത്, നിറകതിർ,
പരമാരോഗ്യലക്ഷ്മീ പരിരംഭണസുഖം
സ്ഥിരമായിവയെല്ലാം മൃഗവരർക്കേവോതാം.

കണ്ണിന്നു കർപ്പൂരമേ! കടലിൻ്റെ തീരത്തിരു-
ന്നുണ്ണികൾ കളിക്കുന്നു തിരമാലകളെണ്ണി.
തങ്ങളെപ്പുകഴ്ത്തുവാൻ താതനും തായുമമി-
ന്നിങ്ങനെത്തിപ്പതിപ്പെതങ്ങൾക്കറിയാമോ?
ത്തുമ്പമെന്നിപ്പുറത്തിരുന്നു മൃദുക്കിക്കൊ-
ണ്ടോമനക്കിടാങ്ങളെക്കളകൾക്കൊണ്ടാകർഷിച്ചും,
വലതൻ കെട്ടുപാട്ടു തീർത്തുമേ തൃപ്തന്മാരായ്
ചിലരങ്ങിരിയ്ക്കുന്നു, ചിരിച്ചും സല്ലപിച്ചും,
ഭാരതം രാമാനുജകോകിലഗീതം ഭവ്യ-
ഭാരതീപൂതം മൂളിപ്പാഴ്ക്കടിൽ കുളിപ്പിച്ചും.
ബാലരസാലന്മാരേ! സാദരം വായിയ്ക്കുവിൻ
ഇമ്മഹാസദ്ഗ്രന്ഥം; നിങ്ങൾക്കേറെയുപകാരം;
മംഗളപ്പൂമഹാഭാരതപ്രണേതാവി-
ന്നിങ്ങടെയൊരുമ്മുണ്ണു പേറുള്ള വ്യാസ ദിവ്യൻ.

നിൻകുളിരണിത്തീരക്കെക്കാറ്റീട്ടി നാനാചിന്താ-
സങ്കലനാകുമെന്നെ സ്സൽക്കരിച്ചോരു സഖേ!
സാഹിതീസ്തന്യധയനിവനും വിചാരിക്കാം
വാഹിനീപതേ! ഭവാൻ വെണ്മണൽ വിരിച്ചേടം.

# എൻെറ വീണ.

(കേകം.)

ഫ

ജ്ഞാനത്തിൻ തികവില്ല; ഗാനത്തിൻ മികവില്ല;
ഞാനെൻെറ ചെറുവീണ വായിപ്പാനുണ്ടോ ന്യായം?

കണ്ടുഞാൻ പ്രകൃതിയിൽ സൗന്ദര്യത്തിരത്തള്ളൽ;
ഉണ്ടു ഞാനാനന്ദത്തേനന്നമൃതം പാടിപ്പോയി!

തെല്ലുമേററപ്പരിപാകം കൊള്ളും കവേ, പാരിൻ മറ
മെല്ലെ ഞാൻ മാററിത്തെല്ലു കണ്ടിതു കാഴ്ച മെന്മേൽ.

ആയതെന്മനോവീണാതന്ത്രിയിൽത്താനേമീട്ടാ-
നായിവന്നുദ്യോഗിച്ചു; ചെവിക്കൊണ്ടേയ്ക്കാം ചിലർ.

ജ്ഞാനത്തിൻ തികവില്ല; ഗാനത്തിൻ മികവില്ല;
ഞാനെൻെറ ചെറുവീണ വായിപ്പാനില്ലേ ന്യായം?

എന്തിനു താരാനിര വാനിലങ്ങുദിക്കുന്നി-
തെന്തിനു തേന്മാവിന്മേൽ പൊന്തളിർ തഴയ്ക്കുന്നു?

---

ഫ. തൻെറ കവിതയെപ്പററി കവിതന്നെ പറയുന്നു. ദിവ്യമായ പ്രേരണകൊണ്ടു ലോകത്തിലെ സൗന്ദര്യം കണ്ടു മദിച്ചുപോയ താൻ അറിവും ഗാനശക്തിയും തികഞ്ഞിട്ടില്ലെങ്കിലും ചിലതെഴുതുന്നു. ആകാശത്തിൽ നക്ഷത്രങ്ങൾ തെളിയുന്നതുപോലെയും, തേന്മാവിൽ തളിരുകൾ തഴ

അവശ്യംഭാവിയെല്ലാം; എന്നകം വഴിഞ്ഞെന്നും
വിവിക്തം വികാരാളി വെളിയിൽഗ്ഗളിയ്ക്കാതോ?

൮

അന്നെന്റെ ചെറുനാളിലർത്ഥം ഞാൻ കൊതിച്ചീല;
നിന്നഴകൊഴുക്കൊന്നിൽ മുഴുകി കഴുത്തോളം,

നിന്നെ ഞാനുപാസിച്ചു, നിയതം നിഷ്കൈതവം;
എന്നൊക്കെവെടിഞ്ഞീല നീയെന്നെ നിനച്ചു ഞാൻ.

ഞാനൊരുമുക്കിൽപ്പററി മുഴക്കാം മൂളിപ്പാട്ടെ-
ന്നാനന്ദപരവശനാശിക്കമാത്രം ചെയ്തു.

കൊതിച്ചീലന്ന വേറെക്കവിതേ! മമ മാതേ!
പതിച്ചൂ തൃക്കാക്കലീ നിൻ സേവാപരായണൻ.

ഇല്ല ഞാനിച്ഛിച്ചീല; കണ്ണിണമഞ്ഞളിപ്പി-
ച്ചില്ലമേ തെല്ലും; നിന്റെ തെളിമെയ്യൊളി തേടി;

വിണ്ണിന്റെ വിരിമാറിൽ നീ വിട്ടത്തിന നാനാ-
വർണ്ണപ്പൂംചിറകേറിച്ചുരിപ്പാൻ വാഞ്ഛിച്ച ഞാൻ

---

യ്ക്കുന്നതുപോലെയും തന്റെ വികാരങ്ങൾ കവിതാരൂപേണ വിനിർഗ്ഗളിക്കുന്നതു അവശ്യംഭാവിയാണെന്നു താല്പര്യം.

൮. ആദ്യകാലത്തു അർത്ഥ (പണമെന്നും) ത്തേക്കാൾ അധികം ശബ്ദത്തേയും രചനാഭംഗിയേയുമാണു് കവി ആരാധിച്ചിരുന്നതു്. നിരന്തരവും യഥാർത്ഥവുമായ പരിശ്രമംകൊണ്ടു കവിതയെ സന്തോഷിപ്പിക്കുവാൻ കവി യത്നിച്ചതിന്റെ ഫലമായി കീർത്തിപോലും ലഭിക്കേണമെന്നു് അദ്ദേഹം ആ

ക്ലപ്തകൈകെന്നിരചേതനം ജീവിതധന്യത്വം നേടാൻ
കോപ്പുകൂട്ടിയതില്ല, നിർവൃതികൊള്ളുകെ ഞാൻ.

൩.

കവികോകിലപാളി കളകൂജിതങ്ങളെൻ-
ചെവിയിൽച്ചെന്താർതേൻമാരി ചൊരിഞ്ഞു പലപാട്ടും.

പൈങ്കിളിക്കൂട്ടം തത്തിക്കളിക്കും വള്ളിക്കുടി-
ലെങ്കരളേറെക്കട്ടി, തെന്തിനു പള്ളിക്കൂടം?

ആയിരമധ്യാപകരിട്ടുണ്ടും ഭിത്തിയ്ക്കകം
വായടിക്കട്ടെ വാഴ്ത്തി പ്രകൃതിപ്രഭാവങ്ങൾ!

ചുററുപാടെല്ലാം ചമച്ചീടുന്നിതേട്ടിൽക്കണ്ടു-
കററതു കണ്ണുകളല്ല, യെന്നെനിക്കുണർവുററു.

എമ്പാട്ടാപ്പഴകിന പല്ലവിയെല്ലാം തള്ളി-
യെമ്പാട്ടും വിയർപ്പുണ്ണിവേലയെപ്പുകഴ്ത്താവൂ!

---

ഗ്രഹിച്ചില്ല. ജനങ്ങൾ ബഹുമാനിക്കുന്ന പദവി ലഭിക്കുന്നതിനു മുതിർന്നില്ലെങ്കിലും കവിക്കു അവാച്യമായ സുഖമുണ്ടായിരുന്നുവെന്നർത്ഥം.

൩. പ്രകൃതിതന്നെ വലിയൊരദ്ധ്യാപികയാകയാൽ വേറെ വിദ്യാലയത്തിലുള്ള പഠിപ്പൊന്നും കവിക്കാവശ്യമല്ല. പണ്ടത്തെ കവികൾ പാടിയതുതന്നെ പിന്നേയും പിന്നേയും പാടുന്ന സമ്പ്രദായം കവിലോകത്തിൽ സാധാരണമാണെങ്കിലും പ്രസ്തുതകവി ആ മാർഗ്ഗം അംഗീകരിച്ചില്ല. സ്വധർമ്മത്തിലുള്ള ശ്രദ്ധകൊണ്ടും പരിശ്രമംകൊണ്ടും ആർക്കും ഉയർന്ന നിലയിലെത്താവുന്നതാണ്. വിധിയുടെ കൈയിലുള്ള വസ്തു

നമ്മളോ വിധികൾക്കളിപ്പന്തുകളല്ല;
നമ്മൾക്കു വിട്ടുവേല വിധിതാൻ ചെയ്തു തീരൂ.

വിധിതൻ സ്രഷ്ടാക്കൾ നാം; സൃഷ്ടികളല്ല, നമ്മ-
ളധിപന്മാരാണെന്നു,മടിമച്ചരക്കല്ല.

സ്നേഹമേ, സ്വാതന്ത്ര്യമേ, സത്യമേ, സൗഭ്രാത്രമേ,
മോഹനമിന്നാമങ്ങളെന്നുമെൻ വീണ വാഴ്ത്തു!

---

ക്കളാണ് ജനങ്ങൾ എന്നു കവികൾ പറയുന്നുണ്ടെങ്കിലും വാസ്തവം അങ്ങനെയല്ലാത്തതുകൊണ്ടു വിധിയെ നമുക്കധീനമാക്കുകയാണ് വേണ്ടതെന്നർത്ഥം. സ്നേഹം മുതലായ വിഷയങ്ങളാണ് ഈ കവി സ്വന്തം കവിതയ്ക്കു വിഷയമായെടുത്തിട്ടുള്ളതു്.

ടിപ്പണി വിദ്വാൻ ഭാസ്കരൻ മൂസ്സത്.

## സ്വേദോപഹാരം. *

(കേക)

സോദരന്മാരേ, സ്വേദപൂരവെൺ പൂണാരത്തെ-
സ്സാദരം പ്രകൃതിയാം സവിത്രിക്കർപ്പിപ്പോരേ,

നട്ടുച്ചക്കതിരവൻതൻകരപ്രഹാരത്തിൽ
നട്ടെല്ലു മുറിവോളം പണിയും പാവങ്ങളേ,

ഏതൊരുവന്റെ ഭാഗ്യപ്പൂങ്കൊടി പൊൻ കായ്ക്കുവാൻ
പൂതമീ ശ്രമാംബുക്കളൊഴുക്കുന്നിതു നിങ്ങൾ?

തീവ്രമിപ്രയത്നത്തിൽ തീയനും പുലയനും
സുവ്യഗ്രം വിയർപ്പുനീരൊരുമിച്ചൊഴുക്കുന്നു.

ഹന്തമാം ജാതിയുണ്ടോ കർമ്മയോഗത്തിൽക്കാണ്മൂ!
കൃതകാകൃതികളായ് ശ്രുതിയും സ്മൃതിയുമേ!

ജാതിപ്പാഴ്ച്ചളി തെല്ലുകഴുകീടുകിലിന്ത്യ,
പാതിരാത്താരപോലെ നിൻവാനിലിവർ മിന്നും.

സൗഭ്രാത്രപ്പൂങ്കോഴിതൻ കൂകൽ കേട്ടൊരു പുത്തൻ-
സൌവർണ്ണപ്പുലരിയിലിവരൊന്നാണെന്നാവൂ!

തെന്നലാൽ തെങ്ങിൻതൈകൾ വീശിത്തുവിയർപ്പാറ്റും
തന്നണിലലാടത്തിൽ പൊടിപ്പിച്ചീടാതെയും;

---

* പണിചെയ്തുവന്നിരുന്ന പൊന്നാനി 'വിദ്യം' അണക്കെട്ടു കണ്ടപ്പോൾ എഴുതിയതു്.

ഇളന്നീരാലേ ഗളനാളാഭിഷേകം ചെയ്യും;
തളിർമാന്തരുത്തഴനിഴൽത്താവളമാർന്നും;

എളിയോരിജ്ജീവിതം വിളറി വിറകൊണ്ടു
തളരാറാക്കും ചുട്ടവാർചില്ലി ചുളിപ്പിച്ചും;

ഗർവാധികാരങ്ങൾതൻ ഗൗരവം വിളയുന്ന
കീഴ്പ്രദുഷ്ടികൾ മാറിത്തീർത്തായ്യും വിധമെയ്യും;

വല്ലതും ‘ഷമാന്ത്’ ‘പ്പാത്’ ‘പ്പള്ള്’യാൽ പണിചെയ്യും
ശൃംഗത്തിൽ നിന്നും വററുവററു മെയ്യ് കുഴപ്പിച്ചും;

മേധാളങ്ങിരിക്കുന്നു;—ഗൗരവപ്രൗതിയേതു-
മേലായ്യാനന്യസ്ഥമാം ഭാവമോടഭിമാനി!

തൊണ്ടനീർ വററുന്നേരമൊരു വെററിലക്കണ്ടം-
കൊണ്ടിവർ പരിതൃപ്തിപൂണ്ടു പുഞ്ചിരികൊൾവൂ.

പാത്തിരി ചിലർക്കൊരു പാൽത്തിങ്കൾ, മററുള്ളോർക്കോ
പിത്തശകോശം പോരാ; പൊന്നല വേണംപോലും!

ലവണാംബുവിന്നേററം നെൽക്കൃഷി പാഴാക്കാതെ-
യവനംചെയ്യാനല്ലോ സാഹസമിതു സർവം!

നിന്നഭാവത്താൽ സ്വാദു കുറയും കാലം വരും
നിന്നരാതിക്ക പരിണാമശക്തിയാലുള്ളപ്പൂ!

വല വീശുന്നു ചില മീൻപിടുത്തക്കാർ; മാനം-
വലയാൽ കെട്ടപ്പെട്ട കീടങ്ങളാരല്ലോ നിങ്ങൾ!

കരുണാമസൃണമാം കൺമുന മേലാർതൻ നേ-
ർക്കുളാൻ ചുററിപ്പററി നിൽക്കുന്നു ചില കൂട്ടർ!

ധനദേവതേ, നിൻെറ കാൽച്ചീലമൊച്ച കേൾപ്പാ-
നന്നല്പം നതനായിട്ടുലതൻ കാത്തുനിൽപ്പൂ.

ജീവിതവിപഞ്ചിതൻ തന്ത്രിയിൽത്തങ്ങും നാദം,
നാവികദിഗ്ഭ്രമത്തെ മാററുന്ന മണിദീപം,

പണം!—ആയതിൻ പീലിക്കെട്ടിളക്കത്താൽ, മരു-
മണലിൽക്കൂടിപ്പോലുമൊഴുകും മന്ദാകിനി!

ദുർബ്ബലബാഹുക്കളിൽ വൈദ്യുതമഹാശക്തി
നിർമ്മമണയ്ക്കും നീ! ഭീരുവേലധീരനാക്കും!

സ്വർണ്ണത്തൂലികേ, ചോരും! നിൻ തുമ്പിൽത്തുളുമ്പുന്ന
വർണ്ണങ്ങൾ സുവർണ്ണങ്ങളാകുകിലിവൻ ധന്യൻ!

ഭുവനസ്വയംജ്യോതിസ്സെന്നുമാവിർഹായസ്സിൽ
സുവർണ്ണോദയരശ്മി വിതറിക്കണ്ടോവു ഞാൻ!

ഞാനെൻെറ തല കാത്തീജ്ഞാനസാഗരതീര-
സ്ഥാനത്തു ചെരും കക്ക പെറുക്കാൻ പണിപ്പെട്ടു!

കണ്ടതില്ലതു—കഷ്ടമതൊന്നു കാമിച്ചു ഞാൻ
കണ്ടകം ചവുട്ടിപ്പോയ്ക്കാൽ നൊന്തു കഷ്ടിച്ചിതോ!

ഇവരോ നിരക്ഷരപ്പാവങ്ങളവനത-
ഭുവനം സംതൃപ്തിയാൽ ഭാസുരമാക്കിച്ചെയ്തോർ!

ചക്രം ചവിട്ടി‘ച്ചക്രം’ വാങ്ങുവിന്നിന്നു കാല-
ചക്രത്തിൻ തിരിച്ചിലിക്കീഴാളെ മേലാളാക്കും;

മേദുരാമോദം കർമ്മശ്രാന്തനാമീശന്നേകും
സാദരസമർപ്പിച്ചീ സ്വേദോപഹാരം ഭോഗം!

## * ശാന്തശക്തി.

ഏകാന്തശാന്ത മൊരു സന്ധ്യയിലേകദാ ഞാൻ
ഗ്രന്ഥം പഠിച്ചു മതിയേററെ മടുക്കുവോളം
ലോഭാർത്ഥമായിഹ വണിക്കുകൾ തീർത്തവസ്തു
താനീ മനോഹരതയെന്നിവനന്നു തോന്നി. ൧

ക്ഷീണിച്ചു പുസ്തകമടച്ചോരിടത്തു വെച്ചു;
മിന്നുന്നൊരാച്ചെറു മെഴുത്തിരിയും കെടുത്തി;
വെള്ളിപ്രവാഹമെതിർ വിണ്ണണിവെണ്ണിലാവു
തള്ളിപ്പരന്നു തരസാ മുറിയാകെ മുക്കി. ൨

നീലാംബരം നിറകതിർക്കുലകൊണ്ടു നീളെ-
ച്ചാർത്തുന്ന ചാരുതരശാരദചന്ദ്രികേ നീ
ഇക്കണ്ട കൊച്ചുമെഴുകിൻതിരിതന്റെ നാള-
പ്രവൃത്തികളങ്ങനെയൊതുങ്ങി യൊളിച്ചിരിപ്പൂ. ൩

നിശ്ശബ്ദശക്തിയെ മറപ്പതിനൊക്കിലാമോ?
ഘോഷങ്ങളെല്ലാം മൊഴികൾ ധൂമികയെന്നപോലെ
ഗ്രന്ഥത്തിൽനിന്നു ഗഗനം വരെയങ്ങു പൊങ്ങി
ലോകാന്തരംഗമതിശാന്തിയിൽ മുക്കിടുന്നു. ൪

---

* ടാഗോർ.

# * അജ്ഞാതശക്തി.

കടന്നതെന്നാണിഹ ജീവിതത്തിൻ-
കവാടമെന്നായിവനില്ല ബോധം

* * * * *

അരണ്യമധ്യത്തിലൊരർദ്ധരാത്രി
കാലത്തു, പുത്തൻമലർമൊട്ടുപോലെ
വിചിത്രവിശ്വത്തിൽ വിരിഞ്ഞുനിൽപാൻ
ശാസിച്ചതാം ശക്തിവിശേഷമേതോ? ൧

ഔത്സുക്യമോടൊത്തഷ്ടസാമ്യരാഗ-
മാലോകനം ചെയ്തുള്ളവാകമാനം
വൈപുല്യമെന്നും വസുധയ്ക്കകം മേ
വൈദേശികഭ്രാന്തി വിളച്ചതില്ല. ൨

ആകാരവും നാമവുമററ സച്ചി-
ദാനന്ദമായുള്ളൊരദൃശ്യശക്തി
മാതാവു തന്മഞ്ജുളരൂപമാർന്നു
തൻകൈത്തലംകൊണ്ടുതലോടിയെന്നെ. ൩

സവിത്രിവാത്സല്യരസേന പുത്ര-
വക്ത്രം വലം കൊങ്കയിൽ നിന്നെടുക്കെ,
പൊട്ടിക്കരഞ്ഞീടുകിലും, പ്രഹൃഷ്ടം
പെട്ടെന്നു മറേറമുല വായിലായാൽ. ൪

ഇജ്ജീവിതത്തിൽ പ്രിയമുള്ളൊരീഞാൻ
സ്നേഹിക്കുമെല്ലോ മൃതിയേയുമൊപ്പം
അജ്ഞാതമാശ്ശക്തിയതേവിധത്തിൽ
പ്രത്യക്ഷമാം മൃത്യുവിൽ മിത്രതുല്യം. ൫

* ടാഗോർ.

## ദളകാരാഗാരം.

(കേക)

"വാസന്തലക്ഷ്മി ലീലാലോലയായ് വാണീടുന്ന
വാസരമുപക്രമിക്കാറായി ഭൂഷ്ഷാലംമേ

വാസമീദളകാരാഗാരത്തിലെന്നായ് വന്നു"
വാസന മലർമൊട്ടിമിവിധം വിലപിപ്പൂ!

ഭോശമാകാര്യ്യ്യ്യ നീ കാതരപദാത്ഥമേ
ബന്ധനംഭേദിച്ചീടും; മുകുളം വികസിക്കും

ബന്ധുരകുസുമമായ്; പൂണ്ണായുർഭോഗേനനീ-
യന്തരിച്ചാലുംവാഴും വസന്തം വ്യപേതാന്തം.

"കാലമോകഴിയുന്നു മദ്ഗതിയെന്തോട്ടെന്നോ
കഷ്ടമിയ്യിവൻതേടി പ്പോകുന്നതെന്താണെന്നോ

എങ്കിലുമറിവീല" യെന്നുതാർമൊട്ടിൽത്താപം
തങ്കമാല്പരികളും കിതപ്പുംകൊണ്ടുരകഴ്വൂ!

വാസന്തമന്ദാനിലൻ പുഷ്പസൗരഭമേ, നിൻ
വാഞ്ഛരിതം നിഗ്രന്ധമായ് കേട്ടിരിക്കുന്നുവല്ലോ.

ഇന്നിനം തിരോധാനം ചെയ്യിടാനിൻജന്മത്താ-
ലുള്ളിഷ്ടമായ കാര്യ്യം സാധുസാധിക്കുവോളം

തിമിരാവൃതമതിന്നാഗമികാലം പോലും
ഹതനൈരാശ്യംപൂണ്ടു പൂമണം കേഴുന്നേവം

"ആരുടെ കുററംകൊണ്ടാണീ വിധമെൻജീവിത-
മൊരുമ്പോളർത്ഥമേതു മില്ലാതെയായ്ത്തീന്നതും

എന്നാവിർഭാവംതന്നെ യെന്തിനാണെന്നു സൂക്ഷ്മ-
മെന്നോടുചൊല്ലാനൂഴി തന്നിലിന്നാരാലാകും!

മാനസമനുവേല മിളകിക്കളിക്കുന്ന
സൂനഗന്ധമേ ഹന്ത! നൈരാശ്യമേലായ്കനീ

ആപൂർണ്ണശോഭമരുണോദയമാസന്നമായ്:
അന്തരംസൗരഭ്യമേ സമ്മേളിപ്പിച്ചീടും നീ

അന്യമാംജീവരാശിയോടൊപ്പംനിൻജീവിത-
മന്ത്യത്തിൽഗ്രഹിക്കും നീ നിൻസത്താസങ്കല്പവും.

—ടാഗോർ

# മൂന്നു സോദരിമാരുടെ പ്രാൎത്ഥന.

(മഞ്ജരി)

അമ്മമഹാറാണി തന്മനസ്സൌന്ദൎയ്യ-
മമ്മട്ടുചിത്രൎക്ഷ പുത്രനായി,

വഞ്ചി!യെമന്നർ വഴിയ്ക്കിന്നു നയിക്കവെ,
സഞ്ചിത ധൈൎയ്യം നാം സഞ്ചരിക്കും.

ഹൈന്ദവസാഗര ശീകരസ്ഥാനത്തു
സാധിക്കാതാരുമേ ബാധിക്കാതെ

ബന്ധുവൊന്നല്ലാതെ, 'ഹിന്ദു'സമുദ്രത്തിൻ-
ബിന്ദുവെന്നല്ലാതെയില്ലാഭേദം.

വേണാട്ടു സിംഹമേ! ജാതിതൻമസ്തക-
ശോണിതംചോൎത്തുന്ന ചിത്രൎക്ഷജ!

ആദിമശംകര നാരായണന്മാർ ത-
ന്നാദൎശം തന്നാട്ടിൽ മൊട്ടിടട്ടെ!

ജാതിയില്ലാജ്ജഗത്ത ജാതകമിന്നവ-
ജ്ജ്യോതിസ്സു തീൎക്കണേ പത്മനാഭ!

മൂന്നുമേശാദ വീണമീട്ടിപ്പാട്ടു
കുന്നലക്കോനാളും കോഴിക്കോടേ;

ശ്രീമാനവിക്രമ മാഹാത്മ്യം കാലത്താൽ-
ത്തേമാനം തട്ടാത്തൊരെൻറനാടേ;

'ജാതി'യെത്തീൎത്ഥത്താൽ ക്ഷാളനംചെയ്തു; സാ-
മൂതിരിശ്രീ ഗുരുവായൂരപ്പ!

വീരപ്പെരുമാക്കൾ വെന്നിക്കൊടിനാട്ടി-
ക്കേരളഗൗരവം കാത്തനാടേ!

ഭാരതവിണ്ഡലം ഭാസുരമാക്കുന്ന
താരകപൂൎണ്ണമാം ഗോശ്രീ,നാടേ

ലന്തപറങ്കികൾ പൂന്തേൻ കൊതിച്ചാൎത്ത
ചെന്താമരപ്പൂവാമെന്റെ നാടേ!

പശ്ചിമസാഗരറാണി!, പരിഷ്കാര-
പൎവ്വതാഗ്രധരാധിപ്രതാപേ,

ആൎഷസംസ്കാരസ്ഫുലിംഗാരണിമാരാ-
മാചാരപാലകരന്തണരേ!

ശ്രീഭാൎഗ്ഗവക്ഷേത്രമെങ്ങും മുഴക്കുക
സൗഭ്രാത്രമന്ത്രത്തിൻ മന്ദ്രനാദം;

സൎവ്വസമുദായമൈത്രിയാലാകട്ടെ
സമ്മോഹനോദ്ഘോഷസ്സീൽ പുഷ്പാഞ്ജലി;

ഹിന്ദുക്കൾപൂജാൎഹ പുഷ്പങ്ങളാകട്ടെ!
ബന്ധിച്ചകോവിൽക്കവാടം പൂകി

ശ്രീവടക്കുംനാഥ! ചെന്നിൽക്കട്ടെ തൃ-
ച്ചേവടിതന്നിലടിയങ്ങളും!

# മിന്നാമിനുങ്ങി.

മിന്നിയെങ്ങുന്നു പറന്നു—ചെറു-
മിന്നാമിനുങ്ങി വരുന്നു?

പക്ഷങ്ങൾ വെള്ളപറക്കം—തെളി-
നക്ഷത്രമെന്നു നിനയ്ക്കും.

ശാന്തം! ചെടികൾക്കു മേലെ—ചെറു-
കാന്തവിളക്കുകൾ പോലെ

എണ്ണമില്ലാതെ കടങ്ങും—നിങ്ങൾ
കണ്ണുകളുക്കെത്തിളങ്ങും.

വന്മരശാഖയിലാകെ—തനി-
പ്പൊന്മയം നിൻനിറം കാൺകെ,

താനേ ജ്വലിച്ചുനിന്നീടും—നറും
സൂനങ്ങളെന്നു തോന്നീടും

പിച്ചകവല്ലിപ്പടപ്പിൽ—നല്ല-
പച്ചവില്ലീസിൻ പരപ്പിൽ,

മിന്നാമിനുങ്ങിൻനിരയോ?—കാന്തി-
ചിന്നുന്ന വൈരമണിയോ?

പൃഷ്ഠത്തിലെക്കാന്തി ലേശം—കൊണ്ടു-
കഷ്ടം തെളിഞ്ഞാകിൽ മോശം!

സൂക്ഷ്മതയില്ലെങ്കിൽ മണ്ടി—നിൻെറ
വീഴ്ചകൾ മിന്നാമിനുങ്ങി!

# സത്യവാൾ.

(നതോന്നത)

കരുണതങ്കണ്ണുനീരാൽക്കഴുകേണ്ട കഥകളെ-
ക്കട്ടുത്ത തീക്കനലിട്ടോ തിളപ്പിക്കേണ്ടു?

കാലിൽച്ചങ്ങലയും, കൈയിൽ വിലങ്ങുമായ് ഇജ്ജീവി-
ജ്ജയിൽവാസംതന്നെ വെച്ചുകെട്ടും ദാമ്പത്യം! (തമാം

പാഴ്ത്ത പടച്ചൊന്നൽപ്പോലെയുണങ്ങിയോരിപ്പാടവും
കോടക്കാറിന്നാശ്ലേഷത്താൽ കുളുർത്തുകൊണ്ടു.

താരങ്ങൾതൻ തരളാഭപോലുമില്ലാത്തിരവിന്റെ
ഘോരനിഴലിവള്ളിയിലിന്നിഴഞ്ഞു കേറി.

ക്ഷണാന്തരം നാകാലയനട്ടുമുററം കണ്ടൊരീ ഞാ-
നണഞ്ഞിതേ നരകത്തിൻ നഗ്നത കാണ്മാൻ.

കല്പവൃക്ഷക്കനി കൈയിൽപ്പിടിച്ചുറങ്ങിയോരിവൾ
കൺമിഴിക്കെക്കണ്ടതൊരു കാഞ്ഞിരക്കായോ?

തൊട്ടാവാടിച്ചെടിയുടെ ചെറുമൊട്ടാകൊല്ലെൻചിത്തം
കൊട്ടാരത്തിൻ കടുംകൂത്തും നേർത്തുനിൽക്കട്ടെ!

പ്രേമസാമ്രാജ്യത്തിലരാജകബീജം നട്ടും ജാതി-
വ്യാമർദ്ദമേ സത്യവാൾ നിൻ ശിരസ്സിൽ വീഴും!

# * ശിശു.

പിണക്കമില്ലാലസശീലമെങ്കിലും,
ക്ഷണം നമുക്കിഷ്ടമറിഞ്ഞിണക്കിടാം;
ഉണച്ച നൈർമ്മല്യവിലാസമീദൃശം
ഗുണങ്ങൾതിങ്ങുന്നൊരു കോശമാണിവൻ.

ഇളക്കമൊന്നോടിടയുന്ന മേനി, നി-
ഷ്കളങ്കമന്ദസ്മിതമഞ്ജുളാധരം,
തിളങ്ങുമാക്കൺ തന്ന കൌശലം കല-
ർന്നില്ലയെപ്പും കൌതുകമേറുമല്ലയോ?

കട്ടിലിൽനിന്നും ചെറുകാലുള്ളിപ്പോലവേ
പടുത്വമാളുന്നൊരു ശൈശവലമിവൻ
അട്ടഹാസംകൂട്ടി ജനത്തിനൊക്കെയും
കോട്ടം തിട്ടുന്ന മിഴികൾക്കൊരുത്സവം.

അനന്തസൌഭാഗ്യമെഴും കുമാരക-
നനർഗ്ഗളോല്ലാസമിതം സ്വയംകൃതം;
നിനയ്ക്കിലേകാന്തതപോലുമീയിവ-
നനല്പസന്തോഷകരം സനാതനം!

ശ്രുതിദ്വയത്തിന്നു സദാ സുധാരസ-
സ്രുതിക്കുതുല്യം ചിലപാട്ടുപാടിയും,
ഗതിക്കു നാനാവിധമോടി ക്കൂട്ടിയും,
മതിക്കു നൽകുന്നു മഹാസുഖം ശിശു.

---

* വേഴ്സ്വത്ത്

# ലോകമഹാകവി.

---

ചാരുവാഗമേറ്റു ദിവ്യകോകിലകളഗീതി
ഭാരതപ്പൂങ്കാവനമാകവേ കുളിർപ്പിച്ചു-

അനന്തകാലമായ കല്ലോലമാലയ്ക്കുള്ളി-
ലായല്ലോ; മഹാകവി മരിക്കില്ലൊരുനാളും!

വിശ്വമേ തറവാട്; വിശ്വപൌരന്മാർ നമ്മൾ;
“വിശ്വഭാരതി” വീശി ശാശ്വതമിസ്സന്ദേശം.

പാതിയേ ഭവാൻ ദേവനായിരുന്നുള്ളു പാരിൽ;
പാവനമൂർത്തേ, പൂർണ്ണദിവ്യത്വം നൽകീ മൃത്യു!

ലോക സാഹിത്യമാലയ്ക്കുമ്മാന മകുടമായ
ഹേ കവേ, ഭവന്മധുലഹരി മത്തർ ഞങ്ങൾ!

---

## മുട്ടുവിൻ! നിങ്ങൾ വീണ്ടും.

---

കേളപ്പനൂതിന്ന കാഹളം കേൾക്കവേ,
കേരളപ്പോർക്കളം തന്നിൽ നിങ്ങൾ!
തോളോടുതോൾചേർന്നു പോരാടി കൈകോർത്തൊക്കെ,
വാളോ പരിചയോ തൊട്ടിടാതെ.

പാർത്ഥൻെറ സാരഥി പാർത്തരുളീടുന്ന
പാർത്തലം ഹാ! കുരുക്ഷേത്രമാക്കി,
ക്ഷേത്രപ്രവേശന സത്യാഗ്രഹാഹവം
ക്ഷാത്രപ്രഭാവർ നടത്തി ശാന്തം!

സാമൂതിരിപ്പാടിനെച്ചാരി നിന്നീടുന്ന
മാമൂലകക്കൂറുനിന്നമ്പിക്കയാൽ,
ആയിരമായിരം ഹൃത്തട്ടിൽ മുട്ടാലും
കായാമ്പൂവർണ്ണൻെറ കോവിൽദ്വാരം

ഏതും തുറക്കപ്പെട്ടില്ലല്ലോ; ബന്ധനം
ഭേദിക്കും മുട്ടുവിൻ! നിങ്ങൾവീണ്ടും
ശ്രീവാഴുംകോടിലെ സ്വാതന്ത്ര്യശ്ശംഖൊലി
ദേവാലയത്തിൽ മുഴങ്ങിക്കേൾപ്പൂ!

രാജകല്പകോലാലും യോഗബന്ധത്താലും
ഹാ ജാതി തല്ലേററു താഴെവീണു!
മുന്നോട്ടുനീങ്ങുവിൻ! നിർഭയം നിങ്ങളു
കുന്നലക്കോനും കുഴങ്ങിപ്പോകും

സത്യത്തിൽ കൂമ്പിക്കഴിഞ്ഞ കുസുമത്തെ-
ച്ചിത്രർക്കഷ്ഭ്രചൻ വിടുർത്തിക്കാട്ടി.
അഴുവാഞ്ചേരിയും—ഹൈന്ദവധർമ്മത്തി-
ന്നാഴംകണ്ടുള്ള മഹാത്മണനവും

പൂണൂൽധരിച്ചോരും, പാവപ്പുലയനും,
പൂർണ്ണസ്വാതന്ത്ര്യത്തെ പ്രഖ്യാപിച്ചു
നീളെച്ചുരിക്കവിൻ കർമ്മഭ്രകാർമ്മേഘം
നാളെപ്പൊഴിക്കും പനിനീർവർഷം

ബന്ധനം ഭേദിക്കും; മൊട്ടുവികസിക്കും
ബന്ധുരസൂനമായ് സോദരരേ!
പൊള്ളുംസഹാറയിൽ പൂഞ്ചോല കണ്ടിടും;
മുള്ളുകൾക്കുള്ളിൽ മലർക്കളയും.

# * പുഷ്പവർഷം.

(൧൧൦൫)

പാതിരമുടിചൂടിപ്പാഴാക്കിത്തീർത്ത 'ലാഹോർ'-
പ്പാതയിൽ നെടുനീളേ പൗരസ്ത്യപുഷ്പകലവൻ
വന്മലത്തലപ്പിൻെറ തടവും തട്ടിത്തക-
ർത്തുണ്മയിലൂടെക്കൊടെങ്ങും സ്വാതന്ത്ര്യമൊഴുക്കവേ,
എന്നെങ്കോട്ടിപ്പോർത്തുച്ചുവകണ്ടതൊന്നാം പ്രാപ്യസ്ഥാനം
ത്തുംഗമിപ്പോക്കുതിരമേലശസ്ത്രസേനാനിയാർ? ൬

പാഞ്ഞെററാരോജസ്സോളും തള്ളും പോത്തലവൻ ത-
ന്നോമനത്താരോ കാൽച്ചോട്ടനം തകർത്തു തള്ളുന്നുണ്ടാം,
അനൈക്യവിതകളാൽ മുളച്ച പാഴ്മുൾച്ചെടി-
മുനയെ—പ്പരദാസ്യവിന്നയെ, പ്പരോതാമി. ൧൦

മഞ്ഞുമാമലതൊട്ടു സേതുവാമതിരിട്ട
മന്നിടമാർതൻ തോളിൽ തൻഭരമിതാചെയ്തു?
വമ്പുററായുധവഹിപ്പടനായകൻ തന്നെ-
അമ്പുറത്തേററി, ച്ചിനച്ചുണ്ടിണ്ടു തലയാട്ടി,
കുതിച്ചു പായാനോങ്ങി, കുളമ്പിന്നടിയാലേ
കുലുക്കിനില്പ്പിടമൂർഗ്ഗർവ്വാലിപ്പോക്കുതിരയും. ൧൬

---

* ശ്രീ മോതിലാൽ നെഹ്റു, ജവഹർലാൽ നെഹ്റുവിൻെറ മൂർദ്ധാവിൽ പുഷ്പവൃഷ്ടിചെയ്തതിനെ അധികരിച്ച്.

ചെഞ്ചോരച്ചൊരിച്ചിലിൽ പണ്ടുപാർന്നകന്നോരു
തേൻചോരും സ്വാതന്ത്ര്യത്തെള്ളറിഞ്ഞില്ലിവർ തേടാൻ.
പണ്ടത്തെഗ്ഗോവല്ലിന്ന ഭാരതം പാരശ്യമായ്–
കണ്ടാലും! യുവനേതൃകരത്തിൽ കടിഞ്ഞാണും. ൧൦

മുപ്പത്തുകോടിയോളമുത്സുകമുഖമൊന്നാ-
യിപ്പൊഴുതാർതൻ നവ്യോദയം സമീക്ഷിപ്പൂ?
തരുണജ്യോതിസ്സതാ യുവഭാരതനാഡീ–
നിരയിലൊഴുകുന്നു, നീട്ടററ നവജീവൻ. ൧൧

ആ മദ്ധ്യദേശം, ഗംഗായമുനാസംഗമസ്ഥലം,
ഭീമമാം ജാതിരക്ഷസ്സുവിരാണ്ടുള്ളോരിടം.
എന്നുതാൻ ഗംഗയാററിൻ താഴ്വത്തന്നിലാഴ്ത്തുൻ
ഭിന്നഭാവന നട്ടു നനച്ചു വിളകൊയ്യോ? ൧൨

ദ്രാവിഡത്തറവാട്ടു തൻകാൽക്കീഴമർത്തുവാൻ
നാമുമാനാരായവും നടത്തീ നാട്ടുതോറും?
സോദരന്മാർതൻ ചുടുകണ്ണീരും തൊട്ടുവീഴ്പ്പു-
മാടിനാംമുതൽ മുന്നിൽക്കിടങ്ങായ്, പുകയായി
കാലിണതടയവേ, കണ്ണിണ മങ്ങിക്കവേ,
ഹാ! ലോകസ്വാതന്ത്ര്യത്തെച്ചവിട്ടിത്തേച്ചീടവേ
ഐക്യത്തിൻ ചിറകറെക്കഴിഞ്ഞു കിടക്കവേ,
ശക്യമോ ശതാബ്ദത്താൽ പ്രായശ്ചിത്തം പാരിന്നോത്താൻ! ൧൩

ജാതിയെജ്ജയിയ്ക്കാതെ—മറയോൻ പറയനേ
പ്രീതിയാൽ മാറോടണച്ചശ്രുക്കൾ ചൊരിയാതെ,

ഏതൊരു നെടുവാളിൻ മുനയാൽ നേടിക്കൊൾവു
സ്വാതന്ത്ര്യം?—കലഹമിതെക്കനിലയ്ക്കുകം തടസ്സം.

ചാരുവായ്ഗഭീരമായുള്ളതൻ ഗൃഹനച്ഛാത്ത്രം
ഭാരതമഹാസഭാദ്ധ്യക്ഷ്യവുമത്തുപോലെ
ആത്മജന്നേകിപ്പണ്ടൊരച്ഛനുമുജ്ജിയ്ക്കാത്താ-
രാമട്ടു പുണ്യശ്ലോകൻ ചരിതാർത്ഥതപൂണ്ടു!

ലക്ഷോപലക്ഷം തൊഴുകൈകളും, ഹർഷാശ്രുവി-
ലക്ഷണം ഒഴുകിന കൺകളുമുന്നമയ്യോ
ഓളമേന്തിന ജനമുന്മുഖം നോക്കിനിൽക്കെ,
മാളികമുകളിൽനിന്നാത്മജമൂർദ്ധാവിങ്കൽ,
വിടുന്നു വിളങ്ങിന തൻമനം വെളിപ്പെട്ട-
പടി—പുഞ്ചിരിയൊളിപെത്തും പൂശിന പൂക്കൾ
വാരിവർഷിച്ചുതാതൻ; തലയും താഴ്ത്തിനിന്നു
കോരിയിട്ടൊരു പുതൻ ചൈതന്യമോടും പുത്രൻ.
പർജ്ജന്യദേവനാടിമാമുകിൽക്കുളുർന്നീരാൽ
നിർദ്ധമത്തിന്നമിത്ര ശക്തികൈവളത്തീലാ.

തന്നുടെ തനയരായ് ഭാരതതരുണരാ-
ത്തന്മിഴിക്കോണാൽക്കാണും മുടിചൂടാത്തമന്നൻ,
ഹാ! തവമേന്മ!—പുത്രസമ്പത്തിൻ പുണ്യോൽക്കര-
മേതൊരുത്തനമ്പിച്ചു തുവലും കുറിയ്ക്കാതെ?

4

# അന്ധതയോടുള്ള അടരാട്ടം.

---

൧

സംസാരചക്രത്തിൽ മനസ്സു ചുററി-
ക്കറങ്ങിടുമ്പോൾക്കൊടുംശീതവും,
ഉടയ്ക്കിടെഗ്ഗോയാനചെയ്തു, ശുദ്ധി-
പ്പെട്ടുള്ളവൻതന്നെ മഹാത്മമർത്ത്യൻ.

൨

കൊഴിഞ്ഞു വീണീടിനാ പൂക്കൾപോലു-
മൊഴിഞ്ഞിടാത്തുമണം നുകർന്നുമാറും;
ഇഴഞ്ഞുപോകാൻ ചെറുകീടവും കാൽ-
കുഴഞ്ഞുപോമ്മ വൃദ്ധഭംഗഭാസ്സിൽ,

൩

അക്കുള്ള സഞ്ജീവിതശാഖിതാങ്ങളോ
പുരത്തിനിന്നിപ്പു സ്ഫുരൽപ്രവാഹം?
അപ്പുണ്യസമ്പന്നപ്രമാണൻറെ തൃക്കാൽ-
പ്പൂഴിയ്ക്കുമെത്തി കൊണിക്കയില്ലേ? (യുഗ്മകം)

൪

സ്വാതന്ത്ര്യചിന്തയ്ക്കു ചിതാഗ്നിയായ
സാമൂഹ്യ വർഗ്ഗ്യം പുര ഭേദാങ്ങൾ,
ഇബ്ഭാരതത്തിൻ കിഴി വ്യൂഹാഗ്രം
തെളിഞ്ഞു കാണാതെത്ര കഴിഞ്ഞു കാലം!

൮

സ്വാതന്ത്ര്യതല്പരിനാശസ്സർ, നമ്മ-
ളശിക്ഷിതന്മാ, രസമത്വാഖിന്നർ,
അദൃശ്യരാമേതൊരു ശാസനത്താ-
ലാരവാ, നവോത്സാഹമൊടൊത്തുകൊൾവൂ!

൯

അധർമ്മമെന്ത, ന്നധികാരമല്പ്പ,-
മനീതിയെന്തൊന്ന, സമത്വമെന്തോ?
സ്വാതന്ത്ര്യമന്തഃകരണത്തിൽനിന്നു-
ണ്ടാവേശമോടുൾക്കിലുണർന്നു പാടും.

൰

അനന്തനാളായടിമത്തരത്തി-
ന്നാമർദ്ദനത്താലുയിരറ്റ ലോകം
പൊട്ടുന്ന ചെന്തീമലപോലെ പൊങ്ങി-
ജ്ജ്വലിക്കുമെന്നാം പ്രകൃതിപ്രഭാവാൽ.

൰൧

അ'ജ്ജാതി'യജ്ഞാനസമുദ്രഗർഭം
പേറുന്ന കക്കച്ചിപ്പുരതൊണ്ടുതന്നേ;
അടിച്ചുടയ്ക്കാൻ യുവഭാരതത്തിൻ-
ചെഞ്ചോര പായുന്ന കരങ്ങൾവേണം.

# തിരിക്കൂ തിരിക്കൂ നീ!

(കേക.)

പാഴിൽ നീ! പകച്ചേറിക്കൊച്ചു പാൽപ്പുഴ കൈവി-
ട്ടാഴിതന്മുഖത്തേക്കോ തുഴഞ്ഞൂ തോണിക്കാര?

തുമ്പിപ്പുണ്ണിത്തുള്ളിയാറ്റിലെയലകളാൽ
പാലിതം!—വീണ്ടുമപ്പൂനീറ്റിലോ കലക്കണ്ടു?

ഓമനക്കല്ലോലക്കൈ നീട്ടി നില്ക്കു നിന്റെ
കോമളപ്പൂന്തോണിയെപ്പുൽകിയാൽ പോരെന്നുണ്ടോ?

അലച്ചാർത്തടിച്ചേറെയലറും തിമിംഗലാ-
കുലമാം വാരിധിയാണോ നിൻ തോണിക്കാഗ്രഹം?

കപ്പലും പൊളിയുന്ന കരിമ്പാറകളുണ്ടാ-
മപ്പതിക്കടിയിൽ!—ദുസ്സാഹസമെന്തേ തോന്നി?

നീലപുഷ്കരത്തിങ്കൽപ്പൂങ്കതിർ പൊഴിസ്സരിൽ-
ക്കുഞ്ജസാലത്തിൽ കിളിക്കൂട്ടങ്ങൾ പാടീടവേ,

വെള്ളിച്ചാറണിയാറ്റിൻ വിരിമാറിങ്കൽത്തോണി
തുള്ളിച്ചാടിടുമല്ലോ! തൈത്തെന്നൽ താരാട്ടവേ,

ആരമ്യപ്രകൃതിയാലാകൃഷ്ടഹൃദയനായ്
സ്വൈരം നീ പരിസരം മുഴക്കും മൂളിപ്പാട്ടാൽ!

കൊടുങ്കാറ്റടിയില്ല; കോളിളക്കവുമില്ല;
കൊച്ചു കൈവിളക്കൊന്നാൽ ദീപ്രം നിന്മഞ്ചുതോണി!

വൈദ്യുതപ്രദീപമോ—മന്ത്രൗഷധഹൃൽക്കാമമോ—
വൈജയന്തിയോ? വഞ്ചിയില്ലതിൻ ഗതി ശാന്തം!

തിരിക്കൂ! തിരിക്കൂ! നീ തിരയിൽ കുടുങ്ങൊല്ലേ?
ചരിക്കൂ! ചേതോഹരമിച്ചെറുപുഴയൂടെ.

# * അഭിനന്ദനം.

(കേക.)

കാകളീപുളകിതം സാഹിതിപ്പൂങ്കാവന-
മാകവേ മഹാകവേ! ജയിപ്പൂ ജന്മർക്ഷം തേ.

പാഴ്‌വേനൽ നട്ടുച്ചയ്ക്കും വാസന്തവൈഭാതശ്രീ
പാകുന്നു; പ്രാവൃഷേണ്യവാരിദം വർഷിക്കുന്നു!
തൂലികയുടെ തുമ്പിൽത്തുളുമ്പും ശൃംഗാരകതി-
യാലിന്നിക്കാവ്യജാലകത്തെന്തു കാണിപ്പീല?

സാഹിത്യസാമ്രാജ്യത്തിലങ്ങയാൽ പ്രാപ്തസ്ഥാനം
മോഹിപ്പീലെത്ര രാജരാജനും മഹാകവേ,
ഉള്ളപോലുള്ളൂരിന്റെ യുത്കർഷം കുറിപ്പാനി-
'പ്പുള്ളത്തിൻ' പരിമിതതൂലിക പര്യാപ്തമോ?

എന്നുടെ കവിതപ്പൂമ്പൈതൽ തന്നിളംചെങ്കാ-
ലൂന്നുമ്പോളെത്രപാദമുദ്രകൾ മന്നിൽക്കണ്ടു?
ആമലരടിപ്പാടിന്നാദർശമായേ കാണ്മൂ
മാമക കവിതേ! നിൻ കണ്ണു മഞ്ഞളിച്ചീല!

ശൃംഗാരഭാവം പൂണ്ട പുത്രസമ്പത്താൽ പുണ്യം
'മംഗല'സ്ഥലി നേടി; മറ്റൊന്നീ'യുള്ളൂർ'നാടും

* ഉള്ളൂരിന്റെ ജന്മർക്ഷത്തെപ്പറ്റി 'ആത്മപോഷിണി'യുടെ ആവശ്യപ്രകാരമെഴുതിയത്.

നിർമ്മം ജയിച്ചാലുമർത്ഥമെട്ടംശബ്ദം-
നിർജ്ജരധ്വനിയേന്നും പരമേശ്വരകവേ!

ചാരുവാമങ്ങേക്കാവ്യത്തെളിതേൻ മേളിക്കുന്നു
മേരുവിൽ, പ്പെരിയാററിൽ; മഞ്ഞുത്തുള്ളിയിൽപ്പോലും!
ലഘുത്വം, ഗുരുവോ, ചാരണ്യവോ, സർവ്വം തവാ-
നഘഭാവനാധീനം ഹേ സിദ്ധകവിവര്യ!

സഹ്യസാനുവിൽ, ച്ചീറുമറബിക്കടൽക്കോളിൽ
സന്തതം വേത്ത് കവിതാംഗന ഗാനംചെയ്യു!
കേരളത്തിലെക്കാടാറാവ്വിയും കോടിയും
സ്വൈരമിസ്സനാതനഗാനനിഷ്യന്ദമേൽപ്പൂ!

'കേരളകാളിദാസ'നേതിരുതാരങ്ങൾ തൻ-
ചാരത്തു ചേരുമെന്നീയെഴുത്താരാശിസ്സേകി?
അദ്രിവ്യത്തേജഃപുഞ്ജം കണ്ടുമെൻ ക്ഷീണാക്ഷിക്കു
ദുർദ്ദർശമായിട്ടെത്ര ദൂരസ്ഥദൂരത്തഹോ!!

ശ്രീവാഴുംകോടിൻ കെടാവിളക്കേ! നിറകതിർ
ഭുവാകെ വീശിത്താനേ വിളങ്ങു! ഭൂയോ ഭവാൻ.

## കർഷകൻ കണ്ട കാഴ്ച.

(കേക)

കോളക്കാർച്ചുരുളിനാലംബരം മൂടക്കൂടെ
മൂരിക്കൊറാവത്തുകണ്ടു കർഷകൻ പാഴ്വേനലിൽ!

ശീകരാസാരമേററു ശീതളത്തെത്തെന്നലി-
ലാകമ്രം തഴിപ്പുല്ലുനെൽത്തലയാട്ടുന്നതും;
തുള്ളിത്തുള്ളിയാർപ്പിടന്നത്തള്ളി നീരൊലിയ്ക്കവേ,
പൊള്ളിന കേദാരോർവ്വി കോൾമയിർക്കൊള്ളുന്നതും;
വാടിനസസ്യവാടി വാരൊളി തെളിച്ചു നീ-
രാടി ശ്യാമളദളോൽഫുല്ലമായ് ലസിപ്പതും.
സഹർഷം കണ്ടു സാധു ഭാവനാഭൂവിൽനിൽക്കെ,-
സ്സഹസാ വൈഹായസരംഗരംഗികൾ മങ്ങി.

മഴക്കാറണിവിണ്ണിൻ കാന്തമാംപൂവണിനിറം
മാറിപ്പോയ്; തിരശ്ശീല തെറെറന്നു മറെറാന്നിട്ടു!
ശുദ്ധമേ ശൂന്യാകാശമാശു വാർമഴവില്ലാൽ
ബദ്ധമായുണ്ടു തന്റെ ചിന്തതൻ ചിത്രംപോലെ.

ഉദ്ദീപ്രരവിബിംബമുത്കടം മറയ്ക്കുന്ന
ദുർദ്ദിനമഥവന്നു! ദുർവ്വാരദൈവാനീതം.
വിശ്വയന്ത്രത്തിൻ തിരിപ്പിന്റെ രീതികളെല്ലാം
നിശ്ശ്വസിക്കായ്ക! മാറിമാറിയിക്കാഴ്ചകാണാം.

നഗ്നമാം നഭസ്സീങ്കൽപ്പാഴിടിയൊന്നുകേട്ട
ഭഗ്നചേതസ്സുവീണ്ടും സാഭിലാഷമായ്ത്തീൻ.

മായൂരബർഹങ്ങളെത്തെല്ലിടവിടുർത്തിച്ചു
മായുമീ മന്ദഭാഗ്യമാനുഷ! മായം മായം!
വ്യാമിശ്രപ്രകൃതിതൻ വ്യാപാരസംരംഭത്താൽ
വ്യാമൂഢൻ ചിരം ചിന്താവീചിയിൽ വിഹരിച്ചു;
അവിഭാജ്യമായേതോ ശക്തിതൻ സംഘർഷത്താൽ
വിവിധീകൃത, വിശ്വപ്രകൃതിക്കിതാ തൊഴാം!

# വാനമ്പാടി.

---

വാനമ്പാടിവിഹംഗവീര! കൗതുകം
പൂണ്ടെന്നെയും കൊണ്ടു നീ
മാനത്തേയ്ക്കു മനോജ്ഞഗായകമണേ!
മന്ദം പറന്നീടെടോ!
ഗാനത്തിന്നതിനുണ്ടു ശക്തി! നിയതാ-
നന്ദം നിനക്കേകുമാ-
സ്ഥാനം കണ്ടിടാനായുമ്പരെയ്ക്കു വഴി മേ-
കാട്ടിസ്സഹായിക്ക നീ! 1

ഹാ കാട്ടും മലയും കടന്നു നടകൊ-
ള്ളാറുണ്ടു പണ്ടൊക്കെ ഞാ-
നാകാന്തായതിനൊന്നുമിന്നു; ഹൃദയം
വല്ലാതെ വാട്ടുന്നു മേ;
ലോകാഹ്ലാദക! രണ്ടു പൂഞ്ചിറകെനി-
യ്ക്കുണ്ടായിരുന്നെങ്കിലി-
ന്നാകാശത്തയി! നിന്നോടൊപ്പമുടനീ
ഞാനും പറന്നെത്തുമേ!

ഗാനം നീയമൃതോപമം ഖഗപതേ!
പെയ്തീടവേ ദിവ്യമാ-
മാനന്ദാനുഭവം മനസ്സിലുളവാ-
യീടുന്നു മന്ദേതരം

മാനത്തേയ്ക്കു മമതയോടുകൂടി പറന്നാലും
പൊക്കിപ്പറക്കൂ! സുഖ—
സ്ഥാനം നീ തിരയുന്നതെങ്ങ, വിടെയി-
ന്നെന്നേയുമെത്തിക്കണേ! 3

ശ്രീലാളിച്ച പുഷ്പച്ഛടപോലെ മഹിതോ-
ന്മേഷസ്വഭാവംപെട്ടും
നീ, ഭാരക്കെട്ടുലകിന്റെ ശോകങ്ങളറി-
ഞ്ഞതെന്തോ ഹസിക്കുന്നിതോ?
ലീലാലാലസനാം ദ്വിജോത്തമ! നിന-
ക്കിഷ്ടം പെട്ടും കാന്തയും
ചേലാളുന്നൊരു കൂട്ടമുണ്ടു; കുശലം
ഹാ! നിൻ ഗൃഹസ്ഥാശ്രമം. 4

സ്വാതന്ത്ര്യത്തോടു സർവ്വലോകപതിയെ-
സ്വാന്തം കുളുർപ്പിച്ചിടും
ഗീതത്താൽ സ്തുതിചെയ്തു, വാനിൽ വിഹരി-
ച്ചീടും വിഹംഗോത്തമ!
സ്ഫീതശ്രീ കലരുന്ന നിന്റെ ചരിതം
ചിന്തിച്ചു ചേതസ്സിലു-
ണ്ടാതങ്കം; മമ ജീവിതം കഴിയവേ,
വാഞ്ഛിച്ചീടാം വൻസുഖം. 5

---

വേഴ്സ്വർത്ത്.

# വാടാമല്ലിക.

(കേക.)

ജയിക്ക! പരാർത്ഥൈകപരതാം ഭാരസ്ഥാന
നിയതം നീട്ടിക്കാട്ടും ഹസ്തമാമത്താണി നീ!
വാടാമല്ലികയങ്ങു വിരിച്ചിട്ടൊരു വീഥി
തേടാനിജ്ജാമാതാവു തെല്ലേറെപ്പണിപ്പെടാം.

മുക്കിലിടങ്ങോരോടെത്തു നിന്നെൻറ മൂളിപ്പാട്ടു
ദിക്കിലെങ്ങുമേ മുഴങ്ങീടുകിലിവൻ ധന്യൻ.
അതുലം സുവർണ്ണങ്ങളെൻ തുച്ചിൽത്തൂങ്ങുമ്പു കി-
ലക്കതാനല്ലോ ധനം; അതു താനെൻറ ദാനം
മററുള്ളോരുടെ ഗുണദോഷാണി വാഴ്ത്തൽമാത്രം
പാറമില്ലൊരാക്ഷേപ പാപ നിർമ്മുക്തഹസ്തം.
പൂമണമെന്തിനെങ്ങും ചരിക്കൂ, തൈതെന്നലേ!
പൂവനം പുളകിതമാക്കുക പുംസ്കോകിലേ!

അങ്ങതൻ നാമാങ്കിത'മത്താണി' കാണുമന്നര-
മെങ്ങനെ വിസ്മരിപ്പൂ ജീവിതവിശ്രമദായെ?
ധർമ്മശാലികൾ ധനാസേചനം ചെയ്വോൻ ചെടിയ്ക്കു,
നിർമ്മലഫലമൊന്നല്ലോ,ഈ കാച്ചിട്ട കാലേ!
സത്രശീഷ്ഠാരെത്ര ചൂടേറ്റുവയർ ചുട്ടം-
നട്ടുച്ചയ്ക്കൂറെയങ്ങേ നന്മയെ വാഴ്ത്തുന്നുണ്ടാം!

---

* എൻറ ശിഷ്യൻ പി. മാക്കൻസിജില്ലാധികാരി ഏറണാകുളം വഴിയിൽ നട്ടുപിടിപ്പിച്ചിട്ടുള്ള പല അത്താണികളിലൊന്നിൽ ഒരാൾ ചുമലിറക്കി ആശ്വസിക്കുന്നതു കണ്ടിട്ട്.

ജീവിതവിപഞ്ചിതൻ തന്ത്രിയിൽത്തങ്ങും നാദം;
നാവിക ദിഗ്ഭ്രമത്തെ മാററുന്ന മണിദീപം—
പണം—എങ്കിലു, മെന്തോ ചിലപ്പോൾ ചേർപ്പൂ ദൈവം
മണമാളുന്ന മാല്യം കുരങ്ങിൻ കൈയിൽപ്പോലും!
സംഭൃതാർത്ഥത്തെയേറെത്ത്യാഗാർത്ഥം നീക്കിവെച്ചു
സൗഭ്രാത്രമൂർത്തേ, ഭവാൻ നിർമ്മമകർമ്മയോഗി!
പാവിതസ്ഥലിയിതിൽ ഭാരസ്ഥപഥികന്മാർ
ത്തുവിയർപ്പണിഞ്ഞുള്ളി ത്തുടച്ചു തളിപ്പീലേ?

ജീവിതച്ചുമടേന്തിയെത്ര പേരത്താണിക-
ളീവിധം തേടുന്നുണ്ടാം, തെല്ലിട വിശ്രമിപ്പാൻ!
ആരാലൊന്നക്ഷിലക്ഷീഭവിക്കാതനവേലം
നൈരാശ്യനിഹിതരുണ്ടെത്ര പേരഹോ, പാരിൽ?
പാഴ്പ്പനൽച്ചുടുമണ്ണിൽ പാദങ്ങൾ തട്ടുന്നേരം
പാവമേ, പൊള്ളിബ്ഭാരഗൌരവാൽ തല നൊന്തും
നെട്ടവീർപ്പിട്ടവരെ തങ്കയ്യാൽത്താങ്ങിയാരോ
വിട്ടന്നുതണലിങ്കൽ, അപ്പുണ്യരൂപൻ വെൽക!
സോദരർ ചുട്ടുംനെടുവീർപ്പുകൾ വിട്ടീടട്ടെ;
സ്വേദത്തിൽക്കുളിക്കട്ടെ; കാൽനൊന്തു കഴ്ണിക്കട്ടെ—
വീഴുവാൻ പങ്ക വേണം; പൂശുവാൻ പനിനീരും;
വിശ്വമേ, സ്വാർത്ഥത്തിൻെറ വിത്തായി മാറീ വിത്തം!
നതജീവിതയാത്രാവീഥിയെ വിളക്കുവാൻ
നിതരാമിവർക്കൊരു നേർത്ത കൈത്തിരിപോരും!
അദൃശ്യമൊരുകരമൊടുവിൽത്താങ്ങാനുണ്ടാം;
അദൃഷ്ടോദയം കാണാം; ആശ്വസിക്കുവിൻ നിങ്ങൾ!

---

## 15

# കെണിയിൽപെട്ട കിളിക്കുഞ്ഞു്.

(മഞ്ജരി)

൧

ചന്തോ തൈക്കൊമ്പത്തു മാമ്പഴച്ചാർത്തുള്ള
ചിന്തയിലേതും ചിലയ്ക്കുന്നില്ല;
തേങ്കനി കൊത്തുവാൻ കൊക്കുയർത്തുന്നീല;
പൈങ്കിളി തൻ കണ്ഠം പൊട്ടിപ്പോയോ?

വിണ്ടലവീഥിയിലിമ്പം ചിറകാണ്ടു
മണ്ടുകയാണെന്നേ കണ്ടാൽ തോന്നൂ
പണ്ടത്തെ പാടിയും പൂഞ്ചിറകിന്നടി-
കൊണ്ടാട്ടു താളം തകർത്തും തന്നേ
പാരണനാരാണിക്കു് ഖഗ ദമ്പതിമാരിപ്പോ-
ളൂണില്ലുറക്കില്ല പാവം! പാവം!

തന്നിലെളിയോരിൽ താഡനം പീഡന-
മെന്നിതിലാമോദം കാണും മർത്ത്യൻ
ഉൾത്തട കാഠിന്യം തള്ളവേ, കല്ലായും
ഉന്നം പാർത്തുകേറു മുണ്ടയായും;
എത്രനാളിക്കുഞ്ഞിന്നച്ഛനമ്മയും
വിത്രസ്തരായിക്കഴിഞ്ഞിരിക്കാം?

---

൧. ആമോദം=സന്തോഷം. മനുഷ്യൻ ഉള്ളിലുള്ള കാഠിന്യം ചിലപ്പോൾ കല്ലായും ഉണ്ടയായും പുറത്തേയ്ക്കു തള്ളുന്നു. അതായത്തു് പക്ഷികളെ കല്ലിട്ടെറിയുകയും വെടിവെച്ചുകൊല്ലുകയും ചെയ്യുന്നു. വിത്രസ്തർ=ഭയപ്പെട്ടവർ. വിഹംഗപ്പൈതൽ=പക്ഷിക്കുഞ്ഞു.

തൻ പൈതൽസ്സുഖത്തും കാത്തുകിടക്കയാം
തൻപ്രാണനല്ലീ പിടഞ്ഞുകാണ്മൂ!
മൎത്ത്യന്റെ മേൽക്കോയ്മക്കിട്ടൊരതിരായ
വിസ്തൃത നീലമേലാപ്പുനോക്കി
താരിളം പക്ഷങ്ങളിട്ടു പിടയ്ക്കുന്നു
ധീരതവിട്ട വിഹംഗപ്പൈതൽ.

൨.

തള്ളപ്പുറവതൻ ശാന്തഹൃദയത്തിൽ
തള്ളുന്ന ചിന്ത നാം തപ്പിനോക്കാം
"പൊങ്കുഞ്ഞിൻ പൂവൽ മെയ് വേദനിപ്പിക്കുന്നോ?
തങ്കച്ചെങ്കാലിനെ ബന്ധിക്കുന്നോ?
നുള്ളി നോവേല്പിക്കൽ നേരമ്പോക്കായൊരി-
പ്പിള്ളരെക്കാണുമ്പോൾ പൊള്ളുന്നുള്ളം!
'അമ്മേയെന്തമ്മയെൻ ചാരത്തു ചേരാത്തു?
നിൻമെയ്യ് കാൺമീലൊന്നുമൊപ്പൂക്കരിമ്പൂ!'
പേടിച്ചിളംപൈതൽ മെയ് വിറക്കൊണ്ടേവം
തേങ്ങി പിളുത്തിപ്പറകയാവാം.

പൈതലിൻ ചെല്ലക്കാലുള്ളോ കുഴയുന്നോ?
പൈദാഹംകൊണ്ടു മെയ് വാടിയാലോ?
പാഞ്ഞൊന്നു ചെന്നാലോ? പാപികൾ ചുഴററ
പാവമെൻ പൈതലെപ്പൂണ്ടാവൂ ഞാൻ.
എത്രയോ ദൂരത്തു തീൻ തേടിപ്പോയി ഞാൻ
പത്രങ്ങൾ പാടെ കുഴഞ്ഞൊരിക്കൽ

---

൧. വെറുതെ നുള്ളി നോവിപ്പിക്കുന്നതാണ് കുട്ടികളുടെ വിനോദം. അങ്ങനെയുള്ള കുട്ടികൾ പക്ഷിക്കുഞ്ഞി

ഓമനേ! നിൻ ചെറുവായിൽക്കൊണ്ടേകീലേ
പൂമധു തോൽക്കുന്ന പൂവൻപഴം?
കാകനുമിത്തത്താനും തമ്മിൽക്കലഹിക്കേ
കാതരനാദംകേട്ടന്നെൻകാന്തൻ,
വെക്കം പാഞ്ഞെത്തി വേടശ്ശ്വാംപോലെ
തക്കത്തിൽ പോരാടിത്തട്ടിവീഴ്ത്തി,
ചക്കപ്പഴച്ചുള തൻ കൊക്കിലാക്കി, നിൻ-
ചഞ്ചുവിൽവെച്ചതുമോർക്കുന്നു ഞാൻ.”

൩.

മാടപ്പിറാവിനായ് മെയ് ചീററ മന്നവൻ
കൂടപ്പിറപ്പുകളല്ലോനിങ്ങൾ!
കൂട്ടമായ് കൂകിപ്പോം കാട്ടരയന്നത്തെ-
ക്കൂരമ്പുകൊണ്ടാരോ വീഴ്ത്തിക്കാൺകേ,
ചെമ്മലർച്ചേലുററ തൃക്കൈയാൽ ചെന്നെടു-
ത്തുമ്മ വെച്ചാരുടൻ ശുശ്രൂഷിച്ചു?
നോവെന്നതെന്തറിയാത്താബ്ബാലകൻ
പൂവൽക്കരത്തിൽ കടത്തിടനാക്കി
കൂമ്പിൻ തുമ്പൊന്നാപ്പക്ഷി ചൊറുത്താരു
പാരിച്ച നോവു പരീക്ഷിക്കവോൻ.
കണ്ണുനീരോലോലവാർത്തു കാണെയുമോ-
യുണ്ണിയുൾത്താപമൊതുക്കിടാതെ

---

നെ വെറുതെ വിട്ടുമോ? ത്രോടി=കൊക്ക്. കാതരനാദം=ഭയപ്പെട്ടശബ്ദം. ചഞ്ചു=കൊക്ക്.

൩. ശിബിചക്രവത്തി പിറാവിനെ രക്ഷിക്കുന്നതിനുവേണ്ടി ശരീരത്തിലെ മാംസം അറുത്തുകൊടുത്തു. ബുദ്ധ

സദ്ധർമ്മപാലനാസിദ്ധാത്മബോധന-
മിദ്ധാത്രി പെററൊരു ചൈതന്യമല്ലേ?
സോദരീ സോദരന്മാരില്ലേ നിങ്ങൾക്കു
വേദനിപ്പിക്കൊല്ലേ വിട്ടയപ്പിൻ!

രണ്ടടി വെച്ചത്ര പിന്മാറി മർത്ത്യനെ-
ത്തീണ്ടായ്‌വാൻ, വിശ്വാസഘാതകനെ
വെള്ളച്ചിരിയില്ല, വേഴ്പ്പുകിട്ടില്ല,
കൊള്ളയുമില്ല, കൊലയുമില്ല,
പൂന്തേനൊഴുകും മയക്ക വാക്കില്ല, പൊൻ-
ഭ്രാന്തുപിടിച്ചുള്ള പാച്ചിലില്ല.
സാരള്യസമ്പത്തേ! ശാന്തിതൻ സത്തേ! സ-
ഞ്ചാരിണി സംഗീതധാരേ വെൽക!

*        *        *        *

പക്ഷികൾക്കുള്ളിലും പാരിലും വാനിലും
തൽക്ഷണം കുളിരുൾ തള്ളിക്കേറി.

---

ദേവൻ അമ്പേററ അരയന്നത്തിന് എത്രത്തോളം വേദന യായെന്നറിവാൻ ആ അമ്പെടുത്തു തൻെറ ശരീരത്തിൽ തറച്ചുനോക്കി.

## അടിമക്കച്ചവടക്കാർ.

---

(നതോന്നത)

മെയ്‌നിണപ്പാടേല്പാൻ നാളെ-
ക്കച്ചകെട്ടിക്കൊണ്ടാശാല-
ക്കൈക്കനിവിയിലെഴും
യുവച്ചേവകന്മാരേ,

തോക്കിന്മുഖത്തെത്തിനോക്കും
വിപത്തിനെക്കളിത്തോഴ-
നാക്കി മുന്നോട്ടടി വെയ്പ്പിൻ!
മുറിവേൽക്കട്ടെ!

ചെങ്കവിളിൽബ്ഭയപ്പാടിൻ
ചേറുപുരളല്ലേ ചെറു-
“മെങ്കിൽ”പ്പദം ഭീരുതതൻ
പ്രഭേദമല്ലോ.

വാടാപ്പൂകൾ പെരുമകൾ
നേടാനൊരുങ്ങുവിൻ! തോട്ടാ-
വാടിച്ചെടികളായ്ജ്ജന്മം
വഷളാക്കൊല്ലേ,

വിപരീതശക്തിയോടു
വീരോചിതം നേർപ്പിൻ! നിങ്ങൾ-

ക്കുപരിയായൊരു
ശക്തിയുലകിലില്ല.

വെളിയിലല്ലുൾക്കോവിലി-
ലുജ്ജ്വലിക്കും സാക്ഷാത്സത്യ-
ത്തെളിനൈവിളക്കിൻനാളം
തേടിക്കാണുവിൻ!

അടിമക്കച്ചോടക്കാർതൻ
സ്ഫുടാക്ഷരപരസ്യങ്ങൾ
നെട്ടനീളെ നിങ്ങൾ കാണു-
മനാചാരങ്ങൾ—

കീറിപ്പറിച്ചെറിയുവിൻ!—
സ്വർഗ്ഗീയമാം സ്വാതന്ത്ര്യത്തെ-
ത്തീറുവാങ്ങാൻ കെട്ടിത്തീർത്ത
കള്ളാധാരങ്ങൾ—

അസംസ്കൃതി, സ്വധർമ്മത്തി-
ന്നധികാരമുൾക്കത്തി-
ന്ന സമാനകച്ചെങ്കോലിനെ-
ച്ചേറ്റിൽപ്പൂഴ്ത്താം,

ഉറത്തുപാടാനും സ്വാദേ -
ദാസമാക്കാനല്ലോ, നിങ്ങ-
ളുറപ്പേറുമുൾത്തടത്തി-
ന്നടമകളാരോ?

കലാശാലക്കരുവിന-
ത്തരം കരൾ തുടങ്ങളെ-
ക്കടേററു വാൎത്തുകാട്ടാൻ
കരുത്തില്ലെങ്കിൽ,

എന്തിനായെൻഭ്രാതാക്കളേ,
ജീവിതപ്പൊൻപ്പുലരിതൻ-
ചന്തം നിങ്ങൾ പാഴാക്കുന്നു
സ്വന്തം കൈയാലേ?

നിങ്ങളിലിന്നുറങ്ങുക-
യാകാമൊരു 'സഖാ സ്റ്റാലിൻ'
മങ്ങിമങ്ങിയൊരു "ലിങ്ക"
നൊരു "താഗോറും"

ഒന്നു തട്ടിയുണൎത്തുവി-
ന്നതാദൎശത്തിലൂന്നി-
നിന്നാൽക്കാണാം മുള്ളി-
നുള്ളിൽ മലൎക്കുലകൾ!

---

## നാരിയും കിനാവും.

(മഞ്ജരി)

ഓമലേ, ഭൂലോകശില്പിതൻ കല്പനാ-
സാമർത്ഥ്യം മാത്രമോ നിന്റെ രൂപം?
മാനവന്മാരേറെ മാനിച്ചവരുടെ
മാനസ സൗന്ദര്യം നിന്നിൽച്ചേർപ്പൂ!

നാനാകവികളും കല്പനാസൂത്രത്താൽ
സൂനാംഗി, പൂന്തുകിൽ നെയ്യുന്നുതേ
ധീരരാ, മാലേഖ്യകാരരുമോരോരോ
സാരസ്യസമ്പത്തിൻ വമ്പുപോലെ,

ഭൂരിരുചിരം നിൻരൂപത്തിനേകുന്നു
ശാരികാഭാഷിണി, ശാശ്വതത്വം
ഹേമം ഖനികളും മുത്തുകളാഴിയും
ഹേ മനോഹാരിണി നൽകുന്നതേ.

നീലനിബിഡ സുവേണിക്കണിമലർ-
മാലകൾ നൽകുന്നു മാധവനും

ബാലേ സുരഭില ഭാസുരയൗവനം
ചാലേ വികസിക്കും നിന്റെ മേലേ
പേർത്തും തരുണാളിയെത്രപൊഴിക്കുന്നു
ശ്രോത്രപീയൂഷമാം സ്തോത്രജാലം!

മേദിനിതന്നിൽ മേ പാലിനീ നാരിയും
പാതികിനാവുമായ് ഒന്നീടുന്നു!

ടാഗോർ.

# പൂഞ്ചോല.

ലോലമായ തിരമാലയാർന്ന പൂ-
ഞ്ചോലയൊന്നിത! വിലോചനാമൃതം
ബാലവായു വിഹരിപ്പതാമിതിൻ-
കൂലമാം കവികുലോത്സവസ്ഥലം. ൧

കോടിചേർന്നൊരു ശിലാതലങ്ങളും,പൂ-
വാടിവൃന്ദമിവയുള്ളിടങ്ങളിൽ
തേടിടും കുതുകി ചിത്രകാരനും
ചാടിടുന്ന തവ ചാരുവാംഗതി. ൨

മായമോടു മിഴിനീരൊഴുക്കുചാ-
ഛായമാംസളകപോലപാളിയും
ആയതേക്ഷണവു,മശ്രുധാരശീയാം
കായവും തവ തരുന്നതില്ല ഞാൻ. ൩

രക്തമാംസമയമായ മെയ്യിലും
രമ്യമാവരണമാർന്ന പാവനം
ദിവ്യചേതന വസിപ്പു നിന്നിൽ! നീ
ഭവ്യനാണു നിയതം നിരാമയൻ. ൪

വേഴ്സ്വത്ത്.

# ആററിൻ കരയിൽ.

തൈക്കടിങ്ങ്‌മുഖത്തിലേയ്ക്കു തെന്മലരിന്മണം വീശി-
ച്ചിക്കൊണ്ടൊരു ചെറുവായു തിര ചിന്നിടുന്നു,

പശ്ചിമപ്പൂന്തിങ്കൾ 'പെരിയാററിൽ' കതിർമാല ചാർത്തി-
പ്പുഞ്ചിരിക്കൊൾകയോ, പൂഴിവെൺവിരിപ്പട്ടിൽ, ൨

പൂഞ്ചോലയലഴിച്ചു ചിന്നി, കാറിൽ മിന്നൽക്കളിപോലെ-
ക്കാഞ്ചനക്കൈവിരൽകൊണ്ടു വേർപെടുത്തിയും;

തിരക്കൈകൾ നെയ്യുന്ന വെണ്ണുരഞ്ഞെറി കാററിലാററിൻ-
കരപ്പൂടവിയിലാട്ടം കളികൾ കണ്ടും; ൪

സുഹാസിനിയിരിക്കുന്നു. പൂനിലാവിൻ പകപ്പോ? വെൺ-
വിഹായസ്സിൽ വിഹരിക്കും പിടപ്പിറാവോ?

മന്നിടത്തെ വിണ്ണിൻ കൊച്ചുമകളാക്കിത്താരാട്ടുന്ന
മന്ദസമീരണസഖി സുഖസ്വപ്നമോ?

മിഴിമുനകൊണ്ടു യോഗമുദ്ര മുറിക്കുവാൻ തക്കോ-
രഴകില്ലെന്നാലുമവൾ സുമുഖിതന്നെ

കുലവധൂതന്മുഖത്തിൽ കാണാമൊരു കുളുർഹാസം-
പുലർകാലമലരിലെ മസൃണകാന്തി— ൮

വാർതിങ്കളിൻലേഖ വാനിൽത്തിളങ്ങവേ, താരങ്ങൾ ത-
ജ്ജാതി ചോദിക്കില്ലെ,ന്നാലും——കൈവർത്തകന്യ.

ചേലച്ചുഴികളിൽ ച്ചെറുമണൽ വാരിച്ചിതറിയും,
നീലക്കറുനിരകളെ നൃത്തമാടിച്ചും, ൨൦

ചരിച്ചു നീമണിത്തെന്നൽ ചാഞ്ഞുലഞ്ഞു ചാരേ നിൽക്കും
ശിരീഷത്തിൻ പൂക്കൾ ശീർഷോപരി പൊഴിച്ചും.

കാർമ്മുകിലിൻ പൊളിയൊന്നു പൊട്ടുന്നനെക്കാററടിച്ചു
വാർമ്മതികലയെ വന്നു മറഞ്ഞുനിന്നു. ൨൪

മ്ലാനയായ വിണ്മങ്കതൻ വേഷപ്പകച്ചുകൾ കാൺകെ,
മാനസത്തിലല ചിലതടിച്ചു ചിന്നി:—

## ഒരു ഉദ്ബോധനം.

മന്ദം മന്ദം മലയപവനൻ വീശിടുന്നു; പരംസ്വ-
ച്ഛന്ദശ്രീയായ് സപദിവിലസീടുന്നിതാകാശദേശം
വന്ദ്യന്മാരാം സുമതികളിതാമുല്ലസിക്കുന്നു; ബോധാ
നന്ദം നല്കും സമയമിതിലാണീഴവശ്രീസമാജം.

ഇക്കാലം നമ്മളെല്ലാം പുരന്മാരുപാടിൽ കോ-
ത്തരത്തങ്ങളേപ്പോ-
ലുൾക്കാമ്പിൽ കൈതവം വിട്ടൊരുമയൊടുനട-
ന്നെങ്കിൽ നാം നാട്ടുകാരേ!
ഉൽക്കർഷക്കോണിയിന്മേൽ പടിപടികയറാമെന്ന
മിസ്സംഘവൃക്ഷം
ദുഷ്ടാചാരക്കാററു തട്ടിക്കടയിളകിമറിഞ്ഞീടുമാ-
പ്പേടിവേണ്ടാ.

നിരുപമതരതേജോരാശിനാരായണശ്രീ
ഗുരുമണിവിലസുമ്പോളെന്തിനാണന്ധകാരം?
ഒരുമയൊരുമയെന്നീക്കാഹളം നാം വിളിച്ചാൽ
വിരവൊടുസമുദായൌന്നത്യയുദ്ധം നടത്താം.

# ഒരു ആദർശനേതാവ്.

ഏതാളിൽ മേളിയാട്ടുന്നിതു-മഹിതമനഃശുദ്ധി
ബുദ്ധിപ്രഭാവം,
സ്ഥിരാത്മപ്രത്യയത്തിൽ സ്ഥിരതയൊടു പടു
ത്വമുള്ള കർമ്മക്ഷമത്വം
നേതാക്കന്മാർക്കു വേണ്ടും ഗുണമിവ "മിതവാ-
ദി"ശനിര*രല്ലോവി-
മാതാവിൻ മാഞ്ഞിടാത്തുള്ള മലർത്തിലക, മീ-
മിസ്റ്റർ കൃഷ്ണൻജയിപ്പൂ

"സ്വാതന്ത്ര്യത്തിന്നു വിദ്യാഭ്യസനം, മേധബലം
നേടുവാനേകയോഗം"
വീതസ്വാർത്ഥം വിശാലാശയനരുളുമതീ
ദ്രിവ്യമാദർശവാക്യം.
ഈ തത്വംമുൻനിറുത്തി പ്രലപിയ്മതലോ-
ത്സാഹമാളും മഹാന്മാ-
പ്രീതന്മാർ നമ്മൾ പൌരപ്രതിനിധിനില
യിൽ സ്വാഗതം ചെയ്തിടേണം.

സ്വരാജ്യത്തിൽ ക്ഷേമം സകലസമുദായോന്നതിസമം
വരാതെസ്സാധിക്കില്ലിതികരുതിയെത്തിപ്പോരുമഹാൻ
പരാർത്ഥം തന്നർത്ഥം സമമിവരഹോമിക്കുമമലൻ
നിരാക്ഷേപം ശോഭിക്കുക നിയമനിർമ്മാണസഭയിൽ

# സുവർണ്ണജൂബിലി.

---

സരസ്വതീക്ഷേത്രത്തിന്റെ നള്ളുറന്നംബാലത്തി-
ലിരമ്പുന്ന മണിനാദമെച്ചുകേൾക്കേ,
ജാതിമതഭേദമററിന്നരനൂററാണ്ടായി ദേവീ-
പ്രീതിനേടാനുപാസകരേറീടുന്നു.

കാലിമേക്കാലും കലപ്പയുമററി വട്ടുകെട്ടും കയ്യിൽ-
ത്തൂലികത്തൂമ്പവത്തിക്കൊണ്ടെങ്ങൻ ഗ്രാമീണബാലൻ
കലാശാലാന്നിലം നീളെയുഴുതുമറിച്ചു കാലേ
വിലപ്പെട്ടും സംസ്കാരമാം വിളകൊയ്യുന്നു.

കലാലയത്തുക്കോവിലിൻ കൈത്തിരികളെത്രയോ പരി-
സരകിലെ തിരുമുറ്റത്തിൽ വെളിച്ചംവീശി!
ഭാരതത്തിൻ പാരതന്ത്ര്യച്ചങ്ങലതൻകണ്ണികളെ-
ദ്ദൂരത്തറുത്തെറിയുവാനുക്കമേറപ്പും,

മാർഗ്ഗവക്ഷത്തെത്തമ്മട്ടും കാട്ടുപടലുകൾനീക്കി
മാർഗ്ഗം വെട്ടിത്തെളിയിപ്പാൻ കൈയിൽമഴുവും,
കടംവാങ്ങിക്കഴിയുന്ന കൈരളിക്ക ഗദ്യപദ്യ-
കനകമെയ്ച്ചാർത്തിപ്പാനുള്ള കഴിവും,

വീരതായേ, വിക്ടോറിയാ കലാശാലേ, മക്കൾക്കേകി-
പ്പോരും തവതിരുവരസ്സമ്പതായല്ലോ.
“എൽസ്വത്തി”തൻകലാലയ ബാലാംഗനഡോക്ടർ
സവൂർ
തൻസവിധേ ബലിഷ്ഠയായ്, പ്രൗഢയായ് നിൽപ്പൂ!

രാജ്യയന്ത്രത്തെയ്ട്ടതിരിക്കുന്ന ബാഹുക്കൾക്ക
ചുരന്നനിന്നമ്മിഞ്ഞപ്പാലല്ലേ കൊല്ലേകി?
ചെറുകീടം നിൻ ചുമരിൽച്ചെന്നാൽ ചിത്രശലഭമാ-
മിരുകൈയുള്ളവൻ ചതുർബാഹുവുമാകും!

ഔദാര്യത്തിൻവളർച്ചയെ, ജ്ജീവിതത്തിനുയർച്ചയെ-
സ്സാദരംകാട്ടുന്ന സർ. എം. തോരണം നിൽപ്പൂ!
അതിൻകീഴെക്കടന്നുപോയ് വിദ്യാധനം വാരിക്കോരി-
ക്കവിക്കുന്നകുട്ടികളെ നിശ്ശബ്ദം നോക്കി!

കളിമണ്ണുകൊണ്ടാലയ കുലാലചക്രത്തിൽക്കുഴ-
ച്ചോളിമിന്നും പാത്രസൃഷ്ടിചെയ്യോനിഞ്ഞാനും
പതിനേഴാണ്ടായി നിന്നെപ്പരിചാരകന്റെ മട്ടിൽ
പതിവായിസ്സേവിച്ചു ഞാൻ പരവശനായ്.

ജീവിതം ഞാനുഴിഞ്ഞിട്ടുണ്ട് മാതൃഭാഷാരസായനം
സേവിപ്പാനും കുട്ടികളെസ്സേവിപ്പിക്കാനും

വിദ്യോതിക്ക! വിക്ടോറിയാകലാശാലേ! വിജയിക്ക!
വിദ്യാമൃതസംത്രപിണി! വീരജനനി!

(പാലക്കാട്ട് ഗവ: കോളേജിന്റെ)

# മഹാകവി ഉള്ളൂർ.

ഓടിക്കേറീ സുഭാഷാവിടപിയിലൊരു നാ-
ളൊന്നു മോരാത്ത ബാലൻ
പാടിക്കൊണ്ടങ്ങിരിപ്പുണ്ടൊരു പരവശതിൻ
പാട്ടു ഞാൻ കേട്ടുനിന്നു
അടിപ്പോയെന്നകക്കാമ്പ, ത്തുമുതലിതുനാ-
ളോളമമ്മട്ടുനോക്കി-
പ്പാടീടാറുണ്ടു ഞാനും—പരഭൃത! മധുമാ-
സങ്ങളിങ്ങിത്രവൈകുന്നോ?

൨

ഇല്ലേറെസ്സാഹിതീസേവകരിതുവിധ, മി-
ല്ലേറെ—"യുള്ളൂർ"കവീന്ദ്ര-
ക്കല്ലേ! നിസ്സ്വാർത്ഥ സംസേവനമൊടു വിലട്ടു-
പ്പിയ്യൂമെ പ്രാച്യഭൂവിൽ
മെല്ലെപ്പിന്നിട്ടു കാവ്യാദ്ധ്വഗ! മരുമണലും;
മാദൃശന്മാർ വോന-
ന്തില്ലേ പച്ചക്കുളിർക്കാവുകൾ? അറുപതില
ങ്ങഗ്ര്യപീഠം കരേറി.

൩

ഉള്ളൂരിന്നില്ലവേറെപ്രണയിനി—കവിതാ-
കാമിനിത്തയ്യലാളേ-
യുള്ളൂ—കാന്താജിതൻതാൻകവി, ഹൃദയമവൾ
ക്കർപ്പണം ചെയ്തുപാരേ;

തള്ളൂ! തള്ളൂ! മഹദുദ്യോഗികപദവി, യതിൽ-
ക്കാണ്മതാം വിട്ടു മറ്റെ-
ന്തുള്ളൂ?—കാവ്യാംഗനാലിംഗന മഹഹ! സ്വ-
ർണ്ണാത്മ ശയ്യാപ്രിയാനാം!

൯

ആശാനാധ്യാത്മ സാരസ്വതസുധയിയെ യെഴ-
ക്കുന്ന പാഴ്ച്ചിരിതോറും;
വള്ളത്തോൾ വർണ്ണവാദ്യോടനുപമമൂലകിൻ
ബാഹ്യചിത്രം വരപ്പൂ;
ഉള്ളൂരീയാഷ്ട്രഭ്രപിൻ ശമമുടയ കൊട-
ത്തിൽപ്പൊരിക്കൂട്ടമൂരി-
ക്കത്തിച്ചാകാവ്യമെല്ലാമൊരു നവയുഗസ-
ന്ദേശമിന്നേകിടുന്നു.

൰

അങ്ങേടൂഴ്വോര സദാപാസനയിനി മലനാ-
ട്ടിന്റെ മൺപാന്ഥപൂവെ,
പൊങ്ങിപ്പോയ്! വിശ്വസാഹിതി മട്ടമലർമാ-
ല്യത്തിലൊന്നായ്ച്ചമഞ്ഞു!
അക്കാവ്യക്കാഴ്ച ജീവൽക്കവിവര! പുതുതാ-
മുത്സവം തന്നെ ഞങ്ങൾ-
ക്കെക്കാലത്തും മനോഹാരിത കുറയുകയി-
ല്ലങ്ങൊരുമ്മാനസൂനം!

# വൈദ്യപുസ്തകങ്ങൾ.

| | രൂ. | ണ. |
|---|---|---|
| ചക്രദത്തം | 5 | 0 |
| ശാർങ്ഗധരസംഹിത | 3 | 0 |
| ആയുർവ്വേദപ്രകാശിക ൧ഭാഗം | 2 | 4 |
| ,, ൨-ാംഭാഗം | 3 | 0 |
| ,, ൩-ാംഭാഗം | 2 | 4 |
| കുഷ്ഠരോഗസിദ്ധചികിത്സ | 1 | 2 |
| പ്രമേഹരഹസ്യചികിത്സ | 1 | 2 |
| ആസവാരിഷ്ടയോഗമഞ്ജരി | 0 | 12 |
| അരിഷ്ടാസവചിന്താമണി | 0 | 15 |
| വാതരോഗചികിത്സാസംഗ്രഹം | 0 | 12 |
| വൈദ്യമനോരമ | 1 | 14 |
| വീരസിംഹാവലോകനം | 2 | 4 |
| സർവ്വരോഗചികിത്സാരത്നം | 3 | 0 |
| ഭാവപ്രകാശം പ്രഥമഭാഗം | 2 | 4 |
| ,, ദ്വിതീയഭാഗം | 2 | 4 |
| ,, തൃതീയഭാഗം | 2 | 4 |
| കക്ഷ്യബന്ധു (കന്നുകാലിരോഗചികിത്സ) | 0 | 12 |
| വിഷവൈദ്യസാരം ഭാഷ | 0 | 15 |
| സഹസ്രയോഗം | 1 | 6 |
| യോഗരത്നപ്രദീപിക | 2 | 4 |
| ആരോഗ്യകല്പദ്രുമം ബാലചികിത്സ | 5 | 4 |
| യോഗരത്നാകരം ൧-ാംഭാഗം | 2 | 4 |
| ,, ൨-ാംഭാഗം | 2 | 4 |
| ,, ൩-ാംഭാഗം | 2 | 4 |
| ,, ൪-ാംഭാഗം | 2 | 4 |
| വൈദ്യസംഗ്രഹം | 1 | 2 |

മാനേജർ, വി. വി. പ്രെസ്സ്, കൊല്ലം.

## പുതിയ നോവലുകൾ.

| | രൂ | ണ. |
|---|---|---|
| രാധ 1-ം 2-ം ഭാഗം | 3 | 0 |
| അജ്ഞാതരത്നം ഒരു ഗദ്യപ്രബന്ധം. | 0 | 12 |
| നീലാംബുജം | 1 | 2 |
| കർമ്മഭൂമി | 1 | 8 |
| രുഗ്മിണീഭായി | 1 | 2 |
| കീർത്തികേസരി | 1 | 5 |
| കായംകുളംയുദ്ധം | 0 | 12 |
| വീരബലി അഥവാ വയ്ക്കം പത്മനാഭപിള്ള ഒരു പ്രഹസനം | 0 | 12 |
| ഇന്ത്യൻ മുസ്ലിം മഹാറാണിമാർ | 1 | 2 |
| കമലം | 1 | 2 |
| നാരദകലഹാമൃതം | 0 | 15 |
| ലക്ഷ്മിഅമ്മാൾ | 2 | 0 |
| വിശാഖൻ | 1 | 14 |
| ജയകേസരി | 1 | 8 |
| അനന്തമോഹനഭാസ് | 1 | 14 |
| മേജർ മാധവൻനായർ | 1 | 2 |
| കോമളസൌധം | 1 | 8 |
| ശാരദ രണ്ടാംഭാഗം (പയ്യംപിള്ളി) | 2 | 4 |
| പ്രേമലത | 0 | 12 |
| ദാക്ഷായണി | 0 | 12 |
| രജനി | 0 | 12 |
| നാണമ്മ | 0 | 9 |
| പ്രകാശം (മുൻഷി) | 1 | 8 |
| സുപ്രഭ ൧-ാംഭാഗം ,, | 1 | 4 |
| ടി ൨-ാംഭാഗം ,, | 1 | 4 |

മാനേജർ, വി. വി. പ്രസ്സ്, കൊല്ലം.

DHARMARAM LIBRARY
BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00070377*
T61 P18

മഹാകവി

# പള്ളത്തിൻെറ കൃതികൾ



## 1–ാം വാല്യം

V. V. PRESS,
QUILON

Rs. 3

Indic Digital Archive Foundation
gpura.org